

Mathrubhumi Yathra The Complete Travel Magazine

# മാതൃഭൂമി യാത്ര

August 2020 | ₹ 60

## അഴകേറും അകലാപ്പുഴ

- കാട്ടിലെ തെയ്യം
- ഇടമലക്കുടി
- കാനായി കാനം
- പുണ്ഡരീകപുരം

**Photo Feature**
നാഗക്കളം പാട്ട്

**Heritage**
- ഡിണ്ടിഗൽ
- വസായ് കോട്ട

**Trekking**
പൂൺഹിൽ

**Wildlife**
- മയിലഴക്
- കടുവക്കുറുമ്പ്

**City Tour**
കുംഭാർവാഡ

## Journey Around Kerala

Mathrubhumi Yathra - The Complete Travel Magazine - August 2020




ABC EMPORIO

THE ORIGINALS THE BEST THE LATEST


Opp. Lulu Mall, Toll Junction, Edapally, Kochi
P : +91 484 255 75 75 | E : infokochi@abcemporio.com

Wafa Centre, Nr. Capitol Mall, Thana, Kannur
P : +91 497 271 1444 | E : kannur@abcemporio.com

www.abcemporio.com




KOCHI




KANNUR



Global experience
Innovative products
Unmatched technology

Surface Decor • Ceramics • Bathware
Spa • Steam • Sauna • Wellness
Kitchen Faucets • Interior & Exterior Products

ARMANI / Roca | LAUFEN bathrooms | GESSI | TOTO | DELTA
KOHLER | VitrA | GROHE | Jacuzzi

teekeycee.in

യാത്ര
മാതൃഭൂമി
Vol: 12 • Issue: 12 • August 2020 • Page: 100 • Price: ₹60



# നമുക്ക് മുന്നിലെ കാഴ്ചകളിലേക്ക്

'അറിയാത്ത ആഴങ്ങളെ ഗർഭത്തിൽ വഹിക്കുന്ന സമുദ്രങ്ങളേക്കാൾ അറിയുന്ന എന്റെ നിളാനദിയാണ് എനിക്കിഷ്ടം'- വാക്കുകൾ എം.ടി. വാസുദേവൻ നായരുടേത്. വിദൂരദേശങ്ങളിലേക്കുള്ള സഞ്ചാരത്തിന് വിലക്കുള്ള കോവിഡ് കാലത്ത് 'യാത്ര' നിങ്ങളെ തൊട്ടുമുന്നിലുള്ള കൗതുകങ്ങളിലേക്ക് കൊണ്ടുപോകുന്നു. കേരളത്തിനകത്തുതന്നെയുള്ള അധികമാരും സഞ്ചരിക്കാത്ത അഞ്ച് യാത്രാലക്ഷ്യങ്ങളെ പരിചയപ്പെടുത്തുകയാണ് ഓഗസ്റ്റ് ലക്കം. അതിൽ അകലാപ്പുഴയുടെ തീരക്കാഴ്ചകളും ഇടമലക്കുടിയുടെ ആദിമസൗന്ദര്യവും കാനായിക്കാനയിലെ ജലപാതവും പുണ്ഡരീകപുരത്തെ ചിത്രഭംഗിയും നീലിയാർ കോട്ടത്തെ തെയ്യാട്ടവുമെല്ലാം ഉൾപ്പെടുന്നു. ഒപ്പം മധ്യകേരളത്തിലെ നാഗക്കളം അനുഷ്ഠാനത്തെക്കുറിച്ചുള്ള ഫോട്ടോ ഫീച്ചറും. വർഷത്തിൽ എല്ലാകാലത്തും കെട്ടിയാടപ്പെടുന്ന തെയ്യം എന്ന അപൂർവതകൂടിയുണ്ട് നീലിയാർ ഭഗവതി തെയ്യത്തിന്.

പർവതാരോഹകരെ എന്നുമാകർഷിക്കുന്ന ഗിരിശൃംഗമാണ് നേപ്പാളിലെ പൂൺഹിൽ. സമുദ്രനിരപ്പിൽനിന്ന് 10,530 അടി ഉയരേ തലയുയർത്തിനിൽക്കുന്ന പൂൺഹില്ലിലേക്കുള്ള യാത്രാവിവരണം ഈ ലക്കത്തിൽ വായിക്കാം. ധാരാവിയിലെ ചേരികൾക്കുള്ളിൽ കളിമൺശില്പങ്ങൾ പിറവിയെടുക്കുന്ന കുംഭാർ വാഡ, വസായ് കോട്ട, ഷിംലയിലെ ടോയ് ട്രെയിൻ, ചരിത്രസംസ്കൃതിയുടെ ഗരിമ പേറുന്ന ഡിണ്ടിഗൽ കോട്ട എന്നിവയെക്കുറിച്ചുള്ള ഫീച്ചറുകളും ഈ ലക്കത്തിന്റെ മാറ്റ് കൂട്ടുന്നു.

കാടകങ്ങളിലെ കാഴ്ചകളാണ് യാത്രകളിൽ ഏറ്റവും വൈവിധ്യംപകരാറ്. വിവിധ വന്യജീവിസങ്കേതങ്ങളിൽനിന്ന് പകർത്തിയ മയൂരദൃശ്യങ്ങളും തഡോബ കാടുകളിൽനിന്നുള്ള കടുവക്കാഴ്ചയുമാണ് ഓഗസ്റ്റ് ലക്കം യാത്രയിൽ കാനന വിഭവങ്ങൾ.

അടച്ചിരിപ്പിന്റെ വറുതികളിൽനിന്ന് പുറത്തേക്കിറങ്ങിയ നമ്മൾ വീടിനകത്തേക്ക് ചുരുങ്ങേണ്ട ദിവസങ്ങളാണ് വീണ്ടുംവരുന്നത്. അതുകൊണ്ടുതന്നെ വിനോദത്തിനുള്ള യാത്രകൾക്കിപ്പോൾ പ്രസക്തിയില്ല. പക്ഷേ, വായനയിലൂടെയുള്ള യാത്രയ്ക്ക് ഒരു തടസ്സവുമില്ല. സുരക്ഷിതരായിരിക്കാം, വരികളിലൂടെ യാത്രകൾ തുടരാം...




**Cover Design** : Sunny Joseph
**Photo** : N M Pradeep

**Mathrubhumi Yathra** The Complete **Travel** Magazine

Mathrubhumi M M Press,
Cherootty Road,
Kozhikode-673 001
Phone:
0495-2765381, 384, 388
e-mail:
yathrambi@gmail.com
Fax: 0495-2760138
Facebook: www.facebook.com/mathrubhumiyathra
Web:
www.yathramagazine.com
www.mathrubhumi.com/yathra

**Chairman & Managing Editor**
P V Chandran

**Joint Managing Editor**
P V Nidhish

**Executive Editor**
Periodicals & Digital
O R Ramachandran

**Senior News Editor**
V Jayakumar

**Chief Sub Editor**
K Viswanath

**Sub Editors**
P S Rakesh
Aamy Aswathy

**Senior Artist**
Sunny Joseph

**Sr.Chief Photographer**
Madhuraj

**Chief Photographer**
B Muralikrishnan

**Photographer**
N M Pradeep

**Circulation**
Vipin Das
Asst-General Manager -Circulation
Mathrubhumi
K P Kesava Menon Road
Kozhikode-673 001
Phone: 0495-2362 546
Email: vipindas@mpp.co.in

**Advertisement**
Sunil Nambiar
Dy. General Manager
Advertisement (Periodicals)
Mathrubhumi
K P Kesava Menon Road
Kozhikode-673 001
Phone: 0495-2362 564
Email: periodicalsadvt@mpp.co.in

**Subscription** Special offer
To subscribe Yathra
**In India:** For 6 issues: ₹350
For 12 issues: ₹699
(by registered post)
**Abroad:** By air mail: 6 issues: ₹2520
12 issues: ₹5040
(തപാൽ കോപ്പികൾക്കൊപ്പം സമ്മാനങ്ങൾ ലഭിക്കില്ല.)
MO/DD can be taken in the name of Mathrubhumi payable at Calicut and to be sent to the Head-Circulation in the above mentioned address

**Online Subscription:**
www.mathrubhumi.com/subscription
Email: subscription@mpp.co.in

For subscription/circulation enquiries:
Call 0495-2362598, 2362650 (10 am to 5pm)
except Sundays and public holidays.

Disclaimer: Every effort is made to provide accurate and up-to-date information. The publishers cannot accept responsibility for any consequences rising from the use of information provided.

# ലോകം അരികിലെത്തും, യാത്രയിലൂടെ.




Mathrubhumi Yathra
മാതൃഭൂമി യാത്ര
The Complete Travel Magazine

**ഞാൻ മാതൃഭൂമി യാത്രയുടെ വരിക്കാരനാകാൻ ആഗ്രഹിക്കുന്നു**

| കാലാവധി | ലക്കങ്ങളുടെ എണ്ണം | യഥാർത്ഥ വില | നിങ്ങൾ അടക്കേണ്ട തുക | ലാഭം |
|---|---|---|---|---|
| ☐ 1 വർഷം (രജിസ്റ്റേർഡ് പോസ്റ്റിൽ ലഭിക്കുന്നതിനായി) | 12 | ₹720 | ₹699* | ₹21 |
| ☐ 6 മാസം (രജിസ്റ്റേർഡ് പോസ്റ്റിൽ ലഭിക്കുന്നതിനായി) | 6 | ₹360 | ₹350* | ₹10 |

*പോസ്റ്റൽ ചാർജ് ഉൾപ്പെടെ

പേര്: ശ്രീ./ശ്രീമതി ..........................................................

ജനന തീയതി: .................................... ഇപ്പോഴത്തെ സബ്സ്ക്രിപ്ഷൻ നമ്പർ (നിലവിലുള്ള വരിക്കാർ മാത്രം പൂരിപ്പിക്കുക): ....................................

വിലാസം: ..........................................................

..........................................................

പോസ്റ്റ് ഓഫീസ്: .................................... സ്ഥലം/ജില്ല: ....................................

സംസ്ഥാനം: .................................... പിൻകോഡ്*: ☐☐☐☐☐☐ ഫോൺ*: ....................................

ഇമെയിൽ: ☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐

*ഫോൺ നമ്പർ, പിൻകോഡ് എന്നിവ നിർബന്ധം.

**You can make payment through any one of the following modes**

A. ഒറ്റ നിമിഷം കൊണ്ട് വരിക്കാരാകാം!

- QR കോഡ് സ്കാൻ ചെയ്യൂ. അല്ലെങ്കിൽ https://subscription.mathrubhumi.com/ സന്ദർശിക്കൂ
- തപാൽ കോപ്പികൾക്കായി Postal Subscription എന്ന ഓപ്ഷൻ സെലക്ട് ചെയ്യുക.
- Subscription Period സെലക്ട് ചെയ്ത് Buy Now ബട്ടൺ ക്ലിക്ക് ചെയ്യുക.
- മേൽവിലാസവും മറ്റ് വിവരങ്ങളും നൽകി ഓൺലൈൻ പേയ്മെന്റ് (Debit/ Credit/ Net Banking/ UPI) നടത്തുക.
- കൺഫർമേഷൻ മെസേജ് നിങ്ങളുടെ മൊബൈലിലും ഇ-മെയിലായും ലഭിക്കുന്നതാണ്.

B. NEFT/Online Payments: All Payments through NEFT/Online to be made in favour of ‘The Mathrubhumi Printing and Publishing Company Ltd’.

Account No: 57024066086 | IFSC Code: SBIN0070188 | Amount: Rs. ................................UTR Number: ................................ (essential)

C. Money Order Number and Date: ..........................................................

മണി ഓർഡർ മാതൃഭൂമിയുടെ പേരിൽ സ്വീകരിക്കുന്നതാണ്.

ഓഫറുകൾ ഇന്ത്യയിൽ മാത്രമായിരിക്കും, ഓഫർ പരിമിതകാലത്തേക്ക് മാത്രം, **നിബന്ധനകൾക്ക് വിധേയം, ക്യാഷ് ആയി അയക്കരുത്, നോൺ MICR/നോൺ CTS ചെക്കുകൾ സ്വീകരിക്കില്ല,** കോപ്പികൾ ഓർഡിനറി പോസ്റ്റ് ആയിട്ടായിരിക്കും അയക്കുക, സമ്മാനങ്ങൾ തപാൽ കോപ്പികളോടൊപ്പം അയക്കുന്നതല്ല. നിബന്ധനകളെ കുറിച്ച് കൂടുതലറിയുവാൻ **www.mathrubhumi.com/subscription** എന്ന വെബ്സൈറ്റ് സന്ദർശിക്കുക, സബ്സ്ക്രിപ്ഷൻ സംബന്ധിച്ച എല്ലാ വിവരങ്ങൾക്കുമായി **subscription@mpp.co.in** ലേക്ക് ഇ-മെയിൽ ചെയ്യുക അല്ലെങ്കിൽ **0495 2362598/2362650** എന്ന നമ്പറിലേക്ക് വിളിക്കുക. ഞായറാഴ്ചയും പൊതു അവധിയും ഒഴികെ, തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ രാവിലെ **10** മണി മുതൽ വൈകുന്നേരം **5** മണി വരെ വിളിക്കാം.

അയക്കേണ്ട വിലാസം: Assistant General Manager - Circulation, Mathrubhumi, K P Kesavamenon Road, Kozhikode - 673001

മാതൃഭൂമി യാത്ര

The Complete Travel Magazine

# CONTENTS

## Journey Around Kerala

24-61


## Special Contributors


14 K R Ajayan


24 Biju Raghavan



30 Sajeesh Aluparambil



36 Sulfiker Hussain


44 Hari R Pisharadi


62 Nihad Vajid


68 G Jyothilal


76 Anuranj Manohar


86 Dr Jithesh Krishnan R

## Regulars

Inbox .......... 08
Travel Trends .......... 09
Photo Blogue .......... 10
Mobilogue .......... 12
Quovadis .......... 67
Travel Life .......... 85
View Point .......... 90
Kerala Sketches .......... 96
Parting Shot .......... 98




14 Nepal
അന്നപൂർണകൾക്ക് നടുവിൽ





62 Tadoba
കടുവക്കളികൾ



Akalapuzha
അഴകിലൊഴുകി അകലാപ്പുഴ........................................ 24

Neeliyar kottam
കാടിനുള്ളിലെ കടുംചായം................................................ 30

Edamalakkudy
കാടു തുറന്ന കാഴ്ചകൾ.................................................... 36

Pundareekapuram
ബഷീറിന്റെ നാട്ടിലെ ചുമർചിത്രവിസ്മയം ................. 44

Kanayi Kanam
കുന്നോളം കുളിരുള്ള കാഴ്ചകൾ ................................ 50

Photo Feature
നാഗയക്ഷിയുടെ നാട്ടിൽ.................................................. 56

Kumbharwada
ധാരാവിയിലെ കളിമൺ ജീവിതങ്ങൾ............................ 76

Dindigul
ചരിത്രം പറയുന്ന ഡിണ്ടിഗൽ കോട്ട............................... 86






80 Shimla
മലമുകളിലെ മഞ്ഞുനഗരം



68 Maharashtra
വസായ് കോട്ടയിൽ ഒരു വൈകുന്നേരം




90 Viewpoint
മാരിവിൽ മയിലഴക്

**Mathrubhumi Yathra**, K P Kesava menon Road, Kozhikode-673001.
Phone : 0495-2765381, 2765384, Fax: 0495-2760138
E-mail : yathrambi@gmail.com
Websites : www.yathramagazine.com, www.mathrubhumi.com/yathra
Join us on facebook: www.facebook.com/mathrubhumiyathra




തായ്‌ലാൻഡിലൂടെയും വിയറ്റ്നാമിലൂടെയുമുള്ള യാത്രാവിവരണങ്ങൾ പലരുമെഴുതിയത് വായിച്ചിട്ടുണ്ടെങ്കിലും ഈ രാജ്യങ്ങളുമായി അതിര് പങ്കിടുന്ന ലാവോസിനെക്കുറിച്ച് അധികമാരും എഴുതിക്കണ്ടിട്ടില്ല. ജൂലായ് ലക്കം യാത്ര ആ കുറവ് നികത്തി. ലാവോസ് എന്ന കൊച്ചു കമ്യൂണിസ്റ്റ് രാജ്യത്തിന്റെ വിശേഷങ്ങൾ വിശദമായി വിവരിക്കുന്നതായിരുന്നു യാത്രയിൽ പ്രസിദ്ധീകരിച്ച സുഭാഷ് ശിവരാമന്റെ ലേഖനം. നാഗാലാൻഡിലെ സൂക്കോ താഴ്‌വരയെക്കുറിച്ച് മനു റഹ്മാൻ എഴുതിയ ലേഖനവും പുതുമ സമ്മാനിച്ചു. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ മനോഹരക്കാഴ്ചകളെക്കുറിച്ച് അധികം പേർക്കും അറിവുണ്ടാവില്ല. മലയാളി സഞ്ചാരികൾ കാര്യമായെത്താത്ത ഇത്തരം യാത്രാലക്ഷ്യങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ തുടർന്നും പ്രതീക്ഷിക്കുന്നു.

**അനാമിക പി.കെ.**
*പൂവത്തുശേരി*

വ്യത്യസ്തവിഭവങ്ങൾകൊണ്ട് സമ്പന്നമായിരുന്നു ജൂലായ് ലക്കം 'യാത്ര' മാസിക. ലാവോസ് മുതൽ നമ്പികുളത്തേക്കുള്ള ഓഫ്റോഡ് യാത്ര വരെയുള്ള ലേഖനങ്ങൾ ഒന്നിനൊന്ന് വേറിട്ടതായിരുന്നു. പുണെ മുതൽ ഗോവ വരെയുള്ള രുചിയാത്രയും ജോറായി. തവളവായൻ പക്ഷിയെക്കുറിച്ചും ഗോൽക്കോണ്ട കോട്ടയെക്കുറിച്ചുമുള്ള ലേഖനങ്ങൾ പുതിയ അറിവുകൾ സമ്മാനിച്ചു. കേരളത്തിലെ കായലോരങ്ങളിലൂടെയുള്ള യാത്രാവിവരണം വരും ലക്കങ്ങളിൽ ഉൾപ്പെടുത്തണം എന്നൊരു അഭ്യർഥനയും മുന്നോട്ടുവെക്കുന്നു.

***പി.കെ. മുസാഫിർ***
*കൂവത്തുംപടി*

ഓരോ യാത്രയിലെയും അനുഭവങ്ങൾ അതിന്റെ ആധികാരികതയുടെ ആഴത്തിൽ മുങ്ങിയെടുത്ത് ആ അറിവും അനുഭൂതിയും അനുവാചകരിലേക്ക് പകർന്ന മഹായാത്രികനായിരുന്നു എം.പി. വീരേന്ദ്രകുമാർ. ജൂലായ് ലക്കത്തിൽ പ്രസിദ്ധീകരിച്ച പി.പി. ശശീന്ദ്രന്റെ ഓർമക്കുറിപ്പിലൂടെ അദ്ദേഹത്തെ കൂടുതൽ അടുത്തറിയാൻ സാധിച്ചു. കൂടെയുള്ളവരോട് കാട്ടുന്ന കരുതലിൽ നിന്ന് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ മഹത്ത്വം മനസ്സിലാക്കാം. എം.പി. വീരേന്ദ്രകുമാർ എന്ന മഹാപുരുഷന് അനുയോജ്യമായ യാത്രാമൊഴിയായി ആ കുറിപ്പ്.

***കുറ്റിക്കോൽ ശങ്കരൻ എമ്പ്രാന്തിരി***
*മടിക്കൈ, നീലേശ്വരം*

ജൂൺ ലക്കം 'യാത്ര' മികവ് പുലർത്തി. ഗയയെയും ബുദ്ധമതത്തെയുംപ്പറ്റി വിവരിക്കുന്ന ലേഖനം ശ്രദ്ധേയമായി. അറിവിന്റെ മഹാക്ഷേത്രമായ ഗയയിലെ അമ്പതുലക്ഷം താളിയോലഗ്രന്ഥങ്ങൾ അലാവുദീൻ ഖിൽജി അഗ്നിക്കിരയാക്കി എന്ന യാഥാർഥ്യം പലർക്കും പുതിയൊരു അറിവായിരിക്കും. ക്ഷേത്രങ്ങൾ, പ്രതിഷ്ഠകൾ, ബോധിവൃക്ഷം തുടങ്ങിയവയുടെ വർണചിത്രങ്ങളും അതിമനോഹരമായി.

ദിനോസറിന്റെ പിറവി മുതൽ ഇങ്ങോട്ട് വിവിധ ഫോസിലുകൾ വരെയുള്ള ചരിത്രം വരച്ചുകാട്ടുന്ന 'ദിനോസറുകളെ തേടി' എന്ന ലേഖനം ജിജ്ഞാസയുണർത്തുന്നതായിരുന്നു. നാൽപ്പതു മീറ്റർ നീളവും എൺപതിനായിരം കിലോഗ്രാം ഭാരവുമുള്ള ദിനോസറുകൾ ഭൂമിയിൽ ജീവിച്ചിരുന്നു എന്ന വസ്തുത അദ്ഭുതത്തോടെയേ കാണാൻ കഴിയൂ.

പാതാളത്തവളകളുടെ ജീവിതം, ആഫ്രിക്കൻ വനാന്തരങ്ങളിലെ വന്യജീവിതങ്ങളെക്കുറിച്ചുള്ള ലേഖനം, ചിറാപ്പുഞ്ചിയിലെ മഴശലഭങ്ങൾ തുടങ്ങിയ ലേഖനങ്ങളെല്ലാം പുത്തനറിവുകൾ പകരുന്നതായിരുന്നു.

കോവിഡ് 19 സൃഷ്ടിച്ച അനിശ്ചിതാവസ്ഥയിൽ 'യാത്ര' പോലുള്ള പ്രസിദ്ധീകരണങ്ങൾ വായനക്കാർക്ക് പുത്തനുണർവും ആത്മവിശ്വാസവും പകരുമെന്നതിൽ സംശയമില്ല. കെട്ടിലും മട്ടിലും പുതുമ നിലനിർത്തിക്കൊണ്ട് ഓരോ മാസവും 'യാത്ര' പുറത്തിറക്കുന്നതിന് പിന്നിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും അഭിനന്ദനങ്ങൾ.

***കെ.പി. ഭാൻഷായ് മോഹൻ***
*കരുവാറ്റ, ആലപ്പുഴ*

പ്രകൃതിമനോഹരമായ സായാഹ്നത്തിൽ തിളങ്ങിനിൽക്കുന്ന ലാവോസിലെ വാട്സിയെങ്തോങ്ങിന്റെ കവർപേജോടുകൂടിയ ജൂലായ് ലക്കം യാത്ര മാഗസിൻ വളരെ ആകർഷണീയമായി.

ലാവോസ് എന്ന കൊച്ചുരാജ്യത്തെ ക്ഷേത്രസമുച്ചയങ്ങൾ, ഗ്രാമങ്ങൾ, ചെറുപട്ടണങ്ങൾ എന്നിവയെക്കുറിച്ച് വായിച്ചപ്പോൾ അവിടെപ്പോയി നേരിട്ടു കണ്ട അനുഭവമാണ് ഉണ്ടായത്. വടക്കൻ സിക്കിമിലെ പ്രകാശമൊഴുകുന്ന നീല തടാകക്കരയും സുന്ദരമായ പർവതനിരകളും വ്യത്യസ്തങ്ങളായ പക്ഷികളുടെ സുന്ദരമായ ഫോട്ടോകളും നാഗാലാൻഡിലെ അദ്ഭുതത്താഴ്‌വര സൂക്കോയും വേറിട്ട അനുഭവമായി മാറി.

***വിനോജ് പീറ്റർ***
*ആലങ്ങാട്, ആലുവ*

ജൂലായ് ലക്കം യാത്ര ലഭിച്ചയുടൻ ശ്രദ്ധയിൽപ്പെട്ടത് എം.പി. വീരേന്ദ്രകുമാറിനെക്കുറിച്ചുള്ള ശ്രദ്ധാഞ്ജലിയാണ്. അത് വായിച്ചപ്പോൾ വ്യക്തിപരമായ ഒരു കൂടിക്കാഴ്ച ഓർമയിൽ വന്നു. 1989-ൽ തിരുവനന്തപുരം ഗസ്റ്റ് ഹൗസിൽവെച്ചായിരുന്നു വീരേന്ദ്രകുമാറിനെ കണ്ടത്. അദ്ദേഹം എന്റെ പേര് ചോദിക്കുകയും മുൻപ് കേട്ടിട്ടില്ലാത്ത പേരാണെന്ന് പറയുകയും ചെയ്തു. ഒരു നിമിഷത്തെ സംസാരം മാത്രമായിരുന്നെങ്കിലും ഞാൻ ഇന്നും അതോർക്കുന്നു.

യാത്രയിലെ മറ്റു ലേഖനങ്ങൾ എല്ലാം മനോഹരമായിട്ടുണ്ട്. മനസ്സിന് കുളിർമയേകുന്ന ലേഖനങ്ങളും ചിത്രങ്ങളും സമ്മാനിക്കുന്ന യാത്രയ്ക്ക് നന്ദി.

***കെ.എസ്. വിൽമ***
*കാലടി, തിരുവനന്തപുരം*

യാത്രയിലേക്കുള്ള രചനകളും ചിത്രങ്ങളും അയക്കേണ്ട വിലാസം :
**മാതൃഭൂമി യാത്ര, കെ.പി. കേശവമേനോൻ റോഡ്, കോഴിക്കോട് – 673001. E-mail : yathrambi@gmail.com.**
പ്രസിദ്ധീകരിക്കാത്ത രചനകളും ചിത്രങ്ങളും തിരിച്ചയക്കുന്നതല്ല. പ്രസിദ്ധീകരിക്കുന്നുണ്ടെങ്കിൽ ഇതു സംബന്ധിച്ച വിവരം എഴുത്തുകാരെയും ഫോട്ടോഗ്രാഫർമാരെയും നേരിട്ട് അറിയിക്കുന്നതാണ്.



## ശ്രീനഗറിൽ പാർക്കുകളും പൂന്തോട്ടങ്ങളും തുറന്നു

കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മാർച്ച് മുതൽ ശ്രീനഗറിലെ പാർക്കുകളും പൂന്തോട്ടങ്ങളും അടച്ചിട്ടിരിക്കുകയായിരുന്നു. ഏറെ നാളുകൾക്കുശേഷം ശ്രീനഗറിലെ പാർക്കുകളും പൂന്തോട്ടങ്ങളും സന്ദർശകർക്കായി തുറന്നു. രോഗവ്യാപനത്തിനെതിരേ മുൻകരുതൽ നടപടികളുടെ ഭാഗമായി സന്ദർശകർക്ക് മാസ്കും സാമൂഹിക അകലവും നിർബന്ധമാക്കിയിട്ടുണ്ട്. സന്ദർശകർക്ക് തെർമൽ സ്ക്രീനിങ് നടത്തുകയും കൈകൾ ശുദ്ധിയാക്കാൻ സാനിറ്റൈസർ നൽകുകയും ചെയ്യും.

പ്രദേശത്തെ ഐസ്ക്രീം വിൽപ്പനക്കാർ, ഫോട്ടോഗ്രാഫർമാർ, ഹോട്ടലുടമകൾ, മറ്റു വ്യാപാരികൾ എന്നിവർ സർക്കാർ നടപടിയെ സ്വാഗതം ചെയ്തു. വീട്ടിലിരിക്കുമ്പോൾ മാനസികസമ്മർദം ജനങ്ങളിൽ കൂടുമെന്നും പൂന്തോട്ടങ്ങളും പാർക്കുകളും തുറക്കുന്നത് അവരെ സഹായിക്കുമെന്നുമാണ് മുഗൾ ഗാർഡൻ ഫ്ളോറികൾച്ചർ ഓഫീസർ ജവൈദ് അഹമ്മദ് പറയുന്നത്.

## സഞ്ചാരികൾക്ക് സൗജന്യ താമസമൊരുക്കി ഒരു ഗ്രാമം

കോവിഡ് 19 തീർത്ത ആഘാതത്തിൽ നിന്ന് ഉയിർത്തെഴുന്നേൽക്കാനുള്ള തയ്യാറെടുപ്പിലാണ് ഇറ്റലി. വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി തെക്കൻ ഇറ്റലിയിലെ സാൻ ഗ്യോവാന്നി എന്ന ഗ്രാമം വാഗ്ദാനം ചെയ്തിരിക്കുന്നത് സൗജന്യ താമസമാണ്. സഞ്ചാരികൾക്ക് ഏഴ് രാത്രികൾ തികച്ചും സൗജന്യമായി തങ്ങാം. ഈ പണം സഞ്ചാരികൾ മറ്റ് വിനോദ പരിപാടികൾക്കായി ചെലവഴിക്കുമെന്നും അതുവഴി പ്രാദേശിക സമ്പദ് വ്യവസ്ഥ ശക്തമാകുമെന്നും അധികൃതർ കണക്കുകൂട്ടുന്നു. സൗജന്യ താമസം താത്പര്യമുള്ളവർ ഇവിടത്തെ സാംസ്കാരിക കൂട്ടായ്മയിലേക്ക് amicidelmorrutto@gmail.com എന്ന വിലാസത്തിൽ മെയിൽ ചെയ്യണം. സന്ദർശിക്കാൻ എന്തുകൊണ്ട് സാൻ ഗ്യോവാന്നി തിരഞ്ഞെടുത്തു എന്ന് ഇതിൽ വ്യക്തമാക്കുകയും വേണം.



## സഞ്ചാരികൾക്ക് പ്രവേശനം അനുവദിച്ച് യു.എ.ഇ

വിനോദസഞ്ചാരികൾക്കും സന്ദർശകവിസക്കാർക്കും യു.എ.ഇ സന്ദർശിക്കാം. വിനോദസഞ്ചാരികൾ അടുത്തിടെയെടുത്ത കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് വിമാനത്താവളത്തിൽ ഹാജരാക്കുകയോ, എയർപോർട്ടിൽ പരിശോധനയ്ക്ക് വിധേയമാകുകയോ ചെയ്യണം. 'നിങ്ങളുടെ രണ്ടാംവീട്ടിലേക്ക് ഊഷ്മളമായ സ്വാഗതം' എന്നെഴുതിയ പ്രത്യേക സ്റ്റിക്കർ യാത്രക്കാരുടെ പാസ്പോർട്ടിൽ പതിക്കുമെന്ന് ദുബായ് ജനറൽ ഡയറക്ടറേറ്റ് ഓഫ് റെസിഡൻസി ആൻഡ് ഫോറിനേഴ്സ് അഫയേഴ്സ് (ജി.ഡി.ആർ.എഫ്.എ.) വെളിപ്പെടുത്തി. ഇതിനകം യു.എ.ഇ.യിലേക്ക് മടങ്ങിയെത്തിയ വിദേശരാജ്യങ്ങളിലെ താമസക്കാരുടെ പാസ്പോർട്ടുകളിൽ ഈ സ്റ്റിക്കർ പതിപ്പിച്ചുകഴിഞ്ഞു.



## തലശ്ശേരി പൈതൃക ടൂറിസത്തിന് അനുമതി

തലശ്ശേരി പൈതൃക ടൂറിസത്തിന് 40.95 കോടി രൂപയുടെ പദ്ധതിക്ക് കിഫ്ബിയുടെ അനുമതി. വയനാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ 11 ആരാധനാലയങ്ങളിലെ സൗകര്യം വിപുലപ്പെടുത്താനും വിനോദസഞ്ചാരകേന്ദ്രങ്ങളുടെ വികസനത്തിനുമാണ് തുക അനുവദിച്ചത്. തലശ്ശേരി ഓടത്തിൽപള്ളി പാരീസ് ഹോട്ടൽ തെരുവ്, തിരുവങ്ങാട് ശ്രീരാമസ്വാമിക്ഷേത്രം, തലശ്ശേരി ജഗന്നാഥക്ഷേത്രം, കൊട്ടിയൂർ ക്ഷേത്രം, തൃശ്ശിലേരി മഹാദേവക്ഷേത്രം, തിരുനെല്ലി മഹാവിഷ്ണുക്ഷേത്രം, ലോകനാർകാവ്, തലശ്ശേരി ഇല്ലിക്കുന്ന് ചർച്ച്, അണ്ടലൂർക്കാവ്, മക്രേരി സുബ്രഹ്മണ്യസ്വാമിക്ഷേത്രം, കക്കുളങ്ങര പള്ളി തുടങ്ങിയവക്കാണ് തുക അനുവദിച്ചത്.



## ക്യാമറ കൊണ്ടൊരു കഥ പറയാം



യാത്ര ചെയ്യാത്തവരില്ല. യാത്രകളിൽ ക്യാമറ ഉപയോഗിക്കാത്തവരും. കഥ പറയുന്ന ഒരു ഫ്രെയിം, ഒരൊറ്റ ഫ്രെയിം, അതു മതി ഒരു യാത്ര സഫലമാവാൻ. അങ്ങനെ ഒരു ഫ്രെയിം നിങ്ങളുടെ കൈയിലുണ്ടോ? എങ്കിൽ ഈ പംക്തിയിലൂടെ അതു ലോകം കാണട്ടെ! ഇത് വായനക്കാരന്റെ സ്വന്തം ഫോട്ടോ-ബ്ലോഗ് പേജ്. നിങ്ങളുടെ അവിസ്മരണീയമായ ഒരു യാത്രയുടെ കഥ, ചിത്രങ്ങളിലൂടെ പറയാൻ 'യാത്ര' നൽകുന്ന ഇടം. ഇനി നിങ്ങൾക്കും എഴുതാം, ക്യാമറ കൊണ്ട് ഒരു യാത്രാവിവരണം. നിങ്ങളുടെ ഫോൺനമ്പരും മേൽവിലാസവും ചിത്രത്തിന്റെ ചെറിയ വിവരണവും, ക്യാമറ ഡീറ്റെയിൽസും നിർബന്ധമായും ചിത്രത്തോടൊപ്പം അയയ്ക്കണം. ഉയർന്ന Pixel/Resolution-ൽ ഉള്ളതായിരിക്കണം ചിത്രങ്ങൾ. വിലാസം: photobloguembi@gmail.com. ഇനി യാത്രയിൽ ക്യാമറ കരുതാൻ മറക്കണ്ട

**» KEEP CLICKING » HAPPY JOURNEY**



Camera: **Canon6D mark II** • F-stop: **f/22** • Exposure time: **1/25** • ISO: **100**

## പാലാഴി പോൽ

കർണാടകയിലെ മാണ്ഡ്യ ജില്ലയിലെ ശിവസമുദ്ര വെള്ളച്ചാട്ടം.



Photo by: **Jayadevan**

Profession: Commercial Artist

## മൂവർണക്കൂട്ട്

പച്ചിലമേൽ നിറങ്ങൾ വിതറി ആറ്റച്ചെമ്പൻ (Tricoloured Munia). കളമശ്ശേരി എച്ച്.എം.ടി. ഫോറസ്റ്റിൽ നിന്നും പകർത്തിയത്.



Camera: **Sony a9** • Lens: **sigma-150-600** • Shutter speed: **600** • ISO: **320** • Aperture: **7.1**



Photo by:
**Shihab Abdulla**
Profession:
Wildlife Photographer



Camera: **goprohero5 session** • F-stop:**f/2.8** • Exposure time: **1/4098 sec** • ISO: **100** • F Length: **3mm**

## മോഹവഴി

മണാലിയിൽ നിന്നും ലഡാക്കിലേക്കുള്ള യാത്ര. റോത്താങ് പാസ്സിൽ നിന്നും പകർത്തിയത്.



Photo by:
**Sudharsan K K**
Profession:
Postal Employee

## ഇനി മൊബൈൽ കൊണ്ടും



യാത്രാ സംബന്ധിയായ മികച്ച മൊബൈൽ ചിത്രങ്ങൾ ഞങ്ങൾക്കയച്ചുതരൂ.
മൊബൈലിന്റെ വിശദാംശങ്ങളും മൊബൈൽ ഫോട്ടോ സംബന്ധിച്ച കുറിപ്പും ഒപ്പം വേണം.
ഒറിജിനൽ ഫയൽ ആയിരിക്കണം. മികച്ച ചിത്രങ്ങൾ യാത്രയിൽ പ്രസിദ്ധീകരിക്കും.
വിലാസം: photobloguembi@gmail.com

» KEEP CLICKING » HAPPY JOURNEY



Phone : **Xiaomi Redmi Note 5 Pro** • Camera : **12MP**

## മഞ്ഞുകാലവും കഴിഞ്ഞ്...

ആർക്ടിക്കിന്റെ ഭാഗമായ സ്വാൽബാർഡ് ഐലൻഡിലെ നി-അലീസുണ്ട് നിന്നും പകർത്തിയ ചിത്രം. വേനലിൽ ആർക്ടിക്കിലെ മഞ്ഞുരുകുന്നതോടെ കോമ്പസ് പ്ലാന്റ് (Silene acaulis) പോലുള്ളവ പൂവിടാൻ തുടങ്ങുന്നു. 2019ഇത് ജൂൺ മുതൽ ജൂലൈ വരെ നടത്തിയ ഇന്ത്യൻ ആർക്ടിക് പര്യടനത്തിന്റെ ഭാഗമായി ഗവേഷണത്തിനായി ആർക്ടിക്കിൽ എത്തിയപ്പോൾ പകർത്തിയ ചിത്രം.



Photo by:
**Akhil Prakash E**
Profession:
Research Scholar

## മേഘമാല ചാർത്തി

ബദ്രിനാഥിലെ മനാ ഗ്രാമത്തിലെ മുച്ക്കുണ്ഡ് ഗുഹയിൽ നിന്നുള്ള ഹിമാലയ പർവതനിരകളുടെ ദൃശ്യം.



Photo by:
**Vishnu Kochutharayil**



Phone : **Honor 8x** • Camera : **8MP**



Phone : **Google Pixel 2** • Camera : **12.2MP**

## നാട്ടുകാഴ്ച

വൈപ്പിനിലെ വീരാൻപുഴ ഗ്രാമത്തിൽ നിന്ന് പകർത്തിയ ദൃശ്യം.



Photo by:
**Amal Senan**
Profession:
Tourism Professional

# അന്നപൂർണകൾക്ക് നടുവിൽ



**എണ്ണിയാലൊടുങ്ങാത്ത കുന്നുകളുടെ പറുദീസ, നേപ്പാളിലെ പൂൺഹില്ലിലേയ്ക്ക് നടക്കാം. അന്നപൂർണകൊടുമുടികൾ കാണാം**

Text : **K R Ajayan**


പുലർച്ചെ കുന്നു കയറിത്തുടങ്ങുമ്പോൾ പാതിമയക്കത്തിനിടയിലെ സ്വപ്നത്തിൽ പർവതശിരസ്സുകൾ ചിരിതൂകി. നിലാവ് അല്പം പോലും ചൊരിയാതെ ചന്ദ്രൻ ഏതോ മലമടക്കിൽ വീണുടഞ്ഞിട്ടുണ്ട്. ആകാശത്തേക്ക് കയറാനെന്നപോലെ പടിക്കെട്ട്. കൂരാക്കൂരിരുട്ടിൽ ഹെഡ് ലൈറ്റിന്റെ വെളിച്ചത്തിൽ തെളിയുന്ന പടവുകളോരോന്നും വലിഞ്ഞു കയറുകയാണ്. സ്വെറ്ററിനെയും കൈയുറകളെയും കടന്നെത്തി കുത്തിനോവിക്കുന്ന തണുപ്പ്. ഒരിക്കലും അവസാനിക്കില്ലെന്ന് തോന്നിക്കുന്ന കല്ലുപാകിയ കുത്തുകയറ്റം ചെന്നെത്തുന്നത് പൂൺ ഹില്ലിന്റെ വശ്യമോഹനമായ മുറ്റത്തേക്കാണ്. നേപ്പാളിലെ മനോഹരമായ പൂൺ ഹില്ലിന്റെ നിതാന്ത തണുപ്പിൽ നിന്നാൽ പനോരമിക് കാഴ്ചയായി അന്നപൂർണ കുന്നുകൾ കാണാം. എണ്ണിയാൽ തീരാത്ത പർവതമുഖങ്ങൾക്കുമുന്നിൽ, അവരുടെ നിശ്ശബ്ദതയ്ക്കുമുന്നിൽ എല്ലാംമറന്ന് നിൽക്കാം.

ഗോരെപാനി എന്ന ഉൾനാടൻ നേപ്പാളി ഗ്രാമത്തിൽ നിന്നാണ് പൂൺഹില്ലിലേക്ക്




പൂൺഹില്ലിന് മുകളിൽ സൂര്യോദയം കാണുന്ന സഞ്ചാരികൾ

**"More than anywhere else I have travelled, the Himalaya is a case of seeing is believing. Whatever you have heard or read is going to fall a long way short of the sheer power of reality... The contrast of mighty mountain-side with tiny human presence... offered some of the most surprising and surreal images of the journey."**
**Michael Palin**


പൊഖാറ കുന്നുകളിൽനിന്ന് താഴ്‌വരയിലേക്ക് പറക്കുന്ന പാരച്യൂട്ടുകൾ





ഗാന്ധ്രുക്കിലെ വഴി


ഗാന്ധ്രുക്ക് ഗ്രാമം

Photos : **K R Ajayan**

പുലർച്ചെ നടന്നത്. ഗോരെപാനിയിൽ എത്താൻതന്നെ രണ്ടുദിവസത്തെ അതികഠിനമായ നടത്തം വേണം. മൗണ്ടൻ ടൂറിസത്തിൽ കാര്യമായി ശ്രദ്ധയൂന്നിയ നേപ്പാളിലെ ഒട്ടുമിക്ക കാനനവഴികളും മനുഷ്യനിർമിതവും കല്ലുപാകി ഉറപ്പിച്ച കുത്തുകയറ്റങ്ങളുമാണ്. ഖരഗ്പുരിൽ വിമാനമിറങ്ങി ഇന്ത്യ-നേപ്പാൾ അതിർത്തി പട്ടണമായ സൊനാലി, ബൽഹിയ വഴി ബുദ്ധജന്മദേശമായ ലുംബിനിയും കഴിഞ്ഞ് പൊഖാരയെത്തുമ്പോഴാണ് പൂൺഹില്ലിലേക്കുള്ള വഴിതുറന്നത്. ചെന്നിറങ്ങിയ ദിവസം പൊഖാര മണ്ഡലത്തിൽ ഉപതിരഞ്ഞെടുപ്പാണ്. വോട്ടെടുപ്പുദിവസം വാഹനങ്ങളൊന്നും തെരുവിലിറക്കാതെ കടകളൊക്കെ അടച്ച് ഹർത്താലാണ്. പുലർച്ചെ പ്രൈവറ്റ് ബസ് സ്റ്റാൻഡിനരികിലെ ഒരു ലോഡ്ജിൽ കയറിക്കൂടി അന്നത്തെ താമസവും ഭക്ഷണവും ഉറപ്പാക്കിയതിനാൽ രക്ഷപ്പെട്ടു. പകൽ മുഴുവൻ ആളൊഴിഞ്ഞ പട്ടണത്തിലൂടെ നടന്നു. പിറ്റേന്നാണ് പെർമിറ്റ് തേടിപ്പോയത്. പൊഖാരയിലെ നേപ്പാൾ അനുമതികേന്ദ്രത്തിൽ പോയി ഇൻഷുറൻസുൾപ്പെടെ നമ്മുടെ വിശദവിവരവും ആയിരം നേപ്പാളി രൂപയും നൽകി യാത്രാ പെർമിറ്റ് ഉറപ്പാക്കി. സാർക്ക് രാജ്യങ്ങളിലുള്ളവർക്കുള്ള പ്രത്യേക നിരക്കാണ് 1000. മറ്റുള്ളവർക്ക് ഡോളർ കണക്കിൽ വർധിക്കും. ട്രെക്കേഴ്സ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ടി.ഐ.എം.എസ്.) എന്നാണ് നേപ്പാൾ ടൂറിസം ബോർഡ് അംഗീകരിച്ച പെർമിറ്റ്. ഇൻഷുറൻസ് രേഖകൾ കൈവശമില്ലെങ്കിൽ ഗൈഡ് മുഖാന്തരം വാങ്ങാം. അത് ഗൈഡിന്റെ പേരിലാണെന്നുമാത്രം. അതിനു വേറെ തുക നൽകണം. അതേസമയം ഇന്ത്യയിൽ നമുക്കുള്ള എൽ.ഐ.സി. പോലുള്ള ഏതെങ്കിലും ഇൻഷുറൻസിന്റെ നമ്പർ എഴുതിക്കൊടുത്താൽ മതിയാകുമെന്നതാണ് ഏറെ രസകരം. ഇതേക്കുറിച്ച് ഒരു പരിശോധനയുമില്ല. തട്ടിപ്പുകൾ ഒരുപാട് നടക്കുന്ന യാത്രയാണ് നേപ്പാളിലേതെന്ന് തുടക്കത്തിലേ മനസ്സിലാക്കുന്നത് ഏറെ നന്നായിരിക്കും. ഞങ്ങൾ പൊഖാരയിലെത്തിയ പുലർച്ചെമുതൽ അത് അനുഭവിച്ചറിഞ്ഞതാണ്.

പൂൺഹില്ലിലേക്കുള്ള വഴിയിൽ ആദ്യപോയിന്റായ



നയാപുൽവരെ വാഹനമോടും. അവിടത്തെ ചെക്പോസ്റ്റുവരെ രണ്ടുമണിക്കൂർ യാത്രയ്ക്ക് ജീപ്പ് വാടക 6500 നേപ്പാളി രൂപ. ഇന്ത്യൻ രൂപ 1000 കൊടുത്താൽ 1600 നേപ്പാളി കിട്ടും. അനുമതി ലഭിച്ച ഓഫീസിനരികിൽവെച്ച് പരിചയപ്പെട്ട ഡ്രൈവർ ആത്മാർഥസുഹൃത്തായി. അയാൾതന്നെയാണ് ഇൻഷുറൻസ് പേപ്പറുകളൊന്നും നൽകാതെ ഗൈഡ് മുഖാന്തരം പെർമിറ്റ് ശരിയാക്കിത്തന്നതും. അയാൾ ഗൾഫിൽ ജോലിചെയ്തിരുന്നത് മലയാളി ഓഫീസറുടെ കീഴിലാണ്. ഞങ്ങളുടെ മലയാളം കേട്ടതോടെ ഞങ്ങളും അയാൾക്ക് ബോസായി. നയാപുൽ കഴിഞ്ഞ് നാലു കിലോമീറ്റർ അകലെ ഗാന്ധ്രുക് ഗ്രാമം വരെ വാഹനത്തിലെത്തിക്കാമെന്ന് അയാൾ സമ്മതിച്ചു. പൊഖാര ലേക്സൈഡിൽനിന്നുള്ള കയറ്റം അവസാനിക്കുന്നത് സാരംഗ്കോട്ടി ഗ്രാമത്തിലാണ്. അവിടെയെത്തുംമുമ്പ് പൊഖാര പട്ടണമാകെ കാണാൻ കഴിയുന്ന വലം എന്നൊരു വളവുണ്ട്. പാരച്യൂട്ടുകൾ കുന്നുകളിൽനിന്ന് താഴ്‌വരയിലേക്കും



പൂൺഹില്ലിന് മുകളിൽ നിന്നുള്ള ഹിമാലയക്കാഴ്ച

Shutterstock

തടാകക്കരയിലേക്കും ഉയർന്നു പൊങ്ങി പറന്നിറങ്ങുന്നു. പ്രധാന ബിയർ നിർമാതാക്കളുടെ പരസ്യമാണ് എല്ലാ പെട്ടിക്കടകൾക്കുമീതെയും. മരച്ചുവടുകളിൽ ആപ്പിളുൾപ്പെടെ ഫലമൂലാദികളും പച്ചക്കറികളുമൊക്കെ വിൽപ്പനയ്ക്കുണ്ട്. ചുവന്നമുളകിൽ മുക്കിയെടുത്ത എന്തിന്റെയോ കുടൽമാല തട്ടുകടയിലെ കനലുകൾക്കുമീതെ തൂങ്ങിക്കിടക്കുന്നു.

സാധാരണ റോഡ് അവസാനിച്ചു. ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്ന വഴിയരികിൽ വാഹനം നിർത്തി. കഴിഞ്ഞ മഴക്കാലത്ത് തകർന്നു തരിപ്പണമായതാണ് വഴി. ഇത്തിരിദൂരം ഷോർട്ട് കട്ട് കയറിയാൽ യഥാർഥവഴിയിലെത്താം. ധോട്ടിഖോല പാലംകടന്ന് അതിനടുത്തുള്ള ഒരു ഫർണിച്ചർ നിർമാണ ഗ്രാമത്തിലൂടെ ഞങ്ങൾ പൊട്ടിപ്പൊളിഞ്ഞ വഴിക്ക് അക്കരെയെത്തി. അവിടെയും മദ്യക്കടകൾ. മദ്യക്കടയ്ക്ക് തൊട്ടടുത്താണ് ക്ഷേത്രകവാടം. 'അന്നപൂർണ സംരക്ഷണമേഖലയിലേക്ക് സ്വാഗതം' എന്ന ബോർഡ് അരികിലുണ്ട്. ബീരെതട്ടി എന്നാണ് സ്ഥലത്തിന്റെ പേര്. പുഴയിൽ ഏതോ ജലവൈദ്യുതപദ്ധതിയുടെ നിർമാണം നടക്കുന്നു. അതിനരികിൽ സഞ്ചാരികൾക്ക് സൗകര്യങ്ങൾ വാഗ്ദാനം ചെയ്യുന്ന ചെറിയ ലോഡ്ജുകൾ. ടാൻ (ട്രെക്കിങ് ഏജൻറ്സ് അസോസിയേഷൻ ഓഫ് നേപ്പാൾ) ഓഫീസ് ഇവിടെയാണ്. നേപ്പാൾ കുന്നുകളിലേക്കുള്ള കാൽനടയാത്രയുടെ എല്ലാ ബുദ്ധിമുട്ടുകളും സവിസ്തരം പ്രതിപാദിക്കുന്ന നോട്ടീസുൾപ്പെടെ നൽകുന്ന സ്ഥാപനം. പൊഖാരയിൽനിന്നു നൽകിയ രേഖകളെല്ലാം പരിശോധിച്ച് അന്നപൂർണ കുന്നുകളിലേക്കുള്ള യാത്രാനുമതിക്കുള്ള പുതിയ പാസ് കൂടി അവിടെനിന്നു നൽകി. തൊട്ടടുത്താണ് ബീരെതട്ടി ഗ്രാമം. ടിംസ് (ട്രെക്കിങ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം ഫോർ ട്രെക്കേഴ്സ് സേഫ്റ്റി) ചെക്ക്പോസ്റ്റ് അവിടെയാണ്. തൊട്ടുമുമ്പ് കിട്ടിയ ഐ.ഡി. കാർഡുൾപ്പെടെ അവിടെ വിശദപരിശോധനയ്ക്ക് വിധേയമാക്കണം. അതിൽ മുദ്ര ചാർത്തുന്നതിനൊപ്പം മറ്റൊരു ക്ലിയറൻസ് സർട്ടിഫിക്കറ്റ്കൂടി നൽകും.

**മോദിഖോള താഴ്‌വരയിലെ ഗ്രാമപട്ടണമെന്ന് ബീരെതട്ടിയെ വിളിക്കാം. അന്നപൂർണ കുന്നുകളിലേക്കുള്ള എല്ലാ യാത്രയുടെയും തുടക്കം ഇവിടെനിന്നാണ്**

നേപ്പാൾ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ഒരു ചെറിയ ബസ് റോഡരികിലുണ്ട്. പൊഖാരയിൽനിന്ന് നയാപുൽ-ബീരെതട്ടി വഴിയാണ് ഗാന്ദ്രുക്കിലേക്കാണത്. ഞങ്ങൾക്ക് പോകാനുള്ള വഴിയും അതാണ്. എന്നാൽ, വൈകിട്ട് നാലുമണിക്കുശേഷം ഇവിടെനിന്ന് ബസ് സർവീസ് ഇല്ല. റോഡും അതിന്റെ അപകടസാധ്യതയുമൊക്കെ മുൻനിർത്തിയാണ് നിയന്ത്രണം. നേപ്പാളിലെ അതിപ്രശസ്തമായ മോദിഖോള താഴ്‌വരയിലെ ഗ്രാമപട്ടണമെന്ന് ബീരെതട്ടിയെ വിളിക്കാം. അന്നപൂർണ കുന്നുകളിലേക്കുള്ള എല്ലാ യാത്രയുടെയും തുടക്കം ഇവിടെനിന്നാണ്. ചെക്ക്പോസ്റ്റിൽനിന്ന് യാത്രാസംബന്ധമായ വിശദവിവരങ്ങൾ കൂടാതെ വഴി അടയാളപ്പെടുത്തിയ ബ്രോഷറും ലഭിച്ചു. ബ്രോഷർ കിട്ടിയതോടെയാണ് ഞങ്ങളുടെ യാത്രാപദ്ധതിക്ക് പൂർണതവന്നതെന്നു പറയാം.

പൂൺഹില്ലിലേക്ക് രണ്ടു വഴിയിലൂടെ യാത്രചെയ്യാം. ഗാന്ദ്രുക്കിലെത്തി അവിടെനിന്ന് താടാപാനി, നങ്ഗിതട്ടി, ബന്ദാട്ടിവഴി ഗോരെപാനി. പൂൺഹില്ലിലേക്കുള്ള വഴിതുടങ്ങുന്നത് ഗോരെപാനിയിൽനിന്നാണ്. കൂടാതെ ഉള്ളേരി, നങ്ഗിതട്ടി, ബന്ദാട്ടി വഴിയും ഗോരെപാനിയിലെത്താം. ഏതെങ്കിലുമൊരു വഴിയിലൂടെ കയറുക, മറ്റേ വഴിയിലൂടെ തിരിച്ചിറങ്ങുക- ഇതാണ് പരിപാടി. ഗാന്ദ്രുക് ഗ്രാമത്തിലേക്കുള്ള റോഡ് തകർന്നുവെന്നും അതിനുതാഴെ കിംഷെ

ഗ്രാമംവരെ എത്തിക്കാമെന്നും ഡ്രൈവർ സമ്മതിച്ചു. എന്നാൽപ്പിന്നെ ഗാന്ദ്രുക് വഴിയാകാം യാത്രതുടങ്ങുന്നതെന്ന് ഞങ്ങൾ തീരുമാനിച്ചു.

നയാപുലിൽനിന്ന് ചെറിയൊരു പാലം കയറി ഞങ്ങൾ ഗാന്ദ്രുക്കിലേക്ക് യാത്ര തുടങ്ങി. കാളി ഗണ്ഡകി നദിയോട് ചേർന്നാണ് വഴി. മണ്ണുമാന്തിയന്ത്രത്തിനൊപ്പം കുട്ടികളുൾപ്പെടെ റോഡിൽ പണിയെടുക്കുന്നുണ്ട്. പുഴയിലേക്ക് ഇടിച്ചിറങ്ങിയ ഭാഗങ്ങളിൽ കല്ലുകൾ വാരിയിട്ടു നിറയ്ക്കുന്ന ജോലിയാണ് കുട്ടികൾക്ക്. കാളി ഗണ്ഡകി നേപ്പാളിലെ പുണ്യനദിയാണ്. തക്കോള എന്ന പരമ്പരാഗത നേപ്പാളി ഗോത്രവിഭാഗത്തിന്റെ അധിവാസപ്രദേശമായിരുന്നു കാളി ഗണ്ഡകിയുടെ ഇരുവശവും. പിൽക്കാലത്ത് ഈവിഭാഗം മറ്റു പ്രദേശങ്ങളിലേക്ക് കുടിയേറി. ഇന്ത്യയിൽനിന്ന് നേപ്പാളിലേക്കുള്ള വ്യാപാരവഴിയിലെ ഇടത്താവളമായിരുന്നു ഈ നദിയോരം. വഴിക്ക് സമാന്തരമായി ഇടതുവശത്ത് കുന്നുകളിലേക്കുയർന്നുപോകുന്ന പാടങ്ങൾ, വൈക്കോൽക്കൂനകൾ... ആപ്പിൾ മരങ്ങൾ പൂവിട്ടുതുടങ്ങിയിട്ടേയുള്ളൂ. നൂലുപോലെ വെള്ളച്ചാട്ടങ്ങൾ. പാടങ്ങൾക്കരികിലെ ചെറിയ കൂരകളിൽ ഗ്രാമീണർ ഇരിപ്പുണ്ട്. ചിലർ ധാന്യങ്ങളുണക്കുന്ന ജോലിയിലാണ്. ഇതിനിടെ ശൗലിബസാർ എന്ന ചെറിയ ഗ്രാമവും പിന്നിട്ടു. വഴിതകർന്നവസാനിച്ചിടത്ത് വാഹനം നിന്നു.

### മൗണ്ടൻ അഗ്രികൾച്ചർ എന്ന പ്രത്യേക കൃഷിരീതി പരീക്ഷിക്കുന്ന ഗ്രാമമാണ് ഗാന്ദ്രുക്ക്. കുന്നുകളെ തട്ടുതട്ടായി ഒരുക്കിയെടുത്ത് കൃഷി ചെയ്യുന്ന സമ്പ്രദായമാണിത്

ഇനി മുന്നോട്ട് നടക്കുകമാത്രമാണ് മാർഗം. 2000 രൂപയുടെ ഇന്ത്യൻ കറൻസി നൽകിയത് ഡ്രൈവർ വാങ്ങാൻ കൂട്ടാക്കിയില്ല. ഇന്ത്യയിൽ നോട്ട് നിരോധനത്തിനു ശേഷം 2000 രൂപയുടെ കറൻസി നേപ്പാളിൽ സാധാരണ കൈപ്പറ്റാറില്ലത്രേ. അതെല്ലാം കള്ളനോട്ടുകളെന്ന ധാരണയാണ് പൊതുവെ.

കിംഷെയിൽനിന്ന് ഗാന്ദ്രുക് ഗ്രാമത്തിലേക്ക് നടക്കുകയാണ് ഞങ്ങൾ. തകർന്ന വഴി അവസാനിക്കുന്നത് കുത്തനെയുള്ള കയറ്റത്തിലാണ്. വലത്തെ ചെരിവിൽ അകലങ്ങളിലേക്ക് നീണ്ടുനിവർന്നും ഉയർന്നുതാണും കിടക്കുന്ന കുന്നുകളും താഴ്‌വരകളും. കൃഷിയിടങ്ങൾക്കിടയിൽ ചെറിയ ഗ്രാമം. ഇളംമഞ്ഞ് താഴ്‌വരയിലേക്ക് സവാരിതുടങ്ങിയിട്ടുണ്ട്. വെളിച്ചം മങ്ങിത്തുടങ്ങുന്നു. മൗണ്ടൻ അഗ്രികൾച്ചർ എന്ന പ്രത്യേക കൃഷിരീതി പരീക്ഷിക്കുന്ന ഗ്രാമമാണ് ഗാന്ദ്രുക്. കുന്നുകളെ തട്ടുതട്ടായി ഒരുക്കിയെടുത്ത് അവിടെ നെല്ലും ഗോതമ്പുമുൾപ്പെടെ കൃഷിചെയ്യുന്ന പ്രത്യേക രീതി. ആറുമാസത്തിനുള്ളിൽ കൃഷിയിറക്കി വിളവെടുക്കും. ഈ സീസൺ കഴിഞ്ഞാൽ കൊടുംമഞ്ഞാണ്.

ലാന്ദ്രുക് എന്ന ഗ്രാമത്തിലേക്ക് വഴിതിരിയുന്ന ചെറിയൊരു വളവുണ്ട്. അവിടെനിന്ന് ഇടത്തേക്കു തിരിഞ്ഞാൽ ഗാന്ദ്രുക് ആയി. പരമ്പരാഗത നേപ്പാളിവസ്ത്രമണിഞ്ഞ ഒരമ്മ പടിക്കെട്ടിൽനിന്ന് ഞങ്ങളെ നോക്കി ചിരിക്കുന്നു. ഗ്രാമകവാടത്തിനരികെ ചെറിയ ഷെഡ്ഡിലെ താമസക്കാരിയാണവർ. വഴികാട്ടിയെപ്പോലെ അവർ മുന്നിൽ നടന്നു. വിശാലമായ പടിക്കെട്ട് കയറിച്ചെല്ലുമ്പോൾ ഗ്രാമകവാടം. ഗാന്ദ്രുക് ടൂറിസം മാനേജ്മെന്റ് കമ്മിറ്റി (ജി.ടി.എം.സി.) നിർമിച്ച കൂറ്റൻ കോൺക്രീറ്റ് കമാനമാണ് സ്വാഗതമോതുന്നത്. കവാടത്തിൽ ഗ്രാമത്തെക്കുറിച്ചും അവിടെയുള്ള താമസമുൾപ്പെടെയുള്ള സൗകര്യങ്ങളെക്കുറിച്ചും വലിയൊരു ബോർഡിൽ രേഖപ്പെടു


Shutterstock

ത്തിയിട്ടുണ്ട്.

## ഗോരെപാനിയിലേക്ക്

അന്നപൂർണയുടെ വാലറ്റം എന്നു വിശേഷിപ്പിക്കാവുന്ന ഫിഷ് ടെയ്ൽ മൗണ്ടൻ സന്ധ്യാ രാഗത്തിൽ ചുവന്നുതുടുക്കുന്നു. മേഘമാലകൾ താഴ്‌വര ചുറ്റിക്കറങ്ങി, അരിച്ചെത്തുന്ന തണുപ്പിനൊപ്പം അരികിലെത്തിക്കഴിഞ്ഞു. ഒപ്പം ഇരുട്ടും. ഒരു ഹോംസ്റ്റേയിൽ കയറിക്കൂടി. 200 രൂപ നിരക്കിൽ മുറികിട്ടി. ഭക്ഷണത്തിന് വേറെ. പിറ്റേന്ന് ഗോരെപാനിവരെ പോർട്ടർമാരെ, അല്ലെങ്കിൽ കഴുതയെയെങ്കിലും 2000 രൂപയ്ക്ക് ഒപ്പിച്ചുതരാമെന്ന് ഹോംസ്റ്റേ ഉടമ സമ്മതിച്ചതാണ്. എന്നാൽ അവിടത്തെ ഭക്ഷണത്തിന്റെ ബില്ലുകിട്ടിയതോടെയാണ് കാര്യങ്ങൾ തകിടംമറിഞ്ഞത്. 12 റൊട്ടിയ്ക്കും വെജിറ്റബിൾ കറിക്കും ഈടാക്കിയത് 6000 നേപ്പാളി രൂപ. നേപ്പാൾ ഹിമാലയത്തിൽ ഭക്ഷണസാധനങ്ങൾക്ക് തീവിലയാണെന്നു കേട്ടിട്ടുണ്ട്. അതോടെ പോർട്ടർമാർ വേണ്ട എന്നു തീരുമാനിച്ചു.

അടുത്തദിവസം പുലർച്ചെ തന്നെ മുകളിലേക്ക് നടന്നുതുടങ്ങി. പിന്നിൽ വെള്ളികെട്ടിയ കൊടുമുടികൾ. ഇത്തിരിദൂരം പടികയറിയപ്പോൾത്തന്നെ പ്രശ്നങ്ങളും തുടങ്ങി. ചുമലിൽ കിടക്കുന്ന റക്സാക്കുകളുടെ ഭാരം കാരണം ഒരടിപോലും നടക്കാനാകുന്നില്ല. ഭക്ഷണസാധനങ്ങളും വെള്ളവുമൊക്കെ വേറെ തോൾസഞ്ചികളിലുണ്ട്. കാഴ്ചയുടെ എല്ലാ സൗന്ദര്യവും പുലർച്ചെതന്നെ അസ്തമിച്ചതുപോലായി. പെട്ടെന്നൊരു ഇംഗ്ലീഷ് മൃദുമൊഴി: ''ഞാനെന്തെങ്കിലും സഹായിക്കേണ്ടതുണ്ടോ, സാർ?'' ഒരു പെൺകുട്ടിയാണ് മുന്നിൽ. ഞങ്ങൾ പ്രശ്നം പറഞ്ഞു. പൊഖാരയിലെ സ്കൂളിൽ പ്ലസ് ടു വിദ്യാർഥിനിയാണ് ഡീപി എന്ന് വിളിപ്പേരുള്ള ദീപിക. സ്കൂൾ ഹോസ്റ്റലിൽനിന്ന് രണ്ടുദിവസം മുമ്പാണ് ഗ്രാമത്തിലെത്തിയത്. മൊബൈൽഫോൺ നൽകാമെങ്കിൽ അച്ഛനോട് സംസാരിച്ച് നിവൃത്തിയുണ്ടാക്കാമെന്ന് അവൾ പറഞ്ഞു. അവളുടെ അച്ഛൻ ദീപക് ഗൈഡ് കം പോർട്ടറാണ്. ഫോണിൽ അയാളെ കിട്ടിയില്ല.

അയാളുടെ എപ്പോഴോ എത്തുന്ന വിളിയും പ്രതീക്ഷിച്ച് ഞങ്ങൾ കൽക്കെട്ടുകളിലിരുന്നു. ഏതാണ്ട് അരമണിക്കൂർ കഴിഞ്ഞപ്പോൾ അയാൾ വിളിച്ചു. ഞങ്ങളുടെ ആറ് റക്സാക്ക് ചുമക്കാൻ നാല് പോർട്ടർമാർവേണം. ഒരു പോർട്ടർക്ക് 2000 രൂപ വെച്ച് ആകെ 8000 രൂപ. എന്തിനും വിലപേശൽ വേണമെന്നാണ് നേപ്പാളിൽ വന്നിറങ്ങിയതു മുതൽ പഠിച്ച പാഠം. അവസാനം റക്സാക്കുകളുടെ ഭാരത്തിനനുസരിച്ച് തീരുമാനിക്കാമെന്നായി. ഇത്തിരിക്കഴിഞ്ഞപ്പോൾ അയാൾ വന്നു. മൂന്ന് പോർട്ടർമാരുടെ തുകയായ 6000 നൽകാമെങ്കിൽ ബാഗുകൾ ഗോരെപാനിയിലെത്തിക്കാമെന്ന് അയാൾ സമ്മതിച്ചു. ചെറിയൊരു വഴിയിലൂടെ ദീപക് ഞങ്ങളെയുംകൂട്ടി നടന്നു. അയാളുടെ വീട്ടിൽപ്പോയി പ്രഭാതഭക്ഷണമോ കട്ടൻചായയോ കുടിച്ചശേഷമാകാം നടക്കുന്നതെന്ന് തീരുമാനിച്ചു.

ഷെഡ്ഡുകൾപോലെ നിർമിച്ച വീടുകൾക്കിടയിലെ ചെങ്കുത്തായ പടിക്കെട്ടിന്റെ ഒടുവിലാണ് ദീപകിന്റെ വീട്. നടുവിലെ തുറസ്സായ സ്ഥലത്ത് ചോളം








ഗോരെപാനിയിൽ നിന്ന് തിരിയുന്ന വഴി

ഗാന്ദ്രുക്കിൽ നിന്നുള്ള ഹിൻചൂലി കൊടുമുടിദൃശ്യം



ഭെർസിഖർക ഗ്രാമത്തിലേക്കുള്ള കാട്ടുപാത





പൂവിട്ടുതുടങ്ങുന്ന റോഡോഡെൻഡ്രോൺ മരങ്ങൾ





ഗോരെപാനിയിലേക്കുള്ള വഴി



ഗോരെപാനി ഗ്രാമം



കുലയായി ഉണക്കാൻ കുത്തിവെച്ചിരിക്കുന്നു. കടപ്പ പാകിയ മേൽക്കൂരയുള്ള വീടുകൾ മിക്കതും തകർച്ചയുടെ വക്കിലാണ്. ചിലയിടത്ത് കോൺക്രീറ്റ് വീടുകളുടെ നിർമാണവും നടക്കുന്നു. നിർമാണത്തിനായി കോൺക്രീറ്റ് കല്ലുകൾ തൂക്കിയിട്ട് കഴുതക്കൂട്ടങ്ങൾ പടിക്കെട്ട് കയറുന്നു. അന്നപൂർണ എല്ലാ ചന്തത്തോടെയും നീണ്ടുനിവർന്നുകിടക്കുന്നത് ദീപക്കിന്റെ മുറ്റത്താണെന്ന് തോന്നും. കോഴിയും താറാവുമൊക്കെ വീട്ടിൽ വിശ്രമിക്കുന്നു. കല്ലുപാകി സുന്ദരമാക്കിയ മുറ്റം. അവിടെ നിന്നാൽ ഗാന്ദ്രുക് ഗ്രാമമാകെ കാണാം. താഴെ വാഹനങ്ങൾ പാർക്ക് ചെയ്ത ഒരിടമുണ്ട്. ഗാന്ദ്രുക്കിലെ ആഭ്യന്തര വാഹനസർവീസ് സംവിധാനമാണത്. നയാപുലിൽനിന്നുള്ള റോഡ് ശരിയായാൽ ഗാന്ദ്രുക് വരെ വാഹനമോടും.

ദീപകിന്റെ വീട്ടിൽനിന്ന് ഓംലെറ്റും കട്ടൻചായയുമെല്ലാം കിട്ടി. ഞങ്ങളുടെ കൈവശമുള്ള ബിസ്കറ്റുകൂടിയായപ്പോൾ പ്രഭാതഭക്ഷണം കുശാൽ. തലേന്ന് രാത്രിയിൽ ഹോംസ്റ്റേയിലെ ഭക്ഷണവുമായി നോക്കുമ്പോൾ മിതമായ വിലയേ ഈടാക്കിയുള്ളൂ. മൂന്നുപേർക്കെടുക്കാനുള്ള റക്സാക്ക് രണ്ടുപേരുടെ ചുമലിലെടുപ്പിച്ച് അധികാരിയെപ്പോലെ മുന്നിൽ ദീപക് നടന്നുതുടങ്ങി.

## കാട്ടുപാതകളിലൂടെ

ചെറിയ ബാഗുകൾ ഞങ്ങൾ തന്നെ എടുത്തു. കുന്നുകയറിച്ചെല്ലുന്നത് കാട്ടിലേക്കാണ്. ഇലകൊഴിഞ്ഞുനിൽക്കുന്ന റോഡോഡെൻഡ്രോൺ വൃക്ഷങ്ങൾ കൊമ്പുകുരുങ്ങിനിൽക്കുന്ന കാട്. വേരുകൾ പിരിയാൻ പറ്റാത്തവിധം മണ്ണിൽ ചേർന്നുരുമ്മിക്കിടപ്പുണ്ട്. മഞ്ഞുകാലം തുടങ്ങിയിട്ടേയുള്ളൂ. രണ്ടുമാസത്തെ മഞ്ഞുവീഴ്ചയ്ക്കുശേഷം പലവർണപ്പൂക്കളുമായി മരങ്ങൾ മിഴിതുറക്കും. കുന്നിൻമുകളിലേക്ക് വഴിപിരിയുന്നു. പ്രദേശവാസികളുടെ ആരാധനാമൂർത്തിയായ ശ്രീബ്രജമേശ്രം ക്ഷേത്രത്തിലേക്കുള്ള വഴിയാണത്. ചെറിയൊരു തടിപ്പാലം കടന്ന്, ബുദ്ധതോരണങ്ങൾ ആകാശത്തേക്കുപറക്കുന്ന താഴ്‌വരയിലൂടെ അടുത്ത കാട്ടിലേക്ക് നടന്നു. ചെറിയ വെള്ളച്ചാട്ടവും തോടും പടിക്കെട്ടുമെല്ലാമുള്ള കാട്. 2480 മീറ്റർ ഉയരത്തിലാണ് ഞങ്ങൾ സഞ്ചരിക്കുന്നത്. ഭൈസിഖർക എന്ന സ്ഥലത്തെത്തുകയാണ്. ചെറിയൊരു ധാബയിലാണ് വഴിയവസാനിക്കുന്നത്. ചായയും ലഘുഭക്ഷണവും താമസിക്കാൻ സൗകര്യവുമൊക്കെ കിട്ടും.

കാട്ടുവഴിയാണ് മുന്നിൽ. കുറേ നടന്ന് മൊഹോറിയ എന്ന ഗ്രാമത്തിലെത്തുകയാണ്. കാര്യമായി ആൾപ്പാർപ്പുള്ള ഗ്രാമമല്ല മൊഹോറിയ. എങ്കിലും മൂന്നുനാലു കുടിലുകളുണ്ട്. പക്ഷേ, താമസക്കാരില്ല. അവരെല്ലാം മേഷ്റാം ക്ഷേത്രത്തിനു ചുറ്റുമുള്ള പ്രദേശത്താണ് ഇപ്പോൾ വസിക്കുന്നതെന്ന് ദീപക് പറഞ്ഞു. മേഷ്റാം ക്ഷേത്രം, നേപ്പാളിലെ പൗരാണിക ഗോത്രവിഭാഗമായ ഗുരുങ്ങുകളുടെ പവിത്രമായ ഇടമാണ്. അവരുടെ വിശ്വാസമനുസരിച്ച് അവർക്ക് ഒൻപത് ആണും ഏഴു പെണ്ണും മുൻഗാമികളുണ്ട്. ഇവർക്ക് ദൈവസങ്കല്പമാണ്. ആൺ മുൻഗാമികൾ അജി ബെഗു എന്നും പെൺ മുൻഗാമികൾ അജി മാങ്ങ്ഗി എന്നും അറിയപ്പെടുന്നു. ബെഗുവിനെ പർവതമായും മാങ്ങ്ഗിയെ തടാകമായും സങ്കല്പിക്കുന്നു.



🔺 പൂൺഹില്ലിൽ നിന്നുള്ള ധൗളഗിരിയുടെ കാഴ്ച

എല്ലാം ചേർന്ന് ഖെഗു മാങ്ങ്ഗിയെന്നാണറിയപ്പെടുന്നത്. ഇവ പരിശുദ്ധയിടങ്ങളാണ്. ചൈനയിലെ ക്വിൻഘായ് പ്രവിശ്യയിലെ ഖോ ഖോ നോർ തടാകത്തിനു സമീപമുള്ളവ പൊതുവെ ഖെഗു മാങ്ങ്ഗിയെന്നറിയപ്പെടുന്നു. ഒൻപത് പുരുഷദൈവങ്ങൾക്ക് 99 പിരിവുകളുണ്ട്. അവരെ തെങ്ങ്രിയെന്നും ഏഴു സ്ത്രീദൈവങ്ങളുടെ 77 പിരിവുകൾക്ക് നദിഗൈ എന്നും പറയുന്നു. നദിഗൈയെ നേപ്പാളിഭാഷയിൽ ഖുക് ജെ ഏജെ എന്നുവിളിക്കും. ബൂമോർഗൽ എന്ന് വിളിപ്പേരുള്ള ഭൂമിദേവതയുടെ അവതാരമാണത്രേ ഖുക് ജെ. അതേസമയം സർവസംരക്ഷകനായ ഖോകെ മോങ്ങ്കെ തെങ്ങ്രി എന്ന നീലാകാശത്തിന്റെ ഉടയോനാണ് (ബ്ലൂ എറ്റേണൽ ഗോഡ്) ദൈവപ്രമാണി. അദ്ദേഹത്തിന്റെ ക്ഷേത്രമാണ് മേഷ്റാം. അവിടേക്കുള്ള കയറ്റം കണ്ടപ്പോൾത്തന്നെ ബോധക്ഷയം വരുമോയെന്ന് പേടിച്ചു.

ഗോരെപാനി യാത്രയിലെ പ്രധാന ഇടത്താവളമായ താടാപാനിയിലെത്തി. ചെറിയൊരു ഹോട്ടൽ കണ്ടു. യാത്രികർക്ക് വിശ്രമിക്കാൻ നിരവധി കസേരകൾ നിരത്തിയിട്ടുണ്ട്. കുന്നിൻപ്രദേശത്ത് കാബേജും ചീരയും ഉരുളക്കിഴങ്ങുമെല്ലാം തഴച്ചുവളരുന്നു. അന്നപൂർണ സർക്യൂട്ട് കുറേക്കൂടി വ്യക്തമായി ഇവിടെ നിന്നാൽ കാണാം. അന്നപൂർണ കുന്നുകളിൽ ഓരോന്നിന്റെയും രൂപവും ഉയരവും വിശദവിവരവും എല്ലാം സാമാന്യം വലിയ ബോർഡിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തണുത്തകാറ്റ് അരിച്ചെത്തുന്ന റോഡോഡെൻഡ്രോൺ കാട്ടിലൂടെ കുന്നുകളും ഇറക്കങ്ങളും പിന്നിടുകയാണ് ഞങ്ങൾ. കോടമഞ്ഞ് വൃക്ഷത്തലപ്പുകളിൽ തട്ടി മഴപോലെ പെയ്യുന്നു. അരമണിക്കൂറിലേറെയെടുത്തു, ബന്ദാട്ടി അതിർത്തിയിലെത്താൻ. ഒരു ധാബയ്ക്കുമുന്നിൽ തോൾസഞ്ചികൾ ഇറക്കിവെച്ചു. ഇവിടെയും ഒരു അമ്മയും മകളുമാണ് ലോഡ്ജിന്റെ നടത്തിപ്പുകാർ. മുള്ളങ്കി ചെറുതായി അരിഞ്ഞ് ഉണക്കിയെടുക്കുന്ന ജോലിയിലാണ് മകൾ. ബന്ദാട്ടി കുന്നിറങ്ങിക്കഴിയുമ്പോൾ ട്രാൻക്വിലിറ്റി ലോഡ്ജ് എന്നപേരിൽ മറ്റൊന്നുണ്ട്. ചൂട് ഭക്ഷണശാല എന്നതാണ് അവരുടെ പ്രത്യേകത. മുറിക്ക് നടുവിൽ കൽക്കരിയുപയോഗിച്ച് തീകൂട്ടി അതിനുചുറ്റും ഭക്ഷണം വിളമ്പുന്ന രീതിയാണ്. കൽക്കരിയെന്നൊക്കെ പറയുമെങ്കിലും മിക്കയിടത്തും പാചകവാതകമാണ് കത്തിക്കുക. ഇതുതന്നെ താമസിക്കുന്ന സ്ഥലത്ത് ചൂടുകിട്ടാനായും ഉപയോഗിക്കും. ഗോരെപാനിയിൽത്തന്നെ രണ്ടിലധികം നിലയുള്ള ലോഡ്ജുകളിൽ സാധാരണ പാചകവാതക സിലിണ്ടറിൽനിന്ന് റബർ ട്യൂബ് ഉപയോഗിച്ച് മുകളിലേക്ക് ഗ്യാസ് കൊണ്ടുപോകുന്നത് നേരിൽക്കണ്ടിട്ടുണ്ട്.

**തണുത്തകാറ്റ് അരിച്ചെത്തുന്ന റോഡോഡെൻഡ്രോൺ കാട്ടിലൂടെ കുന്നുകളും ഇറക്കങ്ങളും പിന്നിടുകയാണ് ഞങ്ങൾ. കോടമഞ്ഞ് വൃക്ഷത്തലപ്പുകളിൽ തട്ടി മഴപോലെ പെയ്യുന്നു**

സമയം വൈകിട്ട് 5.30. ഗോരെപാനിയിൽ എത്താമെന്ന സ്വപ്നം പൊലിയുന്നു. ആട്ടിൻകുട്ടികൾ മുട്ടിയുരുമ്മിവരുന്ന ഇടവഴിയിൽ അവയുടെ സഞ്ചാരത്തിന് ഇളക്കംകൊടുക്കാതെ നിന്നു. അകലെ കാണുന്നതാണ് ബന്ദാട്ടി ഗ്രാമം. അവിടെ തമ്പടിച്ച് അടുത്തദിവസം പുലർച്ചെ യാത്ര തുടങ്ങാമെന്നാണ് തീരുമാനം. 2660 മീറ്റർ ഉയരത്തിലാണ് ഞങ്ങൾ. ചെറിയൊരു ഹോട്ടലിൽ മുറി കിട്ടി. ആറുമണി കഴിഞ്ഞതോടെ കനത്ത ഇരുട്ടും നെഞ്ചിലേക്ക് വന്നിടിക്കുന്ന തണുപ്പും. മുറിക്കുള്ളിൽ രജായിയൊക്കെ ഉണ്ടെങ്കിലും രക്ഷയില്ല. മുറികളിൽ കക്കൂസില്ല. ഹോട്ടലിൽ നേരത്തെ പറഞ്ഞതുപോലുള്ള ചൂടാക്കൽ സംവിധാനമുണ്ട്. ഭക്ഷണം കഴിച്ചു.

ബില്ല് കണ്ടതോടെ എങ്ങനെയും എത്രയും വേഗം അവിടെ നിന്നും രക്ഷപ്പെട്ടാൽ മതിയെന്നായി. ഞങ്ങൾ കഴിച്ച നാല് പ്ലേറ്റ് ചോറിന് 1200 രൂപ. രണ്ടു

വെജിറ്റബിൾ കറിക്ക് 600. മൂന്നു മുട്ടയ്ക്ക് 600. ആറു ചപ്പാത്തിക്ക് 1200. ഒരു ലിറ്റർ ഇളംചൂടുവെള്ളത്തിന് 600 രൂപ. താടാപാനി ടൂറിസം മാനേജ്മെന്റ് കമ്മിറ്റി അംഗീകരിച്ച മെനു കാർഡ് പ്രകാരമുള്ള റേറ്റാണിതെന്ന് ഹോട്ടലുടമ പറഞ്ഞു. തർക്കിക്കുന്നതിൽ കാര്യമില്ല.

കഴിഞ്ഞ ദിവസം നടന്നതിന്റെ ക്ഷീണം ശരീരത്തെയാകെ ബാധിച്ചിട്ടുണ്ട്. ഇപ്പോൾ കാര്യമായ ഭാരം ചുമലിലുണ്ടുതാനും. കുത്തനെയുള്ള കയറ്റമാണ് ബന്ദാട്ടിയിൽനിന്ന് ഗോരെപാനിയിലേക്ക്. വഴിക്കുകുറുകെ വെള്ളച്ചാട്ടങ്ങളും പുഴയും പാലങ്ങളുമൊക്കെയുണ്ട്. പുലർച്ചെ ഗോരെപാനിയിൽനിന്ന് തിരിച്ചിറങ്ങുന്ന വിദേശികൾ നിരവധിപേരെ വഴിയിൽ കണ്ടു. ഭാരത്തിന്റെ അലോസരമുണ്ടെങ്കിലും തണുപ്പും കാറ്റിന്റെ മുഴക്കവും ഇരുണ്ട കാടും യാത്രയ്ക്ക് ഹരം പകരുന്നുണ്ട്. ഏറ്റവും മുന്നിൽ ഒറ്റയ്ക്കാണ് ഞാൻ നടക്കുന്നത്. കയറ്റങ്ങളിൽ വലഞ്ഞും, ഇളംകാറ്റിൽ കിതപ്പുമാറ്റിയും കാടിന്റെ ചൂരറിഞ്ഞും താഴ്വരകളിലെ കുളിരുപറ്റിയും മൗനമായി ഒരു ധ്യാനയാത്ര. ദൂറോലി എന്ന ഗ്രാമത്തിലെത്തി. ചെറിയൊരു റസ്റ്റോറന്റാണ് ഗ്രാമത്തിന്റെ മുഖം. ഇവിടെ നിരവധി ട്രെക്കിങ് റൂട്ടുകളുണ്ട്. റൂട്ടുകൾ നിരീക്ഷിക്കാൻ കുന്നിൻമീതെ ഒരു വാച്ച്ടവറും നേപ്പാൾ സർക്കാർ പണികഴിപ്പിച്ചിട്ടുണ്ട്.

നേപ്പാളി ഗ്രാമീണ ഉത്പന്നങ്ങൾ വിൽക്കുന്ന ഗ്രീൻ ലോഡ്ജ് ദേവദാരു മരങ്ങൾക്കിടയിലാണ്. ദേവദാരു മരങ്ങൾ തണൽവിരിക്കുന്ന ഇരുട്ടിലൂടെ ഞങ്ങൾ നടന്നു. 'അന്നപൂർണകൾ' വിരൽതൊട്ടാൽ അരികിലെന്നു തോന്നുംവിധം നിമ്നോന്നതങ്ങൾ പുറത്തുകാട്ടി കിടപ്പുണ്ട്. നടവഴിയുടെ ഇടത്തേ ചരിവ് അവസാനമില്ലാത്തവിധം താഴേക്ക് ഇരുട്ടിലും മേഘങ്ങൾക്കിടയിലും മൂടി കിടക്കുന്നു. താഴ്വര സ്വർണനിറത്തിൽ ചിരിക്കുന്നു. നിരന്ന പ്രദേശത്തുകൂടിയുള്ള വഴിയാണ്. ഇരുവശത്തെയും കാഴ്ചകൾ ഇപ്പോഴും മോഹിപ്പിക്കുന്ന ഭയമായി കൂടെയുണ്ട്. കൺവെട്ടത്തിലാണ് ഗോരെപാനി. പക്ഷേ, എത്താൻ ഇനിയും അരമണിക്കൂറിലേറെ നടക്കണം. പൂൺഹില്ലിലേക്ക് കയറാനുള്ള വഴി ഞങ്ങൾ നിൽക്കുന്ന കുന്നിന് സമാന്തരമാണ്. ഏറ്റവും കുറഞ്ഞത് അഞ്ചു മണിക്കൂറെങ്കിലും അവിടേക്ക് നടക്കണം. ചതുരാകൃതിയിൽ കെട്ടിവെച്ച കൽക്കെട്ടിന് മുമ്പിലിരുന്ന ഒരു പോർട്ടറാണ് കുന്നുകൾക്ക് അകലെ കാണുന്ന പൂൺഹിൽവഴി ചൂണ്ടിക്കാട്ടിയത്.

ബുദ്ധക്കൊടികൾ പറക്കുന്ന താഴ്വരയിലാണ് ഞങ്ങളിപ്പോൾ. ബഹുവർണത്തോരണങ്ങൾ കാറ്റിൽ ഉല്ലസിക്കുന്നു. താഴ്വര ഇറങ്ങിയാൽ ഗോരെപാനിയാണ്. ചെമ്മൺപാത കഴിഞ്ഞുള്ള പടിയിറക്കം ഇത്തിരി കഠിനമാണ്. പടിയിറങ്ങിച്ചെല്ലുമ്പോൾ വഴിക്ക് നടുവിൽ കോൺക്രീറ്റ് കവാടം. ഗോരെപാനിയിലേക്ക് സ്വാഗതം. മൊണാൽ പക്ഷിയുടെ രൂപം കൊത്തിവെച്ചിട്ടുണ്ട്. നമസ്തേ എന്ന് ഇംഗ്ലീഷിലും ഹിന്ദിയിലും അഭിവാദ്യം. കവാടം പിന്നിടുന്നത് കുത്തനെയുള്ള പടിക്കെട്ടിലേക്കാണ്. കരിങ്കൽ പാളികൾ നിരത്തി നിർമാണദശയിലാണ് പടിക്കെട്ട്.

ഗോരെപാനി ഗ്രാമത്തുടക്കത്തിൽ തന്നെയാണ് സണ്ണി ഹോട്ടൽ. സാധാരണക്കാർക്ക് താങ്ങാൻ പറ്റുമോയെന്ന് സന്ദേഹമുണ്ടാക്കുന്ന പഞ്ചനക്ഷത്രഗരിമയോടെ ഒരു ലോഡ്ജ്. തൊട്ടടുത്ത് ചെറിയ ലോഡ്ജുകളും ഹോംസ്റ്റേയും കളിക്കളവുമൊക്കെയുണ്ട്. എത്ര തുകയായാലും വേണ്ടില്ല, ഒരു രാത്രി താവളത്തിന് അലയേണ്ടതില്ലെന്ന് ഞങ്ങൾ തീരുമാനിച്ചു. ഉള്ളിൽ കയറിയശേഷമാണ് ഹോട്ടലിന്റെ സൗകര്യങ്ങൾ വ്യക്തമായത്. രണ്ട് കിടക്കകളുള്ള ക്യുബിക്കിളിന് വാടക വെറും 100 രൂപ. വൈഫൈ സംവിധാനത്തിലൂടെ ഇന്റർനെറ്റ് ലഭിക്കും, അതിന് പ്രതിദിനം 100 രൂപ. ചൂടുവെള്ളം ഒഴുകുന്ന കുളിമുറി ഫ്രീയാണ്. എല്ലാംകൊണ്ടും മിതമായ നിര



പൂൺഹില്ലിന് മുകളിൽ നിന്നുള്ള ധൗളഗിരിയുടെ മറ്റൊരു കാഴ്ച

ക്ക്. (ഭക്ഷണത്തിന് ഉൾപ്പെടെ). പുറത്തിറങ്ങാൻ പറ്റാത്തത്ര തണുപ്പ്. ചൂടുവെള്ളം ഫ്രീയായി കിട്ടുമെന്ന് അറിഞ്ഞതോടെ ഒരു കുളി പാസാക്കാമെന്ന ആശ്വാസത്തിലാണ് ഞങ്ങൾ. മനോഹരമാണ് ഹോട്ടലിലെ ഇടനാഴികൾ. ഒരു പൗരാണിക മന്ദിരത്തിന്റെ എല്ലാ ഗരിമയുമുള്ള പടിക്കെട്ടുകൾ. ടോയ്‌ലെറ്റുകൾ പൊതുവാണെങ്കിലും നല്ല വൃത്തിയും വെടിപ്പും. നടുവിൽ കൽക്കരി കൂട്ടി കത്തിച്ച ആഴി. പല രാജ്യക്കാർ അതിനു ചുറ്റുമുണ്ട്. തൊട്ടടുത്താണ് അടുക്കളയും മദ്യകൗണ്ടറും.

ഇന്ത്യക്കാരനായ ഒരു മുൻ പട്ടാള ഉദ്യോഗസ്ഥനാണ് സണ്ണി ഹോട്ടലിന്റെ ഉടമസ്ഥൻ; ക്യാപ്ടൻ ദാം ബഹാദൂർ പുൻ. അന്തർദേശീയ സ്പ്രിങ് ബോർഡ് ഡൈവറാണ് പുൻ. 1975 മുതൽ 79 വരെയും 81, 82, 86 ലും ദേശീയ ജേതാവായിരുന്നു. 1978-ൽ പതിനൊന്നാം കോമൺവെൽത്ത് ഗെയിംസിലും ഒമ്പതും പതിനൊന്നും ഏഷ്യൻ ഗെയിംസിലും ഇന്ത്യയെ പ്രതിനിധാനം ചെയ്തിട്ടുണ്ട്. അദ്ദേഹം സ്ഥലത്തില്ല. ഭാര്യയാണ് ഹോട്ടലിന്റെ തത്കാല നടത്തിപ്പുകാരി. ഭക്ഷണത്തിനായി റസ്റ്റോറന്റിൽ എത്തിയപ്പോൾ ഞങ്ങൾ ഇന്ത്യക്കാരെന്ന് ബോധ്യമായതോടെ അവർത്തന്നെ ഞങ്ങളുടെ മേശക്കരികിൽ എത്തി പരിചയപ്പെട്ടു.

## ഒടുവിൽ പൂൺഹില്ലിൽ

പിറ്റേന്ന് പുലർച്ചെ നാലുമണിയോടെ പൂൺഹില്ലിലേക്ക് നടന്നുതുടങ്ങി. കുറ്റാക്കൂരിരുട്ടും സർവശരീരവും മരവിപ്പിക്കുന്ന തണുപ്പും. വഴി നിശ്ചയം പോരാ. ഒന്നരകിലോമീറ്ററേ കുന്നിൻ മുകളിലേക്കുള്ളൂ. സമുദ്രനിരപ്പിൽനിന്നും 3210 മീറ്റർ ഉയരം. കെട്ടിടങ്ങൾക്കിടയിൽ കെട്ടിപ്പൊക്കിയ പടിക്കെട്ടുകളിൽ വഴി ചൂണ്ടിക്കാട്ടുന്ന ബോർഡുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇരുട്ടിൽ അതൊന്നും വായിച്ചെടുക്കാനാകുന്നില്ല. വഴി രണ്ടുമൂന്നായി പിരിയുന്ന പടിക്കെട്ടിൽ ഇത്തിരിനേരം നിന്നു. സ്നോലയൺ എന്ന പേര് എഴുതിയ കെട്ടിടത്തിന് അരികിൽ മുകളിലേക്ക് നീളുന്ന പടിക്കെട്ടിൽ മുൻപേ പോയ ആരോ വഴി അടയാളപ്പെടുത്തിയിട്ടുണ്ട്. ഞങ്ങളും അതുവഴി കയറിത്തുടങ്ങി. കല്ലുപാകിയ പടി ആയതിനാൽ കാലുയർത്തിവെച്ചാണ് കയറേണ്ടത്. ടോർച്ചിന്റെ നേർത്ത വെളിച്ചത്തിൽ തപ്പിത്തടഞ്ഞാണ് കയറുന്നത്. താഴ്‌വരയിലേക്ക് തുറക്കുന്ന വളവുകളിൽ കമ്പിത്തൂണുകൾ നിർത്തി കൈവരി കെട്ടിയിട്ടുണ്ട്. അന്നപൂർണ മുനിസിപ്പാലിറ്റിയുടെ ടിക്കറ്റ് കൗണ്ടർ വഴിയിലാണ്. 100 രൂപയാണ് പ്രവേശന ഫീസ്. 500-നും 1000-നും ഇടയിൽ പടി ഉണ്ടാകും പൂൺഹില്ലിലേക്ക്. കയറി തുടങ്ങുമ്പോൾ എണ്ണാൻ ഒരു ശ്രമം നടത്തിയെങ്കിലും കിതപ്പിനും കാലുവേദനയ്ക്കുമിടയിൽ അത് വിട്ടുപോയി. ഏതാണ്ട് ഒന്നര മണിക്കൂറിനുള്ളിൽ ഞങ്ങൾ പൂൺഹിൽ നിരപ്പിലെത്തി. ചെറിയൊരു വാച്ച് ടവർ ഇരുട്ടിൽ കാണാമെങ്കിലും അതിൽ സഞ്ചാരികൾ നിറഞ്ഞു കഴിഞ്ഞു.

മങ്ങിയ ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രംപോലെ പൂൺഹിൽ. തണുപ്പ് മൈനസ് ത്രീ എന്ന് ആരോ വിളിച്ചുപറഞ്ഞു. നിവർന്നുനിൽക്കാൻപോലുമാകാതെ വിറയ്ക്കുന്നുണ്ട്. വീശിയടിക്കുന്ന കാറ്റ് മേൽവസ്ത്രങ്ങളുടെയൊക്കെ സ്ഥാനം തെറ്റിക്കുന്നു. കൈയുറ ധരിച്ച് ഫോട്ടോ എടുക്കാൻ ആകാത്തതിന്റെ ബുദ്ധിമുട്ട് വേറെ. ഇരുട്ടിൽ തിളങ്ങുകയാണ് ചുറ്റുമുള്ള കുന്നുകൾ. വാച്ച് ടവറിനോട് ചേർന്ന് സാമാന്യം വലിയൊരു ബോർഡ്, പർവതങ്ങളുടെ ചിത്രവും ഉയരവും സഹിതം രേഖപ്പെടുത്തിയിട്ടുണ്ട്. വെളിച്ചമെത്തിയിട്ടില്ലെങ്കിലും ധൗള ഗിരി, അന്നപൂർണ, മച്ഛാ പൂച് രെ, ഹിൻ ചൂലി, ധംപസ്, ഗംഗാ പൂർണ, തു ഖ് ചെ, ഗുർജ് ഹിമാൽ, നീൽഗിരി ഹിമാൽ എന്നിവ വ്യക്തമായി കാണാം.

സൂര്യന്റെ ആദ്യകിരണത്തിനായുള്ള കാത്തുനിൽപ്പാണ്. കിഴക്കേചരുവിൽ ഹിൻചൂലിക്കും ധംപസിനും ഇടയിൽ സൂര്യൻ ഒന്ന് എത്തിനോക്കി. ആവേശക്കടലിരമ്പം. സൂര്യൻ ഒന്ന് തൊട്ടതേയുള്ളൂ, ഇരുണ്ട കൊടുമുടിത്തലകളിൽ തീപാറുന്നു. ഗൈഡുകൾ ഓരോ പർവതവും ഏതെന്ന് ചൂണ്ടിക്കാട്ടി വിവരിക്കുന്നു. ക്യാമറകൾ ഇടതടവില്ലാ

**സ്വപ്നത്തിൽ മാത്രം കണ്ട ദൃശ്യങ്ങൾ ഇതാ മുന്നിൽ നൃത്തം ചെയ്യുന്നു. എണ്ണിയാലൊടുങ്ങാത്ത കുന്നുകളുടെ പറുദീസയിലൂടെ സൂര്യൻ സവാരി ചെയ്യുന്നു**

തെ ചലിക്കുന്നു. സ്വപ്നത്തിൽ മാത്രം കണ്ട ദൃശ്യങ്ങൾ ഇതാ മുന്നിൽ നൃത്തം ചെയ്യുന്നു. എണ്ണിയാലൊടുങ്ങാത്ത കുന്നുകളുടെ പറുദീസയിലൂടെ സൂര്യൻ സവാരി ചെയ്യുന്നു. മേഘമാലകൾ പർവതസ്തനങ്ങളിൽനിന്ന് ഊർന്ന് താഴ്‌വരത്തണുപ്പുതേടി പോകുന്നു. പേരറിയാകുന്നുകളിൽ ഇളംവെട്ടം നിറങ്ങളുടെ മഴവില്ല് തീർക്കുന്നു. മഞ്ഞുകട്ടകൾ പരസ്പരാലിംഗനം നിർത്തി ഉരുകിത്തുടങ്ങുന്നു. അവിടവിടെ തലയുയർത്തി ചിരിക്കുന്ന റോഡോഡെൻഡ്രോണുകൾ വസന്തകാലം അകലെയല്ലെന്ന് ഓർമിപ്പിച്ചു.

'ലുതുങ് കോ ദന്ത' എന്നായിരുന്നു അരനൂറ്റാണ്ടുമുമ്പ് പൂൺഹില്ലിന്റെ പേര്. ഇന്ത്യൻ ആർമിയിൽ മേജറായിരുന്ന തെക് ബഹാദൂർ പൂണാണ് ഈ കുന്നിന് നേപ്പാളിലെ പരമ്പരാഗത വിഭാഗമായ പൂണുകളുടെ പേര് ചാർത്തിക്കൊടുത്തത്. അദ്ദേഹത്തിന്റെ ഓർമയ്ക്കായി പണി കഴിപ്പിച്ചതാണ് പൂൺഹില്ലിലെ ലുക്ക്ഔട്ട്. കുന്നിറങ്ങി ഹോട്ടലിലെത്തി. സമയം രാവിലെ ഒൻപതുമണി ആകുന്നതേയുള്ളൂ. ഒരു മണിക്കൂറിനുള്ളിൽ മടക്കയാത്ര തുടങ്ങിയാൽ അന്നുതന്നെ പൊഖാരയിൽ എത്താനാകും. ഗോരെപാനിയിൽനിന്ന് ഉള്ളേരി വഴി നയാപുലിൽ എത്തി അവിടെനിന്ന് ഏതെങ്കിലും വാഹനത്തിൽ പൊഖാറയിൽ എത്താനാണ് തീരുമാനം. തിരിച്ചിറക്കമായതിനാൽ കുന്നുകയറ്റത്തിന്റെ അത്രയും സമയം വേണ്ടിവരില്ല. ഇനി മടക്കം. അന്നപൂർണകളേ നന്ദി. ധൗള ഗിരിക്കും ഗംഗാപൂർണയ്ക്കും നമോവാകം..





# അഴകിലൊഴുകി അകലാപ്പുഴ



**Akalapuzha in Kozhikode meanders through a lush green countryside, offering sustenance to many villagers ashore. It ignites the imagination of famous novelists like U K Kumaran who has made it a living character weaving together time and history, in his novel "Thakshankunnu Swaroopam"**

## കാലദേശാന്തരം ഒഴുകുകയാണ് അകലാപ്പുഴ. പുഴക്കാറ്റേറ്റ്, പച്ചപ്പു കണ്ട്, പുഴയ്ക്കരികെ തളിർക്കുന്ന ജീവിതങ്ങൾ കണ്ടൊരു നാടുചുറ്റൽ

Text : **Biju Raghavan**
Photos: **N M Pradeep**

ഒരുപുഴയും മറുപുഴയും ചേരുമ്പോൾ... വിജയ് യേശുദാസിന്റെ ശബ്ദം കുളിരുപോലെ അരിച്ചിറങ്ങുന്നു. കർക്കടകക്കാറുനിറഞ്ഞ പ്രഭാതത്തിൽ ഞങ്ങളുടെ വണ്ടി അകലാപ്പുഴയുടെ തീരത്തേക്കോടിക്കൊണ്ടിരിക്കുകയാണ്; പുഴയൊഴുകുന്ന വഴികൾ കാണാൻ, പുഴയിലെ ഓളവും പുഴക്കരയിലെ മേളവും കാണാൻ.

കോഴിക്കോട്ടെ പ്രശസ്തമായ ദേശം, പയ്യോളിയെ നനച്ചുകൊണ്ടൊഴുകുന്ന പുഴ. അകലാപ്പുഴയ്ക്ക് എന്നും അഴക് ഒരുപാട് കൂടുതലുണ്ടെന്നാണ് കേൾവി. ചുറ്റിലും പച്ചത്തുരുത്തുകൾ ഒളിപ്പിച്ചുവെച്ച, തെങ്ങിൻതലപ്പുകൊണ്ട് മുഖം മറയ്ക്കുന്ന, തെളിനീരൊഴുകുന്ന പുഴ. കേട്ടറിവിനെക്കാൾ വലുതാണ് കണ്ടറിവെന്ന നിശ്ചയത്തിൽ യാത്രയ്ക്ക് വേഗം കൂടി. പ്രണയവും വെയിലും മഴയുമായി പുഴ പലരൂപങ്ങൾ പൂണ്ട് പാട്ടിൽ ഒഴുകിക്കൊണ്ടിരുന്നു.

പയ്യോളിയിൽനിന്ന് പേരാമ്പ്ര റോഡിലൂടെ അഞ്ചുകിലോമീറ്റർ പിന്നിടുമ്പോഴേക്കും പയ്യോളി അങ്ങാടിയിലെത്തി. മൂരാട് പുഴയും അകലാപ്പുഴയും



കൈവഴികളിലൂടെ



സന്ധിക്കുന്ന പയ്യോളി ചീർപ്പ് തൊട്ടടുത്താണ്. അവിടെനിന്ന് വലത്തോട്ടുതിരിഞ്ഞ് ഒന്നരക്കിലോമീറ്റർ. അപ്പോഴേക്കും മുന്നിൽ പുഴയുടെ തെളിമയാർന്ന രൂപം പ്രത്യക്ഷപ്പെട്ടു. ഇവിടെനിന്ന് റോഡ് പുഴയിലേക്കിറങ്ങുകയാണ്. പുഴയിലൂടെ നൂണ്ട് നൂലുപോലെ കിടക്കുന്ന നിരത്ത്. എന്തൊരഴകേറുന്ന കാഴ്ച. ഒരുവശത്ത് പുഴ, മറുവശത്ത് കൈത്തോടുകളും ബണ്ടുകളും. പെട്ടെന്ന് കുട്ടനാട്ടിൽ വന്നെത്തിയപോലെ.

പുഴയെ മുറിച്ചുണ്ടാക്കിയ റോഡിൽനിന്ന് നിരവധിപേർ ചൂണ്ടയിടുന്നുണ്ട്. അവർക്കുമുന്നിലെ കൊട്ടയിൽ പരൽമീനുകൾ നിറഞ്ഞുകിടക്കുന്നു. മുന്നിൽ കണ്ണെത്താദൂരെ പരന്നുനിറഞ്ഞ വിശാലമായ ജലപ്പരപ്പ്. അകലാപ്പുഴയുടെ സമൃദ്ധമായ കാഴ്ച. ഗോവിന്ദമേനോൻ കെട്ട് എന്നാണ് ഈ റോഡിന്റെ പേര്. ഒരുവശത്തുള്ളത് കോൾനിലങ്ങളാണ്. പണ്ടുകാലത്ത് ഇവിടെ കൃഷിയുണ്ടായിരുന്നു. ഗോവിന്ദമേനോൻ എന്നൊരാളുടെ സ്ഥലമായിരുന്നത്രേ ഇതെല്ലാം. അദ്ദേഹത്തിന്റെ ഓർമയിൽ റോഡ് വന്നപ്പോൾ പുഴ അതിരിട്ടൊഴുകാൻ തുടങ്ങി. അതോടെ അകലാപ്പുഴ തന്റെ സൗന്ദര്യം കാണാൻ കാഴ്ചക്കാരെ വിളിച്ചു. സന്ദർശകർക്ക് ഈ റോഡിലൂടെ നടന്നും നിന്നും ഇരുന്നും പുഴയെ കാണാം. വൈകുന്നേരം ചെലവിടാൻ ധാരാളം കുടുംബങ്ങൾ ഇവിടെയെത്താറുണ്ടെന്ന് ചൂണ്ടയിടുന്ന തിരക്കിൽ പ്രദേശവാസിയായ അബ്ദുൾ നാസർ പറഞ്ഞു. അയാൾ വീണ്ടും പ്രതീക്ഷയോടെ ചൂണ്ടയിൽ ഇരകോർത്ത് കാത്തുനിന്നു.

## ജീവിതം തളിർക്കുന്ന തീരങ്ങൾ

ഓരോ പുഴയും എത്രയോ ജീവിതങ്ങൾ തളിർക്കുന്ന തീരങ്ങളുടേതുകൂടിയാണ്. അകലാപ്പുഴയുടെ അരികിലുമുണ്ട് ഇഷ്ടംപോലെ ഉദാഹരണങ്ങൾ. പലരും പുഴയിൽ മീൻകെട്ടുകളൊരുക്കിയിട്ടുണ്ട്. പുഴയുടെ കുളിർമയിൽ കാളാഞ്ചിയും കരിമീനും വളർത്തുന്നവർ. പണ്ട് മത്സ്യത്തൊഴിലാളിയായിരുന്ന നാരായണനും ഇപ്പോൾ മക്കൾക്കൊപ്പം മത്സ്യക്കൃഷിയിലാണ്. ശരീരത്തിന് സുഖമില്ലാതായപ്പോഴാണ് മീൻപിടിത്തം നിർത്തിയത്. നാരായണൻ വളർത്തുമീനിന് തീറ്റയായി കൊടുക്കുന്നത് ചെറിയ ചെമ്മീൻകുഞ്ഞുങ്ങളെയാണ്. കൃത്രിമത്തീറ്റ കൊടുത്താൽ മത്സ്യത്തിന്റെ സ്വാഭാവികരുചി പോവുമെന്ന് നാരായണന്റെ ന്യായം. ''ഈ പുഴയ്ക്ക് എത്ര വലുപ്പമുണ്ടാവും?'' ചോദ്യം കേട്ട് നാരായണൻ കൈമലർത്തി. അദ്ദേഹത്തിന്റെ ഓർമയിലെ അകലാപ്പുഴ ചിരിച്ചും കളിച്ചും ഒഴുകിത്തുടങ്ങി. ''ഇവിടെ പണ്ട് തോണിസർവീസുണ്ടായിരുന്നു. വടകരനി

**പയ്യോളി അങ്ങാടിയിൽനിന്ന് ഒന്നര കിലോമീറ്റർ യാത്ര ചെയ്താൽ അകലാപ്പുഴയുടെ തീരത്തെത്താം**

ന്നും കുറ്റ്യാടിനിന്നുമൊക്കെ തോണി വരും. പയ്യോളി ചീർപ്പ് കടന്ന് ആളുകൾ കല്ലായിക്ക് പോവുമായിരുന്നു. ഞാനീ പുഴയിലൂടെ കല്ലായിയിൽനിന്ന് മരം കൊണ്ടുവന്നിട്ടുണ്ട്. ഇവിടെനിന്ന് പുലർച്ചെ പുറപ്പെട്ടാൽ 12 മണിയാവും കല്ലായിയെത്താൻ. അന്നും പുഴയ്ക്ക് ഇതേ വലുപ്പമായിരുന്നു. ഇപ്പോഴും ഇതിന്റെ ആഴവും ഒഴുക്കും കുറഞ്ഞിട്ടില്ല'' അദ്ദേഹം ഓർമകളിലെ പുഴയിൽ കുറേനേരം തുഴഞ്ഞു.

ഇവിടെനിന്ന് അകലാപ്പുഴയിലേക്കു നോക്കുമ്പോൾ ആദ്യം കണ്ണിൽപ്പെടുന്നത് ദൂരെയുള്ള ആ തുരുത്താണ്. അരയിൽ പച്ച അരഞ്ഞാണമിട്ടപോലെയുണ്ട് പുഴയിലെ ഈ തുരുത്ത്. ''അതാണ് തീവണ്ടിത്തുരുത്ത്'' അരികിൽനിന്ന നാട്ടുകാരൻ റയീസ് അകലേക്ക് വിരൽചൂണ്ടി. ടൊവിനോയും സംയുക്ത മേനോനും പ്രണയത്തീവണ്ടിയിൽ പാഞ്ഞ 'തീവണ്ടി' സിനിമ ചിത്രീകരിച്ചപ്പോഴാണ് തുരുത്തിന് ഇങ്ങനെയൊരു പേരുവന്നതത്രേ. തീവണ്ടിയെന്നുകേട്ടപ്പോൾ തുരുത്ത് കാണാൻ പൂതികൂടി. ''ജീവാംശമായ്...'' എന്നുമൂളിക്കൊണ്ട് ഞങ്ങൾ പുഴകടത്താൻ പറ്റിയ ഒരാളെ തിരഞ്ഞുനടന്നു.



ചട്ടി നിറയെ



നാരായണന്റെ മീൻകെട്ടിൽ



ഗോവിന്ദമേനോൻകെട്ടിൽ നിന്ന്

## ഗൾഫിൽനിന്നൊരു തോണിക്കാരൻ

തേടിയവള്ളി കാലിൽ ചുറ്റുക എന്നൊക്കെ പറഞ്ഞാൽ അതിങ്ങനെയാണ്. തുരുത്തിന്റെ കാര്യം ചോദിച്ച് തെക്കുവടക്ക് നടന്നപ്പോഴേക്കും ഒരാളിതാ അവിടേക്കു പോവണോ എന്നും ചോദിച്ച് നേരേ മുന്നിൽ. കുഞ്ഞിരാമേട്ടൻ. ആ തുരുത്തിന്റെ ഉടമകളിലൊരാൾ. പുഴയുടെ കരയിൽത്തന്നെയാണ് വീട്. വർഷങ്ങളോളം അദ്ദേഹം ജോലിയുമായി മസ്കറ്റിലായിരുന്നു. ഇപ്പോൾ നാട്ടിലേക്ക് മടങ്ങി. കാടും പടലും നീക്കി കുഞ്ഞിരാമേട്ടൻ തന്റെ തോണി പുറത്തേക്കിറക്കി. തീവണ്ടിത്തുരുത്തിലേക്ക് അദ്ദേഹം തോണിയൂന്നി.

പുഴയിലൂടെ തോണി തെന്നിത്തെന്നി നീങ്ങി. അകലാപ്പുഴയിൽ നല്ല ഒഴുക്കുണ്ട്. വിദഗ്ധനായ തോണിക്കാരനായി കുഞ്ഞിരാമേട്ടൻ തുഴപിടിച്ചു. പിന്നാലെ തീവണ്ടിത്തുരുത്തിന്റെ കഥ തുരന്തോ എക്സ്പ്രസ് പോലെ പുറപ്പെട്ടു.

''പാമ്പൻതുരുത്തി എന്നായിരുന്നു ഇതിന് നാട്ടുകാർ ആദ്യമിട്ട പേര്. പക്ഷേ, ഇതുവരെ ഇവിടെ പാമ്പിനെ കണ്ടിട്ടില്ല. ചാരുമ്മൽത്താഴ എന്ന കരയിൽനിന്നാണ് ഇവിടേക്കു വരാൻ ഏറെയെളുപ്പം. ഞങ്ങളുടെയൊക്കെ ചെറുപ്പകാലത്ത് അതുവഴി ഇറങ്ങി പുഴയിലൂടെ നടന്നുവരാമായിരുന്നു. അരയ്ക്കുവെള്ളമേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ ചെളിയെടുത്ത് ആഴം കൂടിയിട്ടുണ്ട്. എന്നാലും 1968ലെ വെള്ളപ്പൊക്കത്തിൽ പോലും ഈ തുരുത്ത് മുങ്ങിയിട്ടില്ല. കുറുമ്പൻ എന്നൊരാൾ നേരത്തേ ഇവിടെ താ

പുഴയോളം കഥകൾ: കുഞ്ഞിരാമൻ തീവണ്ടിത്തുരുത്തിലേക്ക്





രുചിയൊരുക്കി അനീസ്

മസിച്ചിരുന്നത്രേ, പത്തറുപതു വർഷം മുന്നേ. ഒറ്റയ്ക്കായിരുന്നു. അതിനുശേഷം ഇവിടെയാരും പാർത്തിട്ടില്ല.'' ഒരാൾ ഒറ്റയ്ക്ക് വസിച്ച തുരുത്ത്. പച്ചത്തുരുത്തിനുചുറ്റിലും നിഗൂഢതയുടെ പരിവേഷം നിറഞ്ഞു. ഒടുവിൽ രണ്ടരയേക്കർ വലുപ്പമുള്ള തുരുത്തിലേക്ക് ഞങ്ങൾ കാലൂന്നി. പുഴയുടെ ഏതുഭാഗത്തുനിന്നും ഇവിടേക്ക് വരാം.

ചുറ്റിലുമുള്ള വെള്ളപ്പരപ്പിനു നടുവിൽ ഈ പച്ചത്തുരുത്തൊരാശ്വാസമാണ്. ശാന്തതനിറയുന്ന അന്തരീക്ഷം. പുഴ കണ്ട്, പുഴയെ അറിഞ്ഞ് എത്രനേരം ചെലവിട്ടാലും മതിയാവില്ല. അതിനിടെ കുഞ്ഞിരാമേട്ടൻ പുഴയുടെ അതിർത്തി നിർണയിക്കാൻ തുടങ്ങി. ''ഈ തുരുത്തിന് ചുറ്റിലുമുള്ളതാണ് ശരിക്കുള്ള അകലാപ്പുഴ. നെല്ല്യാടി, കണയൻകോട് വരെ അത് നീളുന്നുണ്ട്. പയ്യോളി ചീർപ്പിന്റെ അപ്പുറം പോയാൽ കുറ്റ്യാടിപ്പുഴയായി. അത് നേരേപോവുന്നത് മൂരാട്ടേക്കാണ്. അവിടെനിന്ന് കടലിലേക്കും. പുഴയുടെ ഒരു ഭാഗത്ത് തിക്കോടി പഞ്ചായത്ത്. ഇപ്പുറത്ത് തുറയൂർ, അപ്പുറത്ത് മൂടാടി. അങ്ങനെ ചുറ്റിലും പലപല ദേശങ്ങളാണ്.''

തുരുത്തിൽ തീവണ്ടിസിനിമയ്ക്കായി സെറ്റിട്ട സ്ഥലമൊക്കെ ഇപ്പോൾ കാടുനിറഞ്ഞുകിടക്കുകയാണ്. അതിന്റെ അടയാളങ്ങൾ മാത്രം കണ്ട് തിരിഞ്ഞുനോക്കിയപ്പോഴേക്കും സമയം രണ്ടുമണിക്കൂർ പിന്നിട്ടിട്ടുണ്ട്. തിരികെ കരയിലേക്ക് തോണിയിലിരിക്കുമ്പോൾ കുഞ്ഞിരാമേട്ടൻ മറ്റൊരങ്കത്തിന് തിരികൊളുത്തി:

''അകലാപ്പുഴയിലെ കരിമീനാണ് ഏറ്റവും രുചിയുള്ളത്. കലർപ്പില്ലാത്ത മീൻ. ഉപ്പുവെള്ളത്തിൽ വളരുന്നതുകൊണ്ടാണ് അതിന് ഈ രുചി. ഇവിടെ പത്തിരുപത്തിയഞ്ച് തോണിക്കാരുണ്ട്. അവർ രാവിലെ മീനും കൊണ്ട് വരും.'' ഉച്ചനേരത്ത് കേട്ടിരിക്കാൻ പറ്റിയ കഥതന്നെ. എവിടെയുള്ള ചട്ടിയിലാവും ഇവിടത്തെ മീൻ ഉപ്പും മുളകുമിട്ട് വേവുന്നത്. തോണി കരയ്ക്കടുത്തതും ഞങ്ങൾ കരിമീനിന്റെ മണംപിടിച്ച് ഓട്ടം തുടങ്ങി.

## അതിജീവനത്തിന്റെ പാഠങ്ങൾ

ഉച്ചക്കാറ്റുവീശുന്ന പുഴക്കരയിലൂടെ വീണ്ടും ഗോവിന്ദമേനോൻകെട്ടിലൂടെ നടക്കുമ്പോഴാണ് റൂബിഹോട്ടലിലെ വിളി വന്നത്. അകലാപ്പുഴ കാണാൻ വരുന്നവർക്ക് പുഴക്കരയിലിരുന്ന് പുഴമീനിന്റെ രുചിയറിയാൻ സ്ഥലവാസിയായ അസീസ് നടത്തുന്ന ഹോട്ടലാണിത്. മൂപ്പർ മസ്കറ്റിൽ കോഫി ഷോപ്പ് നടത്തിയിരുന്നു. അഞ്ചാറു വർഷം മുന്നേ അത് നിർത്തി നാട്ടിലെത്തിയതാണ്. ''പ്രായമായപ്പോൾ നാട്ടിലേക്ക് പോന്നതാണ്. ഇവിടെ വന്നപ്പോഴാവട്ടെ വെറുതേയിരിക്കാനും തോന്നിയില്ല. അങ്ങനെയാണ് വീടിനോട് ചേർന്ന് ഹോട്ടൽ തുടങ്ങിയത്.'' അസീസിനൊപ്പം ഭാര്യയും മക്കളുമെല്ലാം ചേർന്ന് റൂബിഹോട്ടലിനെ ഏറ്റെടുത്തു. അങ്ങനെ അകലാപ്പുഴ കാണാൻ വരുന്നവർക്ക് രുചിയുടെ പുഴയൊരുക്കാനുള്ള അസീസിന്റെ ശ്രമം വിജയത്തിലെത്തി.



Yathra Travel Info

## Akalappuzha

Akalappuzha is a beautiful salt water river in Kozhikode district. Its splendid beauty and calm surroundings evoke many nature lovers to its banks. In Akalappuzha Backwater View Point boat journey, local cuisine and village vistas are awaiting the travellers.

**Getting There-**
**By Air:** Kozhikode international airport (59 kms).
**By Rail:** Payyoli is the nearest railway station. (6km)
**By Road :** Payyoli is well connected with Kannur and Kozhikode by NH66.

ചിക്കൻമസാലയും ബീഫുമാണ് ഇവിടത്തെ ജനപ്രിയ ഐറ്റങ്ങൾ. കൂടെ അകലാപ്പുഴയിലെ പൊടിമീനും ചിറ്റാനും ഇരുമീനുമൊക്കെ പൊള്ളിച്ചും വറ്റിച്ചും തരും. ചിക്കൻമസാലയിലിട്ട് ചൂടുപൊറോട്ട പെരക്കി കഴിച്ചപ്പോൾ സംഗതി കിടിലൻ. നാവിൽ എരിവും പുളിയും പുഴപോലെ ഒഴുകിത്തുടങ്ങി. പുട്ടും കപ്പയുമൊക്കെയാണ് ഇതിന് നല്ല ചേർച്ച. പോരെങ്കിൽ അടുപ്പത്തെ ചട്ടിയിൽനിന്ന് ഞാനിവിടെയുണ്ടെന്ന് ഓർമിപ്പിക്കുന്ന കരിമീനും. അതുകൊണ്ട് ഇനി ആരെങ്കിലും അകലാപ്പുഴയിലെ മീനിന്റെ രുചി അറിയാൻ വരുന്നുണ്ടെങ്കിൽ അസീസിനെ നേരത്തേ വിളിക്കാം. മൂപ്പർ കടുക്കയിലും ഞെണ്ടിലുമൊക്കെ മസാലയും പുരട്ടി നിങ്ങളെ കാത്തിരിക്കും. (അസീസിന്റെ ഫോൺനമ്പർ8547070500)

വയറും നിറച്ച് പുഴകടന്നെത്തുന്ന കാറ്റും കൊണ്ട് ഒന്ന് മയങ്ങിയപ്പോഴേക്കും സൂര്യൻ പാട്ടുംപാടി കടന്നുപോവാൻ തുടങ്ങിയിരുന്നു. വൈകുന്നേരം തിക്കോടി ഭാഗത്തുകൂടെ പുഴയെ ഒന്നുകൂടെ വലംവെച്ചു. അപ്പോഴും കൊലുസും കിലുക്കി കൊതിപ്പിച്ചുകൊണ്ട് ഒഴുകുകയാണ് അകലാപ്പുഴ. വേഗം വന്ന് എന്നെ തൊടൂ എന്ന് പറയുന്നപോലെ. ഇനി രാത്രി പുഴയിൽ വിരുന്നുകാരനായി നിലാവും വെളിച്ചം വീശും. കൂട്ടിന് തോണിക്കാരന്റെ പാട്ടും. അപ്പോൾ വരാം. രാവിൽ പ്രണയത്തിന്റെ ഉന്മാദം നിറച്ച് ഒഴുകുന്ന പുഴ കാണാൻ.





# എന്റെ പുഴ

യു.കെ. കുമാരൻ

എന്റെ ഗ്രാമം അകലാപ്പുഴയുടെയും കോട്ടയ്ക്കൽ പുഴയുടെയും നടുവിലാണ്. കുട്ടിക്കാലത്ത് ഞാൻ അകലാപ്പുഴയിലൂടെ തോണിയിൽ ഒരുപാട് യാത്രചെയ്തിട്ടുണ്ട്. അന്നേ കണ്ടുകൊണ്ടിരിക്കുന്ന ഏറ്റവും ദൃശ്യഭംഗിയുള്ള ഒരിടമാണ് അകലാപ്പുഴ. ദൃശ്യഭംഗി എന്നതിൽ കവിഞ്ഞ് അതിലൊരു ദുരൂഹതയുള്ളതുപോലെയും തോന്നിയിട്ടുണ്ട്. കാരണം ആ പുഴയുടെ അപ്പുറത്തെ മലനിരകളാണ്. അവിടെ എന്താണ് സംഭവിക്കുന്നതെന്ന് നമുക്കാർക്കുമറിയില്ല. കാരണം അവിടെയാരും ചെന്നിട്ടില്ല. ഇതിനിടയിൽ ഒരു തുരുത്തുണ്ട്. കുട്ടിക്കാലത്ത് ഈ തുരുത്തിനെ വ്യാജവാറ്റുകാരുടെയും മദ്യപരുടെയുമൊക്കെ സങ്കേതം എന്ന നിലയിലാണ് കേട്ടിരുന്നത്. അങ്ങനെ പേടിപ്പെടുത്തുന്ന ഒരു പരിവേഷം ഞങ്ങൾക്ക് അകലാപ്പുഴ തന്നിരുന്നു. ഞാനടക്കമുള്ളവർ അതിന്റെ ദൃശ്യഭംഗിയിൽ അഭിരമിച്ചപ്പോൾ മറ്റുള്ളവരൊക്കെ അതിന്റെ ദുരൂഹതയിലൂടെ കടന്നുപോയി.

കുറെക്കൂടെ വളർന്നപ്പോൾ അതിന് അടുത്തേക്ക് പോവാൻ തുടങ്ങിയപ്പോഴാണ് അകലാപ്പുഴ എന്ന ഭൂപ്രദേശം എത്രമാത്രം സുന്ദരമാണെന്ന് മനസ്സിലായത്. അതിനെ ആശ്രയിച്ചിട്ട് ഒരുപാടാളുകൾ ജീവിക്കുന്നുണ്ട്. അകലാപ്പുഴയും മൂരാട് കോട്ടയ്ക്കൽ പുഴയും സന്ധിക്കുന്ന പയ്യോളി ചീർപ്പ് ഞങ്ങളുടെയൊക്കെ സംസാരത്തിലെ കേന്ദ്രബിന്ദുവായിരുന്നു. എന്റെ തക്ഷൻകുന്ന് സ്വരൂപം എന്ന നോവലിൽ പയ്യോളി ചീർപ്പും അകലാപ്പുഴയും പുഴത്തീരത്തുകൂടെ ചൂട്ടും കത്തിച്ച് നടക്കുന്ന കഥാപാത്രവുമൊക്കെ കടന്നുവരുന്നുണ്ട്.

മുൻപ് അകലാപ്പുഴ ഒറ്റപ്പെട്ട പ്രദേശമായിരുന്നു. പിന്നീട് ഗോവിന്ദമേനോൻകെട്ട് വന്നപ്പോൾ യാത്ര സാധ്യമായി. ആളുകൾ ഇതുവഴി കടന്നുപോവാൻ തുടങ്ങി. അതോടെയാണ് യഥാർഥത്തിൽ അകലാപ്പുഴ സുതാര്യമാവുന്നത്. അകലാപ്പുഴ എന്ന ഭൂഖണ്ഡം ഇപ്പോഴും ഏറ്റവും ദൃശ്യഭംഗിയുള്ള ഇടമാണ്. ടൂറിസത്തിന് യോജിച്ച ഇടമാണ്. ഇപ്പോൾ സൗകര്യങ്ങൾ കുറവാണ്. എങ്കിലും ഭാവിയിൽ ഒരുപാട് സാധ്യതകളുണ്ട്.

ഇന്ന് പുഴയുടെ വീതി കുറഞ്ഞപോലെ തോന്നാറുണ്ട്. അന്ന് കാണാത്തതുകൊണ്ടാണ് വീതി കൂടിയതെന്നും ഇന്ന് കണ്ടുകണ്ടാണ് വീതി കുറഞ്ഞതെന്നും സമാധാനിക്കാം. പണ്ട് ധാരാളമാളുകൾ പുഴയിൽ കക്ക വാരാൻ പോയിരുന്നു. മീൻ പിടിക്കുന്നവരും ധാരാളമുണ്ടായിരുന്നു. അകലാപ്പുഴയിൽനിന്നാണ് നമ്മുടെ വയലിലൊക്കെ പുഴമത്സ്യം വന്നിരുന്നത്. പുഴകളുടെ ചരമഗീതം പലയിടത്തുനിന്നും കേൾക്കുന്നുണ്ടല്ലോ. അതെന്തായാലും അകലാപ്പുഴയ്ക്ക് സംഭവിക്കാതിരിക്കട്ടെ.





# കാടിനുള്ളിലെ കടും ചായം, നീലിയാർ ഭഗവതി

**അമ്മയെന്ന വിളിയിൽ മാതൃഭാവമുണർന്ന ദേവി, കോട്ടത്തമ്മയെ കാണാൻ കണ്ണൂർ മാങ്ങാട്ടുപറമ്പിലെ നീലിയാർകോട്ടത്തേക്ക്**



**The Neeliyarkotta Kavu in Kannur district, ensconced in a verdant forest is famous for its strangely different Theyyam devotional dances**

Text: **Satheesh Kareeppadath**
Photos: **Sajeesh Aluparambil**

ഉത്സവകേരളത്തിന്റെ തലസ്ഥാനമായ തൃശ്ശൂരിൽ നിന്നു കണ്ണൂരിലെത്തി, കണ്ടും കേട്ടും മനസ്സിന്റെ കാൻവാസിലേക്ക് തെയ്യങ്ങൾ കുടിയേറിയ കാലം മുതൽ നീലിയാർകോട്ടത്തേക്ക് ഒരു യാത്ര ആഗ്രഹിച്ചതാണ്. അസ്തമയസൂര്യന്റെ പൊൻകിരണങ്ങൾ ആകാശക്കുടയ്ക്കു ചായം പകരുമ്പോൾ പച്ചപ്പുനിറഞ്ഞ കാവിന്റെ പശ്ചാത്തലത്തിൽ ചെണ്ടയുടെ താളത്തിൽ ചുവടുവെച്ച് വരുന്ന കൂറ്റൻ തെയ്യക്കോലത്തിന്റെ മനോഹാരിത വർണ്ണനകൾക്കതീതമാണ്.

ആളുകളുടെയോ വാഹനങ്ങളുടെയോ ബഹളങ്ങളില്ലാത്ത, ശുദ്ധവായു നിറഞ്ഞ തികച്ചും ശാന്തമായ അന്തരീക്ഷം. തഴച്ച പച്ചപ്പിലേക്ക് നീലിയാർകോട്ടം ഇരുകൈകളുംനീട്ടി വിളിച്ചു. ഇരുപതേക്കറിൽ പരന്നുകിടക്കുന്ന വിശാലമായ കാവ് സ്ഥിതിചെയ്യുന്നത് കണ്ണൂർ ജില്ലയിലെ ധർമശാലയ്ക്കടുത്തു മാങ്ങാട്ടുപറമ്പിലാണ്. ആരാധനയ്ക്കൊപ്പം പ്രകൃതിസംരക്ഷണത്തിന്റെ മികച്ച ഒരു സാധ്യതകൂടിയാണ് കാവുകളെന്ന് ഇവിടം സാക്ഷ്യപ്പെടുത്തുന്നു. ദേശീയപാതയിൽനിന്ന് അധികം ദൂരമില്ല മാങ്ങാട്ടുപറമ്പിലെ കാവിലേക്ക്. മരങ്ങളും നിലത്തിഴയുന്ന വള്ളികളും നിറഞ്ഞ കാവിൽ നട്ടുച്ചയ്ക്കുപോലും സൂര്യപ്രകാശം ഭൂമിയിൽ പതിക്കില്ല. തലകുനിക്കാതെ ആർക്കും കാവിനകത്തേക്കു പ്രവേശിക്കാനാകില്ല. പക്ഷികളും പൂമ്പാറ്റകളുമടങ്ങുന്ന ജൈവവൈവിധ്യക്കലവറയാണ് നീലിയാർകോട്ടം.

ഓരോ തെയ്യത്തിനും ഐതിഹ്യങ്ങളുടെയോ ചരിത്രത്തിന്റെയോ പിൻബലമുണ്ട്; നീലിയാർകോട്ടത്തെ തെയ്യത്തിനുമുണ്ട് അത്തരമൊരു കഥപറയാൻ. കൊട്ടിയൂരിനടുത്തുള്ള മണത്തണയിൽ സുന്ദരിയും തർക്കശാസ്ത്രത്തിൽ വിദഗ്ധയുമായ നീലിയെന്ന ഒരു യുവതി ജീവി



പുറപ്പാട്






ച്ചിരുന്നു. കീഴാളജാതിയിൽപ്പെട്ട ഇവർ നാട്ടുരാജാവിനാൽ അപമൃത്യുവിനിരയായി. മരണാനന്തരം ഇവർ നീലിയാർ ഭഗവതിയായി മാറുകയും പ്രതികാരം ചെയ്യാൻ തുടങ്ങുകയും ചെയ്തുവത്രെ. മണത്തണയില്ലത്ത് വരുന്ന യാത്രികർ കുളിക്കാനായി ഇല്ലക്കുളത്തിലെത്തുമ്പോൾ എണ്ണയും താളിയും വേണോ എന്നുതിരക്കി അടുത്തുകൂടുന്ന സുന്ദരി ചോരപ്പുഴ ഒരുപാടൊഴുക്കിയത്രേ. ദുർമൂർത്തി ചോരയൂറ്റിക്കൊന്നവരുടെ എണ്ണം കൂടിയതോടെ നാടാകെ ഭീതിയിലാഴ്ന്നു. ഇതിനിടയിലാണ് കാള







കാട്ടില്ലത്തെ പണ്ഡിതനായ ഒരു നമ്പൂതിരി അവിടെയെത്തുന്നത്.

ഭക്ഷണത്തിനുമുമ്പായി കുളിക്കാൻ കുളക്കടവിലെത്തിയ അദ്ദേഹം മറുകരയിൽ സുന്ദരിയായ നീലിയെ കണ്ടു. ആരാണെന്ന നീലിയുടെ അന്വേഷണത്തിന് 'കാളകാട്ട്' എന്ന് മറുപടി. നമ്പൂതിരിയുടെ മറുചോദ്യത്തിന് 'കാളി' എന്ന് നീലിയും പറഞ്ഞു. പതിവുപോലെ എണ്ണയും താളിയും അദ്ദേഹത്തിനു വാഗ്ദാനംചെയ്തു. അമ്മ തന്ന അമൃതാണെന്നുപറഞ്ഞ് അദ്ദേഹമത് ആദരവോടെ കുടിച്ചു. അമ്മയെന്ന വിളി കേട്ടതോടെ നീലിയിൽ മാതൃഭാവമുണർന്നു. സംപ്രീതയായ ദേവി അദ്ദേഹത്തിന്റെയൊപ്പം ഓലക്കുടയിൽ കയറി യാത്രതിരിച്ചു. ഒടുവിൽ പശുവും പുലിയും ഒരുമിച്ച് മേയുന്നിടത്ത് തന്നെ കുടിയിരുത്തണമെന്നാവശ്യപ്പെട്ടതനുസരിച്ചാണ് മാങ്ങാട്ടുപറമ്പിൽ ദേവിയെ കുടിയിരുത്തിയതെന്നാണ് ഐതിഹ്യം.

സാധാരണയായി വടക്കൻ കേരളത്തിൽ തുലാമാസത്തിൽ തുടങ്ങുന്ന തെയ്യക്കാലം ഇടവപ്പാതിയിൽ വളപട്ടണം കളരിവാതുക്കൽ ക്ഷേത്രത്തിൽ ഭഗവതിയുടെ തിരുമുടിയുയരൽ



Yathra Travel Info

## Neeliyar Kottam

The term Neeliyar Bhagavathi refers to the goddess of the Mangattuparamba Neeliyar temple; the ritual is mainly performed in this temple. Neeliyar Kottam is located in tropical jungle surroundings. The Kottam is unusual as its sanctum is not roofed. The magical atmosphere that surrounds the Kottam makes it a revered place of ancient worship. The Mangattuparamba neeliyar Kottam is a sacred Groove spread over an area of about 19 acres. The Neeliyar Kottam is located opposite to Kannur University campus Mangattuparamba.

**Getting There- By Air:** Kannur international airport (38km ), **ByRail:** Kannapuram Railway Station,( 6 km away), Kannur Railway station (15km ). **By Road:** The temple is about 1.5 km off from the Dharmasala (NH 66).

ചടങ്ങോടെ അവസാനിക്കും. എന്നാൽ, വർഷത്തിൽ എല്ലാക്കാലത്തും കെട്ടിയാടപ്പെടുന്ന തെയ്യമാണ് നീലിയാർ ഭഗവതി തെയ്യം. വടക്കൻ കേരളത്തിലെ അമ്മദൈവങ്ങളിൽ ഏറെ പ്രസിദ്ധമായ നീലിയാർ ഭഗവതി ഒറ്റത്തിറ, കോട്ടത്തമ്മ തുടങ്ങിയ പേരുകളിലും അറിയപ്പെടുന്നു. നീലിയാർ ഭഗവതിയെ കെട്ടിയാടുന്നത് വണ്ണാൻ സമുദായത്തിൽപ്പെട്ട പെരുവണ്ണാന്മാരാണ്. കുലാലസമുദായത്തിൽപ്പെട്ട കുടുംബക്കാരാണ് ഈ കാവിന്റെ മേൽനോട്ടം വഹിക്കുന്നത്. മുളയിലും തുണിയിലും മറ്റുമായി തീർത്ത, ഇരുപതടിയോളം ഉയരംവരുന്ന കൂറ്റൻ തിരുമുടിയുൾപ്പെടെ ചമയങ്ങൾ മഴനനയാതെ സൂക്ഷിക്കാനും മുഖത്തെഴുതാനും കാവിനകത്ത് ഒരു ചെറിയ കെട്ടിടമൊരുക്കിയിട്ടുണ്ട്.

സൂര്യാസ്തമയസമയത്താണ് തെയ്യക്കോലം കെട്ടിയിറങ്ങുക. മറ്റുതെയ്യങ്ങളിൽനിന്നു വ്യത്യസ്തമായി കർക്കടകമാസം രണ്ടാം തീയതി മുതൽ പതിനാറാം തീയതിവരെ നീളുന്ന രണ്ടാഴ്ചയൊഴികെ വർഷത്തിൽ എല്ലാമാസവും സംക്രമദിവസം ഇവിടെ തെയ്യമുണ്ടാകും. ആരൂഢസ്ഥാനമായ കൊട്ടിയൂരിനടുത്തുള്ള



**നട്ടുച്ചയ്ക്ക് പോലും സൂര്യപ്രകാശം ഭൂമിയിൽ പതിക്കാത്ത കൊടുംകാടിനുള്ളിലാണ് കാവ്**



കാട്ടുപാതയിലൂടെ ദേവീസന്നിധിയിലേക്ക്




മണത്തണയിലാണ് ദേവിയുണ്ടാവുകയെന്ന സങ്കല്പത്തിലാണ് കർക്കടകം രണ്ടുമുതൽ പതിനാറുവരെയുള്ള ദിവസങ്ങളിൽ തെയ്യം കെട്ടിയാടാതിരിക്കുന്നത്. മാസസംക്രമത്തിന് കുടുംബവകയായിട്ടാണ് തെയ്യം കെട്ടിയാടുക. സന്താനസൗഭാഗ്യത്തിനായും മംഗല്യഭാഗ്യത്തിനായും ഭക്തർ ഇവിടെ തെയ്യംകെട്ടിയാടുന്ന നേർച്ച നേരാറുണ്ട്. മഞ്ഞൾക്കുറിനൽകിയാണ് അനുഗ്രഹിക്കുക.

കാവുകളുടെ ഊരെന്ന് വിശേഷിപ്പിക്കാവുന്ന കണ്ണൂരിൽ വൈവിധ്യമാർന്ന തെയ്യങ്ങളുടെ നീണ്ടനിരതന്നെയുണ്ടെങ്കിലും ഒരു സായാഹ്നത്തിൽ നീലിയാർകോട്ടത്തെ കാവിനകത്തെ അന്തരീക്ഷം ഭക്തിക്കൊപ്പം മനസ്സിനുപകരുന്നത് വ്യത്യസ്തമായൊരനുഭൂതിയാണ്. ദൈവവും പ്രകൃതിയും മനുഷ്യനും സമന്വയിക്കുന്ന അത്യപൂർവമായ സായാഹ്നത്തിനു വിടചൊല്ലി മടങ്ങുമ്പോൾ ആത്മാവിനെ സ്പർശിക്കുന്ന മറ്റൊരനുഭവമായി ജീവിതത്തിൽ രേഖപ്പെടുത്തപ്പെടുന്നു.



കാട്ടിലൂടെ, കാടിന്റെ മക്കളുടെ വഴിയേ, ഒരു യാത്ര. കാടും മേടും താണ്ടി ഇടമലക്കുടിയിലെ ആദിവാസി ഊരുകളിലേയ്ക്ക്

# കാടു തുറന്ന കാഴ്ചകൾ



**A risky trek through dense forests constantly sensing the spoor of wild animals and a nerve-wracking climb up steep hills take the daring travellers to Edamalakkudy, the first 'Adivasi' (tribal) Panchayat where the enervated spirit is re-invigorated by balmy air, sparkling water and unpolluted food**

ഇടമലക്കുടിയിലെ ജനവാസകേന്ദ്രം

Text & Photos:
**Sulfiker Hussain**

അത്ര പെട്ടെന്നൊന്നും ആർക്കും എത്തിച്ചേരാൻ കഴിയാത്ത ഇടങ്ങൾ മനസ്സിൽ നിറയ്ക്കുന്ന മനോഹരമായ ഓർമകൾക്ക് മധുരം കൂടുതലാണ്. കോടമഞ്ഞും മലയും മഴയും വെള്ളച്ചാട്ടവുമൊക്കെയായി ത്രസിപ്പിക്കുന്ന സവാരികൾ എന്നും ആവേശമാണ്. ഇടമലയാറിന്റെ ഉദ്ഭവ സ്ഥാനത്തേക്ക്, അങ്ങുദൂരെ ഇടമലക്കുടിയിലേക്കു പുറപ്പെട്ടതും അത്തരമൊരു തോന്നലിലായിരുന്നു. ഡിസംബർമഞ്ഞുപുതച്ച ഒരു അവധിദിവസം തൊടുപുഴയിൽനിന്ന് രാവിലെ 6.10-ന്റ മൂന്നാർ കെ.എസ്.ആർ.ടി.സി. ബസ് പിടിച്ചു.

ഇടമലക്കുടി, ഇരവികുളം ദേശീയോദ്യാനത്തിൽനിന്ന് അകത്തേക്ക് 106 സ്ക്വയർ കിലോമീറ്ററിലുള്ള ഘോരവനം. ഇടമലയാർ ഉദ്ഭവിക്കുന്നത് ഈ ഗിരിശൃംഗങ്ങളിൽനിന്നായതുകൊണ്ടാണ് ഇടമലക്കുടി എന്ന പേരുവന്നത്. 2010വരെ മൂന്നാർ പഞ്ചായത്തിന്റെ ഒന്നാം വാർഡായിരുന്നു. ഇന്ന് ഇടമലക്കുടി കേരളത്തിലെ ആദ്യ ആദിവാസി പഞ്ചായത്താണ്. ആനവണ്ടി ഹൈറേഞ്ച് ചുറ്റി അടിമാലിയിൽനിന്നു മലയിറങ്ങി കിഴക്കോട്ടോടിത്തുടങ്ങി. തേയിലത്തോട്ടവും ജക്കറാന്തപ്പൂക്കൾ വീണ് സുന്ദരമായ വഴികളും താണ്ടി ബസ് മലകൾ കയറിയിറങ്ങി. തണുപ്പ് കൂടിവന്നു. ചുറ്റിനും തേയിലത്തോട്ടങ്ങൾ മാത്രം. 9.30-ന് മൂന്നാർ ശിക്ഷക് സദനിലെ

**മുതുവാൻ വിഭാഗത്തിൽപ്പെട്ട ആദിവാസികളാണ് കുടിനിവാസികൾ. ഒരു വടി, തോൾസഞ്ചി, കൂടെ മുറുക്കാൻ; ഇതു മൂന്നും ഇവർക്കൊപ്പം എപ്പോഴുമുണ്ടാകും. എത്രദൂരവും കാൽനടയായി താണ്ടാൻ ആരോഗ്യമുള്ള ജനങ്ങൾ**

നുമതിയില്ലാതെ ഉദ്യാനത്തിന്റെ അകത്തേക്കുള്ള അവസാന ഗേറ്റ് കടക്കാനാവില്ല. രണ്ടാമത്തെ ചെക്ക്പോസ്റ്റിൽ അണ്ണാദുരൈ നിയമപ്രകാരം വണ്ടിയുടെ വിവരങ്ങൾ രേഖപ്പെടുത്തി. ഉദ്യാനത്തിലെ മൂന്ന് ചെക്ക്പോസ്റ്റുകൾ കടന്നുവേണം ഇടമലക്കുടിയിലെ പ്രവേശനകവാടമായ പെട്ടിമുടിയിലേക്ക് സഞ്ചരിക്കാൻ.

വരയാടുകളെയും സഞ്ചാരികളെയും മഞ്ഞലമൂടിയ തേയിലത്തോട്ടങ്ങളെയും മലകളെയും പിന്നിലാക്കി ഇരവികുളം ദേശീയോദ്യാനവും കടന്ന് അണ്ണാദുരൈയുടെ ജീപ്പ് കുതിച്ചു. മലമടക്കിൽ അധികമാർക്കും പ്രവേശനമില്ലാത്ത സൂയിസൈഡ് പോയന്റിൽ ജീപ്പ് സഡൻബ്രേക്കിട്ടു. മൂടൽമഞ്ഞ് ആകാശത്തെ ചുംബിക്കുന്നുണ്ടായിരുന്നു. ശക്തമായ കാറ്റിൽ മഞ്ഞുപറക്കുന്നത് മനോഹരകാഴ്ചതന്നെ. സമയം 12.30. പെട്ടിമുടിയിൽ ഇടമലക്കുടിക്കുള്ള ജീപ്പ് യാത്രയുടെ അവസാനഹോൺ മുഴങ്ങി. ഇനി 23 കിലോമീറ്റർ നടന്നുവേണം ലക്ഷ്യസ്ഥാനമായ സൊസൈറ്റിക്കുടിയിലെത്താൻ. ജീപ്പിൽ സൊസൈറ്റിക്കുടിവരെ പോകാമെങ്കിലും കാടറിഞ്ഞ്, മുതുവാൻമാരുടെ ജീവിതംകണ്ട് നടക്കാനാണ് ഞങ്ങൾ തീരുമാനിച്ചിരുന്നത്. പെട്ടിമുടിയിൽ നല്ല തണുത്ത കാലാവസ്ഥയാണ്. തേയിലക്കൃഷി നടക്കുന്നുണ്ട്. സമീപം ഒരുഭാഗം തകർന്നുവീണുകൊണ്ടിരിക്കുന്ന തൊഴിലാളിലയങ്ങൾ. ഒരു കുടുംബത്തിന് പാചകമുൾപ്പെടെ എല്ലാ ആവശ്യത്തിനും ഒരു മുറി. അംഗങ്ങളുടെ എണ്ണം എത്രയായാലും അതിന് മാറ്റമില്ല. പണ്ടെപ്പോഴോ തേയിലത്തോട്ടത്തിൽ പണിചെയ്യാൻ കൊണ്ടുവന്നവരുടെ പിൻതലമുറക്കാർ. തകരഷീറ്റ് മേഞ്ഞ കെട്ടിടത്തിൽനിന്ന് തമിഴ്പാട്ട് ഉച്ചത്തിൽ കേൾക്കാം. പെട്ടിമുടിക്ക് കുറച്ചുമുമ്പ് തേയിലത്തോട്ടത്തിനുസമീപം അലങ്കാരമൊന്നുമില്ലാതെ ഒറ്റപ്പെട്ട് ഒരു ചെറിയ ബുദ്ധപ്രതിമ കാണാം. അധികം ആരാധകരില്ലെങ്കിലും എഴുതപ്പെടാത്ത ചരിത്രം ഒളിപ്പിച്ച് പുഞ്ചിരിക്കുന്ന ബുദ്ധന് ആരോ വിളക്കുതെളിക്കുന്നുണ്ട്.

കാൽനടയായി യാത്രതുടങ്ങി. മുന്നിലെ ആദ്യപ്രതിബന്ധം കുത്തനെയുള്ള ഭീമൻ മലയായിരുന്നു. ഭാരമുള്ള ട്രാവലർ ബാഗ് തോളിൽത്തൂക്കി, മറ്റ് അവശ്യസാധനങ്ങളും പങ്കിട്ടെടുത്ത് ഞങ്ങൾ മലകയറിത്തുടങ്ങി. ഒരടിയോളം വളർന്നുനിൽക്കുന്ന പുല്ലിനിടയിലൂടെ നടന്നു. വഴിയിൽ മറ്റാരെയും കാണാനില്ല. മലകയറി പകുതിയായപ്പോൾ ഒരു നീർച്ചാൽ കണ്ടു; തെല്ലൊരാശ്വാസമായി. വെള്ളം കുടിക്കാനും ദീർഘദൂരയാത്രയ്ക്കിടയിൽ വിശ്രമിക്കാനുമുപയോഗിക്കുന്നതാണ് ഈ സ്ഥലം. കുറച്ചുമുകളിലായി ചെറിയ മരച്ചുവടിന്റെ തണലിൽ കുഴികുത്തി അരുവിയിലെ ജലം കൈകൊണ്ട് കോരി ഉപയോഗിക്കത്തക്കരീതിയിൽ സജ്ജീകരിച്ചിരിക്കുന്നു. ആദ്യം കാൽനനച്ചവർക്കെല്ലാം കുളയട്ടയുടെ കടിയേറ്റു. കുറച്ചുമാറി ഒരു ഭീമൻ പാറ നിൽപ്പുണ്ട്. ഒരുവശം മറയായി ഉപയോ

ത്തി. അവിടെ ഇടമലക്കുടി എൽ.പി.സ്കൂളിലെ അധ്യാപക സുഹൃത്തുക്കളടങ്ങുന്ന സുഹൃദ്സംഘം കാത്തുനിൽപ്പുണ്ടായിരുന്നു.

മൂന്നാർ പച്ചക്കറിച്ചന്തയിൽനിന്ന് അവശ്യസാധനങ്ങൾ വാങ്ങി ഞങ്ങൾ അണ്ണാദുരൈയുടെ ജീപ്പിൽ പെട്ടിമുടിയിലേക്ക് പുറപ്പെട്ടു. ഇടമലക്കുടിയിലെ ആദ്യകാല ഡ്രൈവറാണ് അണ്ണാദുരൈ. കുടിയിലെ യാത്രയുടെ എല്ലാ താളങ്ങളും അറിയുന്ന മനുഷ്യൻ. ഏകദേശം മൂന്നോ നാലോ വർഷമായിക്കാണണം ഊരിലേക്ക് ജീപ്പോടാൻ തുടങ്ങിയിട്ട്. ഇതല്ലാതെയുള്ള ഏകമാർഗം നടന്ന് കാനനപാത താണ്ടുകയെന്നതാണ്. അത്യാവശ്യഘട്ടത്തിലല്ലാതെ കുടിക്കാർ ഉപയോഗിക്കുന്നതും ഈ മാർഗമാണ്. രാജമലയെത്തുന്തോറും പൊടിമഞ്ഞും തണുപ്പും കൂടിവന്നു. വരയാടുകൾ പ്രധാന ആകർഷണമായ ഇരവികുളം ദേശീയോദ്യാനത്തിലേക്ക് ജീപ്പ് എത്തിച്ചേർന്നു. പ്രവേശനകവാടത്തിൽ കാവൽക്കാർ ആളെ തിരക്കി. കുടിക്കാരും ഇടമലക്കുടിയിൽ ജോലിചെയ്യുന്നവരുമല്ലാതെ മറ്റൊരാൾക്കും പ്രത്യേകാ



ഇടമലക്കുടിയിലെ ആദിവാസിക്കുടിലുകൾ





മണലിയാർ

ഗിക്കാൻപറ്റുന്ന ഈ പാറ,
കുടിയിൽനിന്ന് മൂന്നാറിലേക്ക്
യാത്രചെയ്ത് ക്ഷീണിച്ചുവരുന്ന
വർക്ക് തുണിമാറി വൃത്തിയായി
യാത്രതുടരാനുള്ള സ്ഥലമാണ്.

കുറച്ചകലെയായി കുടിനി
വാസികളുടെ ഭാവഹാവാദി
കളുള്ളൊരാൾ തലയിൽ ഒരു
ചാക്കുകെട്ടുംവെച്ച് അരുവിയി
ലേക്ക് മലകയറിവരുന്നുണ്ട്.
മുഖത്ത് അവശതയോ ക്ഷീണ
മോ ഇല്ല. പല്ലിൽ മുറുക്കാൻകറ.
മൂന്നാറിൽനിന്ന് സാധനവുമായി
പരപ്പയർകുടിയിലേക്കു പോകു
കയാണ്. ഊരെത്താൻ ഇനിയും
രണ്ടരമണിക്കൂർ നടക്കണം.
ഇടമലക്കുടിയിലെ ഭൂരിഭാഗം
പേർക്കും അവശ്യസാധനങ്ങൾ
ലഭിക്കുന്നത് സൊസൈറ്റിക്കു
ടിയിലെ സൊസൈറ്റിയിൽനി
ന്നാണ്. മറ്റ് അവശ്യസാധന
ങ്ങൾക്കായി ആശ്രയിക്കുന്നത്
മൂന്നാറിനെയാണ്. മുതുവാൻ
വിഭാഗത്തിൽപ്പെട്ട ആദിവാ
സികളാണ് കുടിനിവാസികൾ.
ഒരു വടി, തോൾസഞ്ചി, കൂടെ
മുറുക്കാൻ; ഇതു മൂന്നും ഇവർ
ക്കൊപ്പം എപ്പോഴുമുണ്ടാകും.
എത്രദൂരവും കാൽനടയായി
താണ്ടാൻ ആരോഗ്യമുള്ള
ജനങ്ങൾ. സ്ത്രീകൾ കുട്ടിക
ളെ, സാരികൊണ്ട് മുതുകിലെ
മാറാപ്പിൽ കെട്ടിവെച്ചാണ്
നടക്കുന്നത്. ഇതുകൊണ്ടാണ്
മുതുവാൻ എന്നറിയപ്പെടുന്ന
തത്രെ. അനേകം വർഷങ്ങൾ
ക്കുമുമ്പ് ചേരന്മാരുടെയും
പാണ്ഡ്യന്മാരുടെയും യുദ്ധകാ
ലത്ത് നാടുകടന്ന് മൂന്നാറിലെ
ചെങ്കുളത്ത് വരുകയും പിന്നീട്
ചെങ്കുളം ഡാമിന്റെ പണിയുമാ
യി ബന്ധപ്പെട്ട് കുടിയൊഴിഞ്ഞ്
ഇടമലക്കുടിക്കെത്തുകയും
ചെയ്തവരുടെ പുതിയ തലമുറ
യാണ് ഇന്നുള്ളത്. ചെങ്കുളത്തു
നിന്നുവന്ന എട്ട് ആദിവാസികൾ
ചേർന്നാണ് ഇടമലക്കുടിയിൽ
താമസം തുടങ്ങിയത്. ഓരോ
കുടിയും തമ്മിൽ 24 കിലോമീറ്റർ
വ്യത്യാസമുണ്ട്.

ആദ്യത്തെ മല പിന്നിട്ട്
മൊട്ടയും കടന്ന് നടത്തം പാറ
പാകിയ വഴികളിലേക്കുമാറി.
അങ്ങിങ്ങായിക്കണ്ട ടാറിട്ട പാത
കൾ അവസാനിക്കാറായി. ഇടമ
ലക്കുടിയിലേക്ക് സ്വാഗതം എന്ന
സർക്കാർ ബോർഡ് തൂക്കിയിട്ടു
ണ്ട്. ഞങ്ങൾ ഇടമലക്കുടിയുടെ
അതിർത്തിപ്രദേശത്തെത്തിച്ചേർ
ന്നിരിക്കുന്നു. ഭംഗിയായി പാറ
പാകിയ വഴികൾ അവസാനിക്കു
കയാണ്. ഘോരവനത്തിലേക്ക്
പ്രവേശിച്ചപോലെ ചുറ്റിനും
വൻമരങ്ങൾ മാത്രം. അടുത്തെ
വിടെയോ അരുവിയൊഴുകുന്ന
ശബ്ദം കേൾക്കാം. ഞങ്ങൾ
തടിപ്പാലം കടന്നു. മലയിൽനി
ന്നുവരുന്ന അരുവിയൊഴുകി
മണ്ണുപോയ സ്ഥലത്ത് ആറ് തടി
ക്കഷണങ്ങൾ പിടിച്ചിട്ട് സഞ്ചാ
രയോഗ്യമാക്കിയിരിക്കുന്നതാണ്
തടിപ്പാലം. ഈ വിജനമായ
കാട്ടിൽ പിന്നെ എന്തടയാളംവെ
ക്കാൻ... ഉള്ളിലേക്കു നടക്കു
ന്തോറും മനസ്സിൽ ചെറിയ ഭയം
തോന്നിത്തുടങ്ങി. ആനയും കാ
ട്ടുപോത്തും കടുവയും കരടിയും
വിഹരിക്കുന്ന കാട്. കണ്ണുകൊ
ണ്ട് വന്മരങ്ങളുടെ ഉയരങ്ങളളന്ന്
ശ്വാസമടക്കിപ്പിടിച്ച് ഞങ്ങൾ
നടത്തം തുടർന്നു.

ഇതിനിടയിൽ പെട്ടിമുടിയിൽ
നിന്ന്, കുടിയിലെ ഏക ആയുർ
വേദ ഡിസ്പെൻസറിയിൽ




ജോലിചെയ്യുന്ന അലിയാരുകുട്ടി ഞങ്ങൾക്കൊപ്പം കൂടിയിരുന്നു. 'ഏക' എന്ന വാക്ക് പ്രത്യേകം പറയേണ്ടതില്ല. കാരണം, ഇട മലക്കുടിയിൽ എല്ലാം ഒന്നേ യുള്ളൂ! കടുവയിറങ്ങിയതറി ഞ്ഞ് ഒറ്റയ്ക്ക് സഞ്ചരിക്കാനുള്ള പേടികാരണം കൂട്ടിന് ആളെയും കാത്തിരിക്കുകയായിരുന്നു പാവം. കടുവയെ ഭയന്ന് വേഗ ത്തിൽ നടന്ന് ഞങ്ങൾ കുടിപ്പാ ലമെത്തി. ഓലി പരന്നൊഴുകി കുഴിയായഭാഗത്തെ കൂട്ടിമുട്ടി ക്കാൻ കോൺക്രീറ്റ് പാലം പണി തിരിക്കുന്നു. അപ്രോച്ച് റോഡ് പണിയാത്തതുകാരണം രണ്ടു പാതയെയും കൂട്ടിമുട്ടിക്കാതെ ഉയരത്തിൽ നിൽക്കുന്ന പാലം സഞ്ചാരയോഗ്യമല്ല. പാതയോ രത്തെ അരുവിയോടുചേർന്ന് വിശ്രമിക്കുന്ന കുടിക്കാരുടെ വഴി കാപ്പവർദൈവത്തിന്റെ സമീപ ത്തുനിന്നു വെള്ളംകുടിച്ച് ദാഹ മകറ്റി ഞങ്ങൾ മുന്നോട്ടുനടന്നു. ചെറിയ പാറയുടെ രൂപത്തിൽ വിശ്രമിക്കുന്ന ദൈവം യാത്രക്കാ രെ അനുഗ്രഹിക്കുന്നുണ്ടാകും. പാത, കയറ്റവും കുത്തിറക്കവു മുള്ള മൺവഴിയായിമാറിയിരി ക്കുന്നു.

രണ്ടടിവീതിയിൽ മൺപാത മലയിലേക്ക് നീണ്ടുപോകുന്നു. ഇരുഭാഗത്തും തഴച്ചുവളർന്ന കുറ്റിക്കാടുകൾ. ദൂരെ പിന്നിട്ട മലനിരകൾ തലയുയർത്തിനോ ക്കുന്നത് കാണാം. ഞങ്ങൾ കേ പ്പക്കാട്ടിൽ പ്രവേശിച്ചിരിക്കുന്നു. കേപ്പയെന്നാൽ റാഗി. 15 വർഷം മുമ്പുവരെ രണ്ടുഭാഗത്തും ഇട തൂർന്നുനിൽക്കുന്ന കേപ്പക്കൃഷി യായിരുന്നു ഇവിടെ. അന്ന് കുടി ക്കാരുടെ ജീവനാഡിയായിരുന്നു റാഗി. ഇപ്പോൾ ആനകളുടെ വിഹാരകേന്ദ്രമായിമാറി ഇവിടം. കേപ്പക്കാടുപിന്നിട്ട് ഞങ്ങൾ മല യുടെ ഇടവഴിയിലൂടെ ഇറക്കമിറ ങ്ങിത്തുടങ്ങി. ഈവഴിപോയാൽ ചെളിനിറഞ്ഞ പാതയിലൂടെ അത്ര ദൂരം താണ്ടേണ്ടിവരില്ല. നടത്തത്തിനിടയിൽ ഒരു കമ്പ് കൈയിൽ കരുതിയിട്ടുണ്ട്. നല്ല ക്ഷീണം. കുറച്ചു മുന്നോട്ടുചെ ന്നപ്പോൾ ശരവേഗത്തിൽ പോയ അലിയാർ പെട്ടെന്ന് നിന്നു. വഴിമധ്യേ മരച്ചില്ല വെട്ടിയിട്ടിരി ക്കുന്നു. മൃഗത്തിന്റെ സാന്നിധ്യം. പിറകേവരുന്നവർക്ക് തിരിച്ചറി യാൻ ആദിവാസികൾ നൽകുന്ന സൂചനയാണിത്. തൊട്ടുപിന്നാ ലെ വന്ന ഞങ്ങളും ശ്വാസഗതി നിയന്ത്രിച്ച് കാൽപ്പാദമനക്കാതെ നിന്നു. അവിടവിടെയായി കാട്ടു പോത്തിന്റെ കാൽപ്പാടുകാണാം. എവിടന്നോ കാട്ടുപോത്ത് ശ്വാ സംവിടുന്ന ഒച്ച. മിന്നൽപോലെ അലിയാർ ഓടി വലി(കുന്ന്)യിറ ങ്ങാൻതുടങ്ങി; തൊട്ടുപിന്നാലെ ഞങ്ങളും. 16 മിനിറ്റിന്റെ ഇറക്കം എട്ടുമിനിറ്റിൽ! ജീവൻ തിരിച്ചുകി ട്ടിയ സന്തോഷത്തിൽ ഞങ്ങൾ നടത്തം തുടർന്നു.

ഉരുൾപൊട്ടലിൽ തകർ ന്ന വഴികളും വഴിമധ്യത്തിൽ ഇടയ്ക്കു ദൃശ്യമാകുന്ന ആന പ്പിണ്ടവും കാടിന്റെ വന്യത കൂട്ടുന്നുണ്ട്. എന്തെങ്കിലും തിന്നില്ലെങ്കിൽ തളർന്നുവീഴുമെ ന്നു തോന്നി. പാതയോരത്തു വീണുകിടക്കുന്ന വെടിപ്ലാവിന്റെ പൂവും അകത്താക്കി നടത്തം തുടർന്നു. സ്കൂളിലെ മാഷുമ്മാ ര് കുടിക്കാരിൽനിന്നു പഠിച്ച ഭക്ഷണശീലമാണിത്. നടത്തം തുടങ്ങിയിട്ട് രണ്ടുമണിക്കൂർ പിന്നിട്ടിരിക്കുന്നു. ഞങ്ങൾക്കു മുന്നേ വന്ന പുതുക്കുടിക്കാരൻ സുരക്ഷയ്ക്കായി കൈയകല

**അവിടവിടെയായി കാട്ടുപോത്തിന്റെ കാൽപ്പാടുകാണാം. എവിടന്നോ കാട്ടുപോത്ത് ശ്വാസംവിടുന്ന ഒച്ച. മിന്നൽപോലെ അലിയാർ ഓടി കുന്നിറങ്ങാൻ തുടങ്ങി; തൊട്ടുപിന്നാലെ ഞങ്ങളും. 16 മിനിറ്റിന്റെ ഇറക്കം എട്ടുമിനിറ്റിൽ!**

▲ മണലിയാർ തോടിന്റെ മറുവശം





ഇടമലക്കുടിയിലെ ട്രൈബൽ എൽ.പി. സ്കൂൾ



പെട്ടിമുടിയിലെ തൊഴിലാളിലയങ്ങൾ



പെട്ടിമുടിയിലെ ബുദ്ധപ്രതിമ



ത്തിൽ അരിവാൾ കരുതി ഒരു പാറയുടെ മുകളിൽ വിശ്രമിക്കുന്നുണ്ട്. ഗണേശൻപാറ വളവ്. കുടിക്കാർ വിശ്രമിക്കുന്ന സ്ഥലമാണെന്ന് സഹയാത്രികരിൽനിന്നു മനസ്സിലാക്കി. ഇനി മുന്നിലുള്ളത് കുത്തനെയുള്ള ഇറക്കമാണ്, അല്പനേരം വിശ്രമിച്ചു. കൂട്ടുകാർ ഭാരമിറക്കിവെച്ച് നാട്ടിലേക്കു വിളിക്കാൻ ഫോൺ കൈയിലെടുത്തു. പെട്ടിമുടിയിൽ റേഞ്ച് നഷ്ടമായതാണ്. ഇതാണ് അടുത്ത പ്രധാന റേഞ്ച് പോയിന്റ്. ഇവിടെനിന്നാൽ ഇഡ്ഡലിപ്പാറക്കുടി കാണാം. അങ്ങകലെ മലയ്ക്കപ്പുറം മാങ്കുളവും വാൽപ്പാറയും. മൂന്നാറിൽക്കൂടിയല്ലാതെ ഇടമലക്കുടിയിലെത്തിച്ചേരാനുള്ള മറ്റു മാർഗങ്ങളാണ് രണ്ടും. മലയുടെതാഴെ ഈറ്റമേഞ്ഞ ചെറിയവീടുകൾ. ഇഡ്ഡലിപ്പാറക്കുടിയുടെ പച്ചപ്പിന്റെ മനോഹരദൃശ്യം. കൂടുതൽ ജനസംഖ്യയുള്ളതും കൂടുതൽ കുട്ടികൾ പഠിക്കാൻപോകുന്നതും ഈ കുടിയിൽനിന്നാണ്. കുന്നിറങ്ങി ഞങ്ങൾ നടത്തം തുടർന്നു.

കരുതിവെച്ചിരുന്ന വെള്ളം തീർന്നിരിക്കുന്നു. വിശപ്പു കലശലായി. മരങ്ങൾക്കിടയിൽ അങ്ങിങ്ങായി ഏലം കൃഷി കാണാം. ജനവാസമേഖലയെത്തിയിരിക്കുന്നു. പെട്ടിമുടിയിൽനിന്നു യാത്ര തുടങ്ങിയിട്ട് ഒരുവീടുപോലും കാണാൻ പറ്റിയിട്ടില്ല. ഞങ്ങൾ ഇഡ്ഡലിപ്പാറക്കുടിയിലെ സഹകരണസംഘത്തിനുമുന്നിലെത്തി. തകരഷീറ്റുമേഞ്ഞ കെട്ടിടം. അതിനോടുചേർന്ന് ചെറിയ ഒരു കട പ്രവർത്തിക്കുന്നുണ്ട്. മുൻപരിചയമുള്ള ഒരാൾക്കുമാത്രമേ കടയാണെന്നു മനസ്സിലാക്കാനാവൂ, പുറത്തു സൂചനയൊന്നുംതന്നെയില്ല. തളർച്ചകൊണ്ട്, കിട്ടിയ സാധനത്തിന്റെ വിലയോ രുചിയോ നോക്കാൻ നേരമുണ്ടായിരുന്നില്ല; കടയിൽനിന്നു വാങ്ങിയ പലഹാരം ഒന്നുംവിടാതെ ശാപ്പിട്ടു. മൂന്നാറിൽ കിട്ടുന്നതിന്റെ ഇരട്ടിവിലയാണ് സാധനങ്ങൾക്കെല്ലാം. ചെറിയ വീടുകൾ കണ്ടുതുടങ്ങി. മണ്ണുകൊണ്ട് നിർമിച്ച വീടുകളുടെ തറയിൽ ചാണകം മെഴുകിയിരിക്കുന്നു. ഏകദേശം ഇരുപതിലധികം വീടുകളുള്ള കോളനിപോലുള്ള പ്രദേശം. മുളയും ഈറ്റയുംകൊണ്ട്തീർത്ത വീടുകൾക്കിടയിൽ പണിപൂർത്തിയാവാത്ത, സിമന്റ് കട്ടകൊണ്ട് കെട്ടിയ ഭവനങ്ങളുമുണ്ട്.

മഴയിൽ മേൽമണ്ണൊലിച്ചുപോയ അടയാളത്തിലൂടെ നടന്ന് പാതയായി രൂപാന്തരപ്പെട്ട വഴികളും ചെറിയ പാറക്കെട്ടുകളും വന്മരങ്ങളും താണ്ടി ഞങ്ങൾ നടന്നു. വനത്തിനകത്തുകാണുന്ന കുഞ്ഞുപൂക്കൾ... പാല, വെടിപ്ലാവ്, മരുത്, എരിപ്പാല, വേമ്പ് അങ്ങനെ ആകാശം മറയ്ക്കുന്ന പലതരം വൃക്ഷങ്ങൾ. ഈ പേരുകളെല്ലാം കുടിക്കാർ വിളിക്കുന്നതാണ്. മരങ്ങൾ കൂട്ടിക്കെട്ടി നിർമിച്ച ഇഡ്ഡലിപ്പാറപ്പാലവും കടന്നിരിക്കുന്നു. സൊസൈറ്റിക്കുടി അടുക്കാറായതിന്റെ അടയാളമാണ് ഈ പാലം. കുടിയിൽ മഴതുടങ്ങിയാൽ പാലത്തിന്റെ മുകളിലുള്ള വെള്ളത്തിലൂടെ അതിസാഹസികമായാണ് ഇവിടത്തുകാർ യാത്രചെയ്യുന്നത്. വഴിമധ്യേ ഒരു തടിയൻ വേമ്പിനു ചുറ്റും തേനീച്ചകൾ

Yathra Travel Info

# Edamalakkudy

Edamalakkudy is a remote tribal village near Munnar in Idukki district of Kerala. The tribe, Muthuvans are the inhabitants of the area. Edamalakkudy is one of the most attractive wildlife spots in Kerala. The trekking through the hills and valleys, crossing the wild springs and thick forest will be an adventurous experience. The place treat the travellers with pure nature and spectacular views. Special permission is needed to visit this village.

**Getting There- By Air:** From Cochin International Airport buses are available to Munnar hill station.

**By Rail:** Eranakulam South railway station to Munnar (121kms). Kottayam railway station to Munnar (136kms).


**By Road:** From Munnar to Eravikulam national park (7.6km). Pettimudi acts as the entrance to Edamalakkudy which is 27 kms away from the village. Pettimudi to Societykkudi (23kms). Jeep services are available at Societykkudi. From here you have to walk through the forest passing many other tribal villages.



ഇടപ്പാറ വെള്ളച്ചാട്ടം

വട്ടമിട്ടുപറക്കുന്നുണ്ട്. കാട്ടുതേൻ കുടിക്കാൻ ആഗ്രഹിക്കാത്തതാരാണ്. ഒരു കല്ലെടുത്ത് തേൻ കൂട്ടിലേക്ക് ഉന്നംപിടിച്ചു. പെട്ടെന്നാണ് സുധീഷ് മാഷ്, മരത്തിനുസമീപം വെട്ടിയിട്ടിരിക്കുന്ന കമ്പ് ശ്രദ്ധയിൽപ്പെടുത്തിയത്. ഈ തേൻകൂട് ആദ്യം കണ്ട മുതുവാൻ അടയാളംവെച്ച് സ്വന്തമാക്കിയിരിക്കുന്നു. കുടിനിയമമനുസരിച്ച് അവൻ വരുന്നതുവരെ ഇത് മറ്റാരും തൊടാൻ പാടില്ല. ''ഇവിടെ എല്ലാരും അങ്ങനെയാ, മറ്റുള്ളവന്റെ ഒന്നും ആഗ്രഹിക്കൂല.''

കാറ്റ് ഘോരവനത്തിലെ മരങ്ങളിൽത്തട്ടി ഒച്ചയുണ്ടാകുന്നതൊഴിച്ചാൽ നിശ്ശബ്ദതതന്നെ എങ്ങും. മറ്റൊരുമനുഷ്യനെയും കാണാൻതന്നെയില്ല. അരുവികളിലും ഓലി(ചെറുതോടുകളിലോ അവയുടെ കരയിലോ വെള്ളത്തിനായുണ്ടാക്കുന്ന കുഴി)കളിലും ഹോസ് ഘടിപ്പിച്ചാണ് കുടികളിൽ വെള്ളമെത്തിക്കുന്നത്. നടവഴികളിൽ ഇത് സാധാരണ കാഴ്ചയാണ്. വഴികൾക്കു കാവലായി വഴിദൈവവും എപ്പോഴുമുണ്ടാകും. കൂട്ടത്തിൽ കുത്തിനിർത്തിയാൽ വലുതാണെന്നുതോന്നിക്കുന്ന മൂന്നുകല്ലുകൾ പൂമാലയിട്ട് ദൈവ





പലചരക്ക്കട



ഇടമലക്കുടിക്ക് പോകുന്ന വഴിയിലെ മരപ്പാലം

**കാടിനകത്തുനിന്ന് കുടിയിലെ സർപ്പഗന്ധിച്ചെടികളുടെ ഇടയിലൂടെയുള്ള സൂര്യാസ്തമയം ദർശിക്കുന്നത് മലകയറിയ ക്ഷീണമകറ്റാനുള്ള മരുന്നാണ്**



മാക്കിയിരിക്കുന്നു. വഴിയന്വേഷിക്കാനാരുമില്ലാത്ത നടുക്കാട്ടിൽ ഈ ദൈവം വഴികാട്ടിയാണ്. നടുക്കാട്ടിലൂടെ യാത്രചെയ്യുന്ന, ജീവനിൽ കൊതിയുള്ള ആരും ജാതിമതവ്യത്യാസമില്ലാതെ ദൈവത്തെ വിളിച്ചുപോകും. കുടിയിൽ 2017-ലാണ് കറന്റുവന്നത്. ഭൂഗർഭകേബിളിൽക്കൂടി വൈദ്യുതിലഭിക്കുന്ന ചുരുക്കം ചില പ്രദേശങ്ങളിലൊന്ന്. വന്യമൃഗങ്ങളിൽനിന്നു രക്ഷനേടാൻ ട്രാൻസ്ഫോർമറിന് 12 അടി പൊക്കത്തിൽ സംരക്ഷണമൊരുക്കിയിട്ടുണ്ട്.

ഒടുവിൽ ലക്ഷ്യസ്ഥാനമായ സൊസൈറ്റിക്കുടിയിലെത്തിയിരിക്കുന്നു. സമയം 5.20. പെട്ടിമുടിയിൽനിന്നു നടത്തം തുടങ്ങിയിട്ട് അഞ്ചുമണിക്കൂർ. തണുപ്പ് സൂചിപോലെ കുത്തുന്നുണ്ട്. ഒരു കുടിലിൽ താവളമുറപ്പിച്ചു. രാത്രിയിലെ ആകാശമാസ്വദിക്കാൻ മുറ്റത്തേക്കിറങ്ങി. വനമധ്യേയായതുകൊണ്ടാകാം നഗ്നനേത്രങ്ങൾകൊണ്ട് നക്ഷത്രങ്ങൾ നന്നായി കാണാം. ചിരപരിചിതനായ വേട്ടക്കാരനും, കുടിക്കാരുടെ സന്തതസഹചാരിയായ പട്ടിയെപ്പോലെ, വേട്ടക്കാരന്റെ സമീപം തെക്കായി വേട്ടപ്പട്ടിയും മിന്നിമറയുന്നുണ്ടായിരുന്നു. രാത്രിയിൽ പുറത്തിറങ്ങുന്നത് അപകടമാണ്. അണലിയുടെയും മൂർഖന്റെയും വിഹാരകേന്ദ്രമാണിവിടം. ഇടമലക്കുടിയിലെ വനാന്തരങ്ങൾക്കിടയിലെ ഒരു ചെറിയ കുടിലിൽ ഞങ്ങൾ ഉറക്കത്തിലാണ്ടു.

രാവിലെ ശുദ്ധവായുവും ശ്വസിച്ച് കണ്ടത്തിക്കുടിയാറ്റിൽ കുളി പാസാക്കി. നല്ല ഒഴുക്കുള്ള തെളിനീര്. ആറ്റിലേക്കുള്ള ഭാഗം പുല്ലുമൂടിയ പ്രദേശമായതുകൊണ്ട് ശ്രദ്ധിച്ചുവേണം നടക്കാൻ. കാട്ടുപോത്തിന്റെയും ഇഴജന്തുക്കളുടെയും വിഹാരകേന്ദ്രമാണ് ചുറ്റും. രണ്ടുപേർ ആറിന്റെ തീരത്തുനിന്ന് മണ്ണുകോരി ജീപ്പിൽ നിറയ്ക്കുന്നുണ്ട്. ഈ മണ്ണുപയോഗിച്ചാണ് വീടുനിർമാണം. തോട്ടിലെ ജലം പരന്നൊഴുകുകയാണ്. വെള്ളാരംകല്ലിനാൽ സമ്പന്നമാണിവിടം. സമീപം ഒരാൾക്കിരിക്കത്തക്കവിധത്തിൽ ഈറ്റകൊണ്ട് മേൽമറച്ച് മാടമൊരുക്കിയിട്ടുണ്ട്. തോടിന്റെ കിഴക്കായി ഒരു ചെറിയ മല കാണാം. സമീപം ഈറ്റകൊണ്ട് നിർമിച്ച അതിമനോഹരമായ വീട്. കണ്ടത്തിക്കുടിയാർ മഴക്കാലത്തുമാത്രമാണ് യഥാർഥ ആറാകുന്നത്. കണ്ടത്തിക്കുടിയിൽ 2018-ലെ പ്രളയത്തിൽ പൊളിഞ്ഞ ഒരു പാലമുണ്ട്. ഒരു മാറ്റവുമില്ലാതെ അതങ്ങനെ കിടക്കുന്നു. അധികം സമയം കളയാനില്ലാത്തതുകാരണം നേരേ ആണ്ടവൻകുടിക്കു പുറപ്പെട്ടു. കുടിക്കാർ കെട്ടിയ മുളകൊണ്ടുള്ള പുതുക്കുടി തൂക്കുപാലം സാഹസികമായി കടന്നുവേണം ആണ്ടവൻകുടിയിൽ പ്രവേശിക്കാൻ. ശക്തമായ കയറും വടവും ഈറ്റയും മുളയും വലിച്ചുകെട്ടി നിർമിച്ച പാലം. കയറുന്തോറും പൊട്ടിവീഴുമെന്നു തോന്നിക്കുംവിധം ആടുമെങ്കിലും ശക്തമായാണ് അത് നിർമിച്ചിട്ടുള്ളത്. മലയിലെ വളഞ്ഞുപുളഞ്ഞുള്ള വഴിയിലൂടെ സാഹസികമായി കയറി ആണ്ടവൻകുടിയെത്തി. മൺകട്ടവെച്ച് കെട്ടിയ വീടുകൾ. എല്ലാവീട്ടിലും പട്ടികളെ കാണാം. അടുത്തായി ചെറിയൊരു കെട്ടിടത്തിൽ ആയുർവേദ ഡിസ്പെൻസറി പ്രവർത്തിക്കുന്നുണ്ട്. ആഴ്ചയിൽ രണ്ടുദിവസം മാത്രമാണിതു തുറക്കുന്നത്. സമീപമൊരു കടയുണ്ട്. ചെറിയ ഒരു മുറി. അതിൽ ചെറിയ ജനൽപ്പാളിവലുപ്പത്തിലുള്ള ദ്വാരത്തിലൂടെ അകത്തുള്ള കുറച്ചുസാധനങ്ങൾ ദൃശ്യമാകും. ആ ഊരിലെ ഏക കടയാണിത്.


കാട്ടുപേരക്കയും മുസമ്പിയും പറിച്ചുതിന്ന് കയറ്റംകയറി നേരേചെന്നത് ആണ്ടവൻകുടി വെള്ളക്കുത്തിലേക്കാണ്. മഴക്കാലത്ത് സുന്ദരിയായി ഒഴുകുന്ന വെള്ളച്ചാട്ടത്തിൽ ഇപ്പോൾ വെള്ളം തീരെയില്ല; ചെറിയ നീർവാർച്ച മാത്രം. കാടിനകത്തുനിന്ന് കുടിയിലെ സർപ്പഗന്ധിച്ചെടികളുടെ ഇടയിലൂടെയുള്ള സൂര്യാസ്തമയം ദർശിക്കുന്നത് മലകയറിയ ക്ഷീണമകറ്റാനുള്ള മരുന്നാണ്. സൗന്ദര്യപൂരിതമായ ആ വർണക്കാഴ്ചയിൽ ആരും സ്വയം മറക്കും. 26 ഊരുകളുള്ള കുടിയിൽ കാണാൻ 22 ഊരുകൾ ഇനിയും അവശേഷിക്കുന്നു. രണ്ടുദിവസത്തെ കാഴ്ച ഇത്രമനോഹരമാണെങ്കിൽ ഇനിയങ്ങോട്ട് എന്തായിരിക്കും! കാണാത്ത കുടികളും കാടിന്റെ സൗന്ദര്യവും മനസ്സിൽ മോഹമായൊതുക്കി ഞങ്ങൾ കുടിയിറങ്ങി.

# ബഷീറിന്റെ നാട്ടിലെ ചുമർചിത്രവിസ്മയം

**കഥകൾ പിറന്ന മണ്ണാണ് ഈ പുഴയോരം. മലയാളസാഹിത്യത്തിലെ സുൽത്താൻ വൈക്കം മുഹമ്മദ് ബഷീർ ജനിച്ച നാട്.തലയോലപ്പറമ്പ്! കഥകൾ മാത്രമല്ല കലയുടെ അപൂർവ കാഴ്ചകളും ഇവിടെയുണ്ട്. തനിമ നഷ്ടപ്പെടാത്ത ചുമർചിത്രങ്ങളുള്ള ക്ഷേത്രവും അവിടത്തെ കാഴ്ചകളും തേടി...**



**Thalayolaparambu - this is the birthplace of the inimitable, legendary storyteller Vaikom Muhammed Basheer (a.k.a.Beypore Sultan). Many of the people from whom Basheer drew his unforgettable characters lived here and their friends or relatives can still be seen in the alleys and byways of this village. This place is also well known for its artistic heritage. The murals of the Mahavishnu temple here are matchless**



തലയോലപ്പറമ്പ് പുണ്ഡരീകപുരം മഹാവിഷ്ണുക്ഷേത്രം



വേട്ട ശാസ്താവിന്റെ ചുമർചിത്രം

Text: **Hari R Pisharadi**
Photos: **G Sivaprasad**

കോ കോവിഡ് അടച്ചിടൽ ഏല്പിച്ച ആഘാതത്തിൽ നിന്ന് തലയോലപ്പറമ്പ് ഉണർന്നുവരുന്നതേയുള്ളൂ. തലയോലപ്പറമ്പിൽനിന്ന് നാലുകിലോമീറ്റർ അകലെ വെട്ടിക്കാട്ടുമുക്കിന് സമീപം പുഴയുടെ തീരത്താണ് മിടായിക്കുന്നം എന്ന ഗ്രാമം. തിരക്കിൽനിന്നകന്ന് ശാന്തമായ ഗ്രാമം. ഇടവഴി നീളുന്നത് പാടത്തേക്കാണ്. പാടം കടന്നാൽ അമ്പലമായി. അകലെനിന്ന് നോക്കിയാൽ ഒരു വഴിയമ്പലം പോലെ. പക്ഷേ, പ്രത്യേകതകൾ ഏറെയുണ്ട്. ചരിത്രം വരച്ചിട്ട അപൂർവ ചുവർചിത്രങ്ങളാൽ സമ്പന്നമായ ക്ഷേത്രം.

വിഗ്രഹമാഹാത്മ്യത്താൽ വ്യത്യസ്തത പുലർത്തുന്ന ക്ഷേത്രം. ആയിരത്തിലധികം നാഗപ്രതിഷ്ഠകളുള്ള ക്ഷേത്രം. പുണ്ഡരീകപുരം മഹാവിഷ്ണു ക്ഷേത്രം. കേരളത്തിലെ വലിയ ക്ഷേത്രങ്ങളുടെ പട്ടികയിലൊന്നും ഈ പേര് ഉണ്ടാകില്ല. പുറംലോകം അധികം അറിയപ്പെടാതെപോയ ഈ ചെറിയ അമ്പലം കേരളീയ ചുവർചിത്രകലയുടെ ഈറ്റില്ലങ്ങളിലൊന്നാണ്.

ശ്രീകൃഷ്ണൻ നരകാസുരനിഗ്രഹം കഴിഞ്ഞ് പാരിജാതവുമായി സത്യഭാമയെ മടിയിലിരുത്തി ഗരുഡന്റെ പുറത്തേറിവരുന്ന സങ്കല്പത്തിലാണ് ഇവിടത്തെ പ്രതിഷ്ഠ. ഒറ്റശിലയിൽതന്നെ മൂന്ന് രൂപങ്ങളും കൊത്തിയിരിക്കുന്ന അപൂർവ വിഗ്രഹം. ശ്രീകൃഷ്ണൻ, സത്യഭാമ, വാഹനമായ ഗരുഡൻ. കേരളത്തിൽ മറ്റൊരിടത്തും ഇല്ലാത്ത പ്രതിഷ്ഠാസങ്കല്പമാണിത്. വേലിമാംകോവിൽ ഇല്ലം വകയാണ് പുണ്ഡരീകപുരം ക്ഷേത്രം. കോവിഡ്കാലമായതിനാൽ ക്ഷേത്രത്തിൽ ആളുകളില്ല.

ക്ഷേത്രം അഡ്മിനിസ്ട്രേറ്റർ വി.എൻ. പരമേശ്വരൻ നമ്പൂതിരിയും മേൽശാന്തി പുനം ഉണ്ണികൃഷ്ണൻ നമ്പൂതിരിയും താക്കോലുമായെത്തി. ബലിക്കൽപുരയും നമസ്കാരമണ്ഡപവും കഴിഞ്ഞാൽ ശ്രീകോവിലായി. ശ്രീകോവിലിന്റെ ഭിത്തിയിലാണ് പൗരാണികതയുടെ തനിമ ഒട്ടും നഷ്ടപ്പെടാതെ ആ വർണചിത്രങ്ങൾ. ഒന്ന് പ്രദക്ഷിണംവെച്ചാൽ രാമായണവും മഹാഭാരതവുമടക്കമുള്ള ഇതിഹാസങ്ങളും പുരാണങ്ങളും ആ ചുമർചിത്രങ്ങളിലൂടെ കഥ പറയുന്നതുപോലെ തോന്നും. എട്ട് വലിയ ചിത്രങ്ങളും ഇരുപതിലേറെ ചെറിയ ചിത്രങ്ങളും. ഏത് കാലഘട്ടത്തിലാണ് ഈ ചിത്രങ്ങൾ വരച്ചിട്ടുണ്ടാകുക? കാലം അടയാളപ്പെ



ശ്രീകോവിൽ



കൊത്തുപണികളാൽ അലംകൃതമായ ബലിക്കൽപ്പുര


ടുത്തുക എളുപ്പമല്ല. എങ്കിലും 200 വർഷത്തോളം മുൻപാണ് പുണ്ഡരീകപുരംചിത്രങ്ങളുടെ നിർമാണകാലമെന്ന് കേരളീയ ചുമർചിത്രകലയെക്കുറിച്ച് ആധികാരികമായി പഠനം നടത്തിയ ഡോ. എം.ജി. ശശിഭൂഷൺ വ്യക്തമാക്കിയിട്ടുണ്ട്.

കല്പവൃക്ഷച്ചുവട്ടിൽ വിശ്രമിക്കുന്ന ശിവപാർവതിമാരുടെ ചിത്രമാണ് ആദ്യത്തേത്. ഭൂതഗണങ്ങൾ, ഗണപതി, സുബ്രഹ്മണ്യൻ, ഭദ്രകാളി, എന്നിവരെയും ചിത്രീകരിച്ചിട്ടുണ്ട്. മഹിഷാസുരമർദിനിയായ ദുർഗയുടെ ചിത്രമാണ് അടുത്തത്. എട്ട് കൈകളിലും ആയുധങ്ങൾ. കടുംനീല വർണത്തിൽ ദേവി തിളങ്ങുന്ന ചിത്രം.

അടുത്തത് സുന്ദരയക്ഷിയാണ്. അരയ്ക്കുതാഴെ മാത്രം വസ്ത്രം ധരിച്ച് പനയുടെ ചുവട്ടിൽ നിന്ന് ഇടംകൈയിൽ വാൽക്കണ്ണാടി പിടിച്ച് വലംകൈ കൊണ്ട് പൊട്ടുതൊടുന്നതാണ് ചിത്രം. പനയിൽ പക്ഷികളെയും ചിത്രീകരിച്ചിട്ടുണ്ട്.

ശ്രീകൃഷ്ണന്റെ ബാലലീലകൾ ചെറുചിത്രങ്ങളായി കോറിയിട്ടിട്ടുണ്ട്. പലതും കാലപ്പഴക്കത്താൽ മാഞ്ഞുതുടങ്ങി. വൃന്ദാവനത്തിൽ ഗോപികമാർക്കൊപ്പം ഓടക്കുഴലൂതുന്ന കൃഷ്ണന്റെ ചിത്രം മനോഹരമാണ്.

കിഴക്കേഭിത്തിയിലാണ് ശ്രീരാമ പട്ടാഭിഷേകം. രാജകീയ സിംഹാസനത്തിലിരിക്കുന്ന ശ്രീരാമൻ. തൊട്ടടുത്ത് സീതാദേവി. അമ്പും വില്ലും മടിയിൽ വെച്ച് ചിന്മുദ്രയിലാണ് ഇരിപ്പ്. ഗാംഭീര്യം കൈവിടാത്ത യോഗീഭാവത്തിലാണ് രാമചന്ദ്രൻ. സഹോദരങ്ങളെ താഴെയാണ് ചിത്രീകരിച്ചിരിക്കുന്നത്. ഹനുമാൻ, സുഗ്രീവൻ തുടങ്ങിയവരും മഹർഷിമാരുമുണ്ട്. വേട്ട ശാസ്താവിന്റെ ചിത്രമാണ് പുണ്ഡരീകപുരത്തെ ഏറ്റവും ശ്രദ്ധേയമായ ചിത്രം. കേരളത്തിലെ പത്ത് മികച്ച ചുവർചിത്രങ്ങളെടുത്താൽ അതിൽ ഈ ചിത്രം ഉൾപ്പെടുമെന്ന് ഡോ. ശശിഭൂഷൺ അഭിപ്രായപ്പെട്ടിട്ടുണ്ട്.



സർപ്പാലയം



മണ്ഡപത്തിലെ ഗരുഡൻ



ക്ഷേത്രം അഡ്മിനിസ്ട്രേറ്റർ വി.എൻ. പരമേശ്വരൻ നമ്പൂതിരിയും മേൽശാന്തി പുനം ഉണ്ണികൃഷ്ണൻ നമ്പൂതിരിയും



ബ്രഹ്മാവ്




ശങ്കരനാരായണൻ



അർദ്ധനാരീശ്വരൻ



വേട്ട ശാസ്താവ്



ശ്രീരാമപട്ടാഭിഷേകം



ശിവതാണ്ഡവം



മഹിഷാസുരമർദ്ദിനി



രാസലീല

അമ്പും വില്ലും വാളുമേന്തി പുഞ്ചിരിക്കുന്ന രൂപമാണ് ശാസ്താവിന്റെത്. തൂവെള്ള നിറത്തിലാണ് കുതിരയെ ചിത്രീകരിച്ചിരിക്കുന്നത്...

നായാട്ടുപരിവാരങ്ങളിൽ തോക്കേന്തിയയാളെയും കാണാം. വരകളിലും വർണങ്ങളിലും വേട്ട ശാസ്താവും ശ്രീരാമ പട്ടാഭിഷേകവും മികച്ചുനിൽക്കുന്നു. ശ്രീകോവിലിന്റെ തെക്കേ ചുവരിലാണ് ശിവതാണ്ഡവം രേഖപ്പെടുത്തിയിരിക്കുന്നത്.ഗണപതിപ്രാതലും പ്രതിഷ്ഠാസങ്കല്പമായ മഹാവിഷ്ണുവുമാണ് മറ്റുരണ്ട് ശ്രദ്ധേയ ചിത്രങ്ങൾ. ഇതിൽ പ്രതിഷ്ഠയുടെ ചിത്രം ഏറെക്കുറെ മാഞ്ഞുതുടങ്ങി. ബ്രഹ്മാവ്, ശങ്കരനാരായണൻ, ദക്ഷിണാമൂർത്തി തുടങ്ങി ചെറുചിത്രങ്ങൾ വേറെയുമുണ്ട്.

കേരളത്തിലെ മറ്റ് പല ക്ഷേത്രങ്ങളിലും സമാനമായ ചുവർചിത്രങ്ങളുണ്ടെങ്കിലും അവയെല്ലാം പിൽക്കാലത്ത് പുനരാലേഖനംചെയ്യപ്പെട്ടു. എന്നാൽ പുണ്ഡരീകപുരത്തെ ചിത്രങ്ങളിൽ പുതിയ കാലത്തിന്റെ ചായം പതിഞ്ഞിട്ടില്ല. ചിത്രവിസ്മയങ്ങളായി കാലങ്ങളെ അതിജീവിച്ച് അവ ഇന്നും നിലനിൽക്കുന്നു. അജ്ഞാതരായ കലോപാസകർ തീർത്ത സപര്യ. 1979-ൽ സംസ്ഥാന പുരാവസ്തുവകുപ്പ് ഇതിന്റെ സംരക്ഷണച്ചുമതല ഏറ്റെടുത്തിരുന്നു. ബലിക്കൽപുരയ്ക്ക് മുകളിലുള്ള ദാരുശില്പങ്ങളും അപൂർവതകളുടെ അടയാളമാണ്. കൃഷ്ണാർജുനവിജയം കഥയാണ് കൊത്തിയിരിക്കുന്നത്. പാലാഴിമഥനമാണ് മറ്റൊന്ന്.

അകത്തേക്ക് കടക്കുന്ന വാതിലിന്റെ മുകളിലാണ് അനന്തശയനം. വാതിലിൽ കൊത്തിയിട്ടുള്ള അമ്പാടിക്കണ്ണൻ ചെറുതെങ്കിലും കൗതുകമുള്ള രൂപമാണ്. പ്രസിദ്ധ ചിത്രകാരനായിരുന്ന രാജാ രവിവർമ ഒരിക്കൽ ഈ ക്ഷേത്രം സന്ദർശിച്ചിട്ടുണ്ട്. ക്ഷേത്രമതിൽക്കകത്തു തന്നെയാണ് സർപ്പസങ്കേതം. ഇവിടെ ആയിരത്തോളം നാഗപ്രതിഷ്ഠകളുണ്ട്. പല കാലങ്ങളിലായി ഇവിടെ എത്തിച്ച വിഗ്രഹങ്ങളാണിവ. സമീപമായി സുബ്രഹ്മണ്യക്ഷേത്രവുമുണ്ട്.

കലയുടെ ശ്രീകോവിൽ കടന്ന് സാഹിത്യത്തിന്റെ ശ്രീലകത്തേക്കാണ് ഇനി യാത്ര.

ബേപ്പൂർ സുൽത്താൻ വൈക്കം മുഹമ്മദ് ബഷീറിന്റെ ഓർമകൾ ജീവിക്കുന്നയിടത്തേക്ക്...

ഈ കോവിഡ്കാലത്ത് ബഷീർ ജീവിച്ചിരുന്നെങ്കിൽ? എങ്ങനെയാകും അദ്ദേഹം ഈ അടച്ചിൽകാലത്തെ അടയാളപ്പെടുത്തുക?

കണ്ണിൽ കാണാത്ത വൈറസിനെക്കൊണ്ട് പൊറുതിമുട്ടിയ ലോകത്തോട് എന്താകും പറയുക? ഈ ലോകത്ത് യുദ്ധം ഇല്ലാതാകണമെങ്കിൽ എല്ലാവർക്കും പരമ രസികൻ വരട്ടുചൊറി വരണമെന്ന് പറഞ്ഞ അതേ ദാർശനികതയോടെ ബഷീർ കൊറോണക്കാലത്തെ എഴുതിവയ്ക്കുമായിരിക്കാം. ''എന്റെ എഴുത്തുകൾ വായിച്ച് കൂടുതൽ ചിരിച്ചത് ഞാനായിരിക്കും. കരഞ്ഞതും ഞാനായിരിക്കും. കാരണം അതൊക്കെ എന്റെ അനുഭവങ്ങളായിരുന്നു.''- ബഷീർ ഒരിക്കൽ പറഞ്ഞിട്ടുണ്ട്.

ബഷീറിന്റെ അനുഭവങ്ങൾക്ക് തറക്കല്ലിട്ട തറവാടുവീട് തലയോലപ്പറമ്പിലായിരുന്നു. വിവാഹശേഷം ബഷീർ താമസിച്ചിരുന്ന വീട് ഇന്ന് ഫെഡറൽ ബാങ്കിന്റെ ഓഫീസാണ്. ഫെഡറൽ നിലയം. തലയോലപ്പറമ്പ് ടൗണിൽ മാർക്കറ്റിന് എതിർവശത്താണ് ഈ കെട്ടിടം.

ഉള്ളിലേക്ക് കടക്കുമ്പോഴേ പ്രിയ സാഹിത്യകാരന്റെ ഓർമകൾക്ക് ജീവൻവെച്ചുതുടങ്ങും. പഴയ വീട്ടുമുറ്റത്തെ അതേ കിണർ സംരക്ഷിച്ചിട്ടുണ്ട്. ബഷീർ ഉപയോഗിച്ചിരുന്ന ചാരുകസേരയും പീഠവുമുണ്ട്. ഒപ്പം രണ്ട് ചിത്രങ്ങളും. 'ഇമ്മിണി വല്യ സുൽത്താന്റെ നിലയത്തിലേക്ക് സ്വാഗതം' എന്ന് എഴുതി പതിപ്പിച്ചിരിക്കുന്നു. 1960-64 കാലത്ത് ബഷീർ ഭാര്യ ഫാബിക്കൊപ്പം ഈ വീട്ടിൽ താമസിച്ചിരുന്നു. ഭാർഗവീനിലയം സിനിമയുടെ തിരക്കഥ ബഷീർ പൂർത്തിയാക്കുന്നത് ഈ വീട്ടിൽവെച്ചാണ്. പിന്നീട് കോഴിക്കോട്ടേക്ക് മാറിയതോടെയാണ് ഈ വീട് ഫെഡറൽ ബാങ്കിന് വിറ്റത്. ഫെഡറൽ ബാങ്ക് സ്ഥാപകൻ കെ.പി.ഹോർമിസ് ബഷീറിന്റെ സുഹൃത്തായിരുന്നു. അങ്ങനെയാണ് ആ ഒൻപതുസെന്റ് സ്ഥലവും വീടും ഫെഡറൽ ബാങ്കിന് വിൽക്കുന്നത്. 1964 നവംബർ 27-നായിരുന്നു ഇത്. ഇതിന്റെ ആധാരത്തിന്റെ പകർപ്പും ബാങ്കിൽ ഫ്രെയിംചെയ്ത് സൂക്ഷിച്ചിരിക്കുന്നു.

Yathra Travel Info

## Pundareekapuram Temple

Pundareekapuram is a small Vishnu temple atop a little rise called Midayikunnam near Thalayolaparambu in Kottayam. The murals on the walls of sanctum sanctorum are believed to have belonged to the late 16th century C.E. **Getting There- By Air:** Nearest airport is Cochin Airport (55km) **By Rail:** Instead of Talayolaparambu you can a get a train to Vaikom Road on regular basis (Mainly passenger trains halt here). **By Road:** Regular bus services available from towns such as Eranakulam and Kottayam to Talayolaparambu. At Midaikunnam, Half Kilometer From Vettikattumukku In The Talayolapparambu - Ernakulam Route.
**Contact:** ✆04829-238757, 234617. Mobile: 8086245702
www.archaeology.kerala.gov.in




ബഷീറിന്റെ വീട്ടുമുറ്റത്തെ കിണറും ചാരുകസേരയും അതേപടി സംരക്ഷിച്ചിട്ടുള്ള ഫെഡറൽ ബാങ്ക് കെട്ടിടം



വൈക്കം മുഹമ്മദ് ബഷീറിന്റെ സഹോദരി പാത്തുമ്മയുടെ മകൾ ഖദീജ ആരിഫ

മാർക്കറ്റ്റോഡിലൂടെ പോയാൽ പാലാംകടവ് പാലം കാണാം. ബഷീറിന്റെ പേരിലാണ് പാലം. താഴെ മൂവാറ്റുപുഴയാർ. തീരത്ത് വൈക്കം മുഹമ്മദ് ബഷീർ സ്മാരക മന്ദിരം. തീരത്തെ കല്പടവുകൾ പലതും പൊട്ടിപ്പൊളിഞ്ഞുകിടക്കുന്നു. ഇതിനടുത്തായിരുന്നു ബഷീറിന്റെ തറവാടായ പുത്തൻ കാഞ്ഞൂർ വീട്. വായനക്കാർക്ക് പ്രിയപ്പെട്ട പല ബഷീർകഥാപാത്രങ്ങളും ജന്മമെടുത്ത വീട്.

തലയോലപ്പറമ്പിൽ ജീവിച്ചിരുന്നകാലത്ത് ബഷീർ ഈ കടവിൽ ഇരിക്കാറുണ്ടായിരുന്നത്രേ.

ബഷീറിന്റെ സഹോദരങ്ങളും കുടുംബാംഗങ്ങളുമെല്ലാം കഥകളിലൂടെ വായനക്കാർക്ക് മുന്നിലെത്തുന്നുണ്ട്. പാത്തുമ്മയുടെ ആടിൽ സഹോദരങ്ങളുടെ മക്കളായ ഖദീജ ആരിഫ., പാത്തുക്കുട്ടി, സെയ്തുമുഹമ്മദ് എന്നിവരെല്ലാം കഥാപാത്രങ്ങളായി. ''പാത്തുമ്മയുടെ മകൾ എന്ന പേര് പറഞ്ഞാൽതന്നെ എന്നെ ഇപ്പോൾ എല്ലാവരും അറിയും'' ഖദീജ ചിരിച്ചുകൊണ്ട് പറഞ്ഞു. ''എന്റെ ആട് പെറട്ടെ. അപ്പോൾ കാണാം'' എന്ന് വെല്ലുവിളിച്ച അതേ പാത്തുമ്മയുടെ മകൾ. പാത്തുമ്മയുടെ പിന്നാലെ വാലുപോലെ നടന്ന ഖദീജ. ''മാമായ്ക്ക് ഞങ്ങളെയൊക്കെ വലിയ കാര്യമായിരുന്നു. വലിയ വലിയ ആളുകൾ വീട്ടിൽ വന്നാൽ ഞങ്ങളെ പരിചയപ്പെടുത്തും''- ഖദീജ പറഞ്ഞു. ''മാമാ എനിക്ക് രണ്ട് കമ്മൽ തന്നു. അത് പൊലിച്ചു. ഇപ്പോഴും എനിക്ക് സ്വർണം ഇടാൻ ഭാഗ്യം കിട്ടുന്നു.'' ഖദീജയുടെ വാക്കുകളിൽ ആദരവും സ്നേഹവും. ജൂലായ് അഞ്ചിനാണ് ഒട്ടേറെ കഥകളും കഥാപാത്രങ്ങളും നമുക്കായി ബാക്കിവെച്ച് ബഷീർ ലോകത്തോട് വിടപറയുന്നത്. എല്ലാ വർഷവും ബഷീറിന്റെ ഓർമ പുതുക്കാൻ ഈ കുടുംബാംഗങ്ങൾ ആ ദിവസം ഇവിടെ ഒത്തുചേരുന്നു. തലയോലപ്പറമ്പ് ബഷീർ സ്മാരക സമിതിയുടെ നേതൃത്വത്തിലാണ് ഓർമദിനാചരണം. 'സുൽത്താന്റെ നാട്ടുകാർ' എന്നപേരിൽ ബഷീർ ആരാധകരുടെ ഒരു വാട്സാപ്പ് കൂട്ടായ്മയുമുണ്ട്. വിശ്വസാഹിത്യകാരനെ ജന്മനാടിന് മറക്കാനാവില്ലല്ലോ.

www.yathramagazine.com



തലയോലപ്പറമ്പിലെ ബഷീർ സ്മാരക മന്ദിരം. പാലാംകടവ് പാലത്തിൽ നിന്നുള്ള ദൃശ്യം



# കുന്നോളം കുളിരുള്ള കാഴ്ചകൾ

**ഉത്തരകേരളത്തിന്റെ
ശ്വാസകോശങ്ങളായ
ചെങ്കൽകുന്നുകളിൽ
ഉറപൊട്ടുന്ന രണ്ട് ജലാത്ഭുതങ്ങൾ,
കാനായി കാനവും
ഹരിതീർത്ഥക്കര വെള്ളച്ചാട്ടവും.
ജലവും പ്രകൃതിയും
ഒന്നാക്കുന്ന വഴികളിലൂടെ
ഒരു മഴക്കാലയാത്ര**

**'I chatter, chatter as i flow
To join the brimming river
For men may come and man may go
But I go on forever!'**
***–The Brook– Tennyson***



ഹരിതീർത്ഥക്കര വെള്ളച്ചാട്ടം

Text: **Sooraj Sukumaran**
Photos: **Pushpajan Thaliparamba**

രാവിലെ അനിയന്റെ ബൈക്കിന്റെ പിൻസീറ്റിൽ കങ്കാരുക്കുട്ടിയെപ്പോലെ ഒട്ടിപ്പിടിച്ച് യാത്രതുടങ്ങുമ്പോൾ മഴ ചാറുന്നുണ്ടായിരുന്നു. പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വരാന്തയിൽ എന്നെയും ഉപേക്ഷിച്ച് അനിയനും ബൈക്കും അവരുടെ ദൂരങ്ങളിലേക്ക് പാഞ്ഞു. അല്പനേരം കാത്തിരിപ്പാണ്, സഹയാത്രികനുവേണ്ടി. അപ്പോഴേക്കും ചിണുങ്ങൽ മതിയാക്കി മഴ പെയ്ത്ത് തുടങ്ങി. ചുറ്റും മഴ മാത്രം. സഹയാത്രികനായ പുഷ്പേട്ടന്റെ കാർ മഴയിൽക്കുളിച്ച് മുന്നിൽവന്ന് മാടിവിളിച്ചു. ദേശീയപാത 66-ൽ നിന്ന് കോറോം-കാനായി റോഡിലേക്ക് കാർ തിരിഞ്ഞു.

## കനവിലെ കാനം

ആദ്യയാത്ര കാനത്തിന്റെ കുളിരിലേക്കാണ്. ചെങ്കൽക്കുന്നുകളിൽനിന്ന് ഉറവപൊട്ടിയൊഴുകി പാറക്കല്ലുകളിൽ തട്ടിത്തടഞ്ഞ് പൊട്ടിച്ചിതറുന്ന കാനായി കാനത്തിലേക്ക്. ഉത്തരകേരളത്തിന്റെ ടൂറിസം ഭൂപടത്തിൽ കാനായി



ജലവേഗം



> നിശബ്ദതയാണ് കാനത്തിന്റെ ഭാഷ, അപൂർവമായ സസ്യങ്ങളുടെയും ശുദ്ധജലമത്സ്യങ്ങളുടെയും കലവറയാണ് ഇവിടം

**Yathra Travel Info**

# Haritheerthakara waterfalls

Haritheerthakara waterfalls also known as Ariyil waterfalls or Chooral waterfalls is a small waterfall near Payyanur in the Kannur District of Kerala. This is a virgin waterfall untouched by modern society.

The Haritheerthakara Waterfalls is located in the 3rd Ward of Kankol-Alapadamb Panchayath in Kannur District. The location of the waterfall is in between the Chooral-Ariyil road. The waterfall is about 17 km from payyanur and you can reach the waterfall through Kankol or Mathil from Payyanur and through Cheemeeni Velichamthoodu road from Cheruvathur and Kanhangad. To reach the waterfall you have to walk about 100-200 meters from the road through a narrow pathway.

**Getting There- By Road:** From Kannur 1 h 18 min (48.6 km) via Pazhayangadi Rd/ Pilathara-Pappinisseri Rd and NH 66 **By Air:** Kannur International Airport (71km) **By Rail:** Payyannur (17km). Cheruvathur (18km).

കാനം മുളപൊട്ടിത്തുടങ്ങിയിട്ടേയുള്ളൂ. കണ്ടതും കേട്ടതുമായ അറിവുവെച്ചാണ് കാനായി കാനത്തിലേക്കുള്ള ഈ യാത്ര. ദിശാസൂചികകൾ വഴികാട്ടാത്ത മായക്കാഴ്ചയിലേക്കുള്ള സഹായം വഴിയിലെ വാമൊഴികൾതന്നെയായിരുന്നു. ഓരോ ചെറിയദൂരത്തിലും ഓടുന്ന വഴിയിലെ കൃത്യത അളന്നു. കൂട്ടിന് അപ്പോഴും മഴപെയ്യുന്നുണ്ടായിരുന്നു. കോറോത്തിന്റെ ഗ്രാമക്കാഴ്ചകൾ പിന്നിട്ട് മെല്ലെ കാനായി തൊട്ടു. ശ്രീനാരായണ എൻജിനീയറിങ് കോളേജിനപ്പുറമുള്ള കലുങ്കാണ് വഴിയോരക്കാഴ്ചക്കാർ അടയാളം പറഞ്ഞത്. ചെങ്കൽപ്പാറകളുടെ നടുവിലൂടെ നീളുന്ന റോഡ്. വഴിയിൽ കലുങ്ക് കണ്ടതും കാറിന്റെ ബ്രേക്കിട്ടു. കലുങ്കിനരികെ വലിച്ചുകെട്ടിയ പഴയ ഫ്ളക്സ് ബോർഡിൽ മാർക്കർകൊണ്ട് എന്തോ എഴുതിയിട്ടുണ്ട്. കുടനിവർത്തി



കാനനതാളം

ബോർഡിനരികിലേക്ക് നടന്നു. കോവിഡ് വ്യാപന പശ്ചാത്തലത്തിൽ കാനായി കാനത്തിലേക്കുള്ള സഞ്ചാരികളുടെ പ്രവേശനം താത്കാലികമായി വിലക്കിക്കൊണ്ടുള്ള അറിയിപ്പാണ്. പക്ഷേ, കാനത്തിലേക്കുള്ള വഴിയേതാണെന്ന സൂചന എവിടെയുമില്ല. അല്പദൂരം നടക്കാനുണ്ടെന്ന കേട്ടറിവുമാത്രം. പണി പാളിയോ എന്ന ശങ്കയിൽ നിന്നപ്പോൾ പ്രകൃതിതന്നെ വഴി കാട്ടുമെന്നായി പുഷ്പേട്ടൻ.

ഒറ്റപ്പെട്ട പ്രദേശമായതിനാൽ ചോദിക്കാൻ അരികെ വീടുകളോ കടകളോ ഇല്ല. മുന്നിലൂടെ ഒഴുകിപ്പോകുന്ന തെളിനീരുനിറഞ്ഞ നീർച്ചാലിനരികിലൂടെ നടന്നു. അല്പം ദൂരത്തായി പടർന്നുകിടക്കുന്ന വള്ളികളും കുറ്റിച്ചെടികളും തീർക്കുന്നൊരു കൂടാരം. അതിനുനടുവിലൂടെ നീർച്ചാൽ മുന്നോട്ടുകുതിക്കുന്നു. മഴക്കാലമായതിനാൽ പാറക്കെട്ടുകളിലൂടെ നീർച്ചാലൊഴുകുന്ന വഴിയേ മുന്നോട്ടുനടക്കുന്നത് പന്തിയല്ല. കൈകൊണ്ട് വകഞ്ഞുമാറ്റാനാവാത്തവിധം വാരിപ്പുണർന്നിരിക്കുന്ന വള്ളിച്ചെടികളും പ്രതിസന്ധിയാണ്.

അല്പദൂരം മാറി ഒരു റബ്ബർത്തോട്ടം ശ്രദ്ധയിൽപ്പെട്ടു. അതുവഴി മുന്നോട്ട് നടക്കാമെന്ന് തീരുമാനിച്ചു. മഴക്കാലമായതിനാൽ കാനത്തിലേക്കുള്ള നീരുറവകൾ കുന്നിന്റെ പലഭാഗത്തുനിന്നും പൊട്ടിവരുന്നുണ്ട്. അതിനാൽ ചെറിയദൂരത്തിൽത്തന്നെ കൈവഴിത്തോടുകൾ മുറിച്ചുകടക്കേണ്ടിവന്നു. കാനത്തിന്റെ കാഹളം വഴികാട്ടിയായി. റബ്ബർത്തോട്ടത്തിന്റെ അരമതിൽ ചാടിക്കടന്നപ്പോൾ തന്നെ പാറക്കൂട്ടങ്ങളുടെമേൽ തെന്നിപ്പായുന്ന ഓളങ്ങൾ കണ്ടുതുടങ്ങി. ഒരാൾക്കുമാത്രം നടന്നുനീങ്ങാവുന്ന ഒറ്റയടിപ്പാത അരുവിയുടെ ഭിത്തിയുടെ അരികിലൂടെയാണ്. വളഞ്ഞും പുളഞ്ഞും കിടക്കുന്ന ആ വഴിയിൽ വഴുക്കലിന്റെ രൂപത്തിൽ അപകടം പതിയിരിക്കുന്നുണ്ട്. മഴ നിർത്താതെപെയ്യുന്നതിനാൽ ഓരോ കാൽവയ്പ്പിലും ശ്രദ്ധയോടെ നീങ്ങി.

സഞ്ചാരികൾക്കു വിലക്കുള്ളതിനാൽ വഴിയാകെ കാടുമൂടിയിട്ടുണ്ട്. വഴിക്ക് കുറുകെ മരങ്ങൾ പൊട്ടിവീണിരിക്കുന്നു. എന്നാൽ, ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ അതൊന്നും തടസ്സമായില്ല. കാനത്തിലേക്കിറങ്ങാനുള്ള ഇടവഴി തെളിഞ്ഞു. കാട്ടുപടർപ്പുകളെ വകഞ്ഞുമാറ്റി താഴേക്കിറങ്ങി. ദാ, പാലരുവി കൺമുന്നിൽ. ഒരു കന്യാവനത്തിനു നടുവിലെ അരുവിയെന്ന് ഒറ്റവാക്കിൽ കാനത്തെ വിശേഷിപ്പിക്കാം. വെളിച്ചം കുറവാണ്. പാറക്കൂട്ട



കാനായികാനം

ങ്ങളിലൂടെ ഒഴുകിവന്ന അരുവി തട്ടിതടഞ്ഞ് താഴേക്കുചാടുന്ന ഭാഗത്തുമാത്രം സൂര്യപ്രകാശം പതിക്കുന്നു. അവിടെമാത്രം ഏതോ പ്രകാശവലയം. വെള്ളം അതിന്റെ നാഥനെ ക്കണ്ടപോലെ കണ്ണാടിച്ചില്ലുതോൽക്കുന്ന തെളിച്ചം. മേൽത്തലപ്പോളം പടർന്നുകിടക്കുന്ന വള്ളിച്ചെടികൾ വേരുകൾ നീർച്ചാലിലേക്ക് നീട്ടിവെച്ചിരിക്കുന്നു. കാനത്തിന്റെ ആഴംകൂട്ടിയതിനാൽ ഇറങ്ങുന്നവർ ശ്രദ്ധിക്കണമെന്ന് എഴുതിവെച്ചിട്ടുണ്ട്. അപൂർവമായ സസ്യങ്ങളുടെയും ശുദ്ധജലമത്സ്യങ്ങളുടെയും കലവറയാണ് കാനായി കാനം. ഹൈഡ്രില്ലാ, റെറ്റാലാ, വാലിസ്നേരിയ, ഐസേറ്റസ് കോറമാൻഡാലിയ തുടങ്ങിയ അപൂർവസസ്യങ്ങൾ കാനത്തിന്റെ സമീപപ്രദേശത്ത് കണ്ടെത്തിയിട്ടുണ്ട്. ജൂൺ മുതൽ ഡിസം

Yathra Travel Info

## Kanayi Kanam

Kanayi Kanam is a small stream with small waterfalls flowing in the midst of thick forest-like vegetation. Kanayi kanam is situated in the Kanayi village about 12 Km away from payyanur, in the Kannur district of Kerala. The atmosphere here is very pleasing with fresh water and greenery all around.The Kanayi Kanam hides a small lake under a thick canopy of a variety of Madhuca trees and 'Chedavally' (Dalbergia horrida), a climbing plant with strong curvy thorns. A small waterfall cascades down into the lake and flows towards Vannathippuzha, a few kilometers downstream.Whatever the climate outside the Kanam, the temperature inside the Kanam is much lower and the climate inside the Kanam is very pleasing. You feel like you are inside a forest. Enjoy the atmosphere, trees, climate, take a swim in the lake.

**Getting There-** From Kannur 1 h 7 min (38.5 km) via Pazhayangadi Rd/Pilathara-Pappinisseri Rd **By Air:** Kannur International Airport (62km) **By Rail:** Payyannur (12km).



## കൈയെത്തും ദൂരെ ഹരിതീർത്ഥക്കര

കാനായി കാനത്തിൽനിന്ന് ഏച്ചിലാംവയലിലേക്ക് ദൂരം അഞ്ചുകിലോമീറ്ററാണ്. മഴയോട് കിന്നാരം പറഞ്ഞ് കാർ കുതിച്ചപ്പോൾ ആ ദൂരം ചെറുതായി. ചെന്നുമുട്ടുക പയ്യന്നൂർ-ചെറുപുഴ റോഡിൽ. അതുവഴി പത്തുകിലോമീറ്റർ ചൂരലിലേക്ക്. ചൂരൽ ടൗൺ കഴിഞ്ഞാൽ ഇടത്തേക്കുള്ള പോക്കറ്റ് റോഡിലൂടെ രണ്ടുകിലോമീറ്റർ സഞ്ചരിച്ചാൽ അരിയിലെത്താം. ചെങ്കൽപ്രദേശമാണ്. ടാറിട്ട റോഡിൽനിന്ന് കാർ മെല്ലെ ചെമൺപാതയിലേക്കിറങ്ങി. മഴക്കാലം ചെങ്കൽപ്പാറകളിൽ സമ്മാനിക്കുന്ന നീർച്ചാലുകൾ റോഡിനുകുറുകേതന്നെ ഒഴുകുന്നുണ്ട്. ചെമൺപാതയിൽനിന്ന് കാർ വീണ്ടും ടാറിട്ട റോഡിലേക്ക്. കുത്തനെയുള്ള ഇറക്കമാണ്. ഒരുവശത്ത് റബ്ബർ ത്തോട്ടവും മറുവശത്ത് വീടുകളും കാണാം. ഇറക്കത്തിന്റെ അവസാനമാണ് കാഴ്ചയുടെ സ്വർഗം. ഇവിടെയാണ് ഹരിതീർത്ഥക്കര വെള്ളച്ചാട്ടം എന്ന കൊലുസിട്ട സുന്ദരി സഞ്ചാരികളെയും കാത്തിരിക്കുന്നത്.

ഉത്തരകേരളത്തിലെ ടൂറിസം ഭൂപടത്തിലെ പ്രധാന ഡെസ്റ്റിനേഷനായി ഇതിനോടകം ഇവിടം മാറിക്കഴിഞ്ഞു. കാർ നിർത്തി അഞ്ചുമിനിറ്റ് ദൂരം കാൽനടയാത്ര. കൽപ്പടവുകൾ കാണുന്നിടമാണ് കാഴ്ചകളുടെ കവാടം. കൽപ്പടവുകളിറങ്ങാൻ തുടങ്ങിയപ്പോൾത്തന്നെ വെള്ളച്ചാട്ടം കൺമുന്നിലെത്തിത്തുടങ്ങി. മഴക്കാലമായതിനാൽ എല്ലാ രൗദ്രഭാവത്തോടുംകൂടി കുതിച്ചുചാടുകയാണ് നമ്മുടെ സൂപ്പർ ഹീറോ. മറ്റുള്ള വെള്ളച്ചാട്ടങ്ങളെ അപേക്ഷിച്ച് അപകടസാധ്യത കുറവാണെന്നതാണ് സഞ്ചാരികളെ ഇവിടേക്ക് ആകർഷിക്കുന്ന പ്രധാനഘടകം. വെള്ളച്ചാട്ടത്തെ അതിന്റെ എല്ലാ ഭാഗത്തുംനിന്ന് ഒപ്പിയെടുക്കാനുമാകും. മുകൾഭാഗത്തേക്ക് കയറാനും അരുവിയുടെ പിൻവഴിയിലൂടെ നടക്കാനും സൗകര്യമുണ്ട്. എല്ലാ വഴികളിലൂടെയും ഹരിതീർഥക്കരയെ നുകർന്നു.ശുദ്ധജലമത്സ്യങ്ങളുടെ കേന്ദ്രമാണ് അരുവി. വെള്ളച്ചാട്ടത്തിനടിഭാഗത്തേക്ക് സുരക്ഷിതമായി ഇറങ്ങിനിൽക്കാം. എന്നാൽ, പെരുമഴക്കാലത്ത് ഈയൊരു സാഹസത്തിന് മുതിരാതിരിക്കുന്നതാണ് നല്ലതെന്ന് മനസ്സുപറഞ്ഞു.

വെളിച്ചംതോട്, വെള്ളരിക്കാപ്പെട്ടി എന്നിവിടങ്ങളിലെ ചെങ്കൽക്കുന്നുകളിൽനിന്നാണ് വെള്ളച്ചാട്ടത്തിലേക്കുള്ള അരുവി ഉദ്ഭവിക്കുന്നത്. വഴിനീളെ പതിഞ്ഞ താളത്തിൽ ഒഴുകി നീങ്ങുന്ന അരുവി ഇവിടെയെത്തുമ്പോൾ അതിന്റെ ഏഴഴകും വിടർത്തുന്നു. പിന്നെ വയലേലകൾക്കും കവുങ്ങിൻതോപ്പുകൾക്കുമിടയിലൂടെ ഒഴുകിയൊഴുകി പെരുമ്പ പുഴയുടെ മടിത്തട്ടിലേക്ക് പതിക്കും. ജൂൺ മുതൽ ജനുവരിവരെയുള്ള മാസങ്ങളാണ് ഹരിതീർഥക്കരയിലേക്കെത്താൻ സഞ്ചാരികൾക്ക് ഏറ്റവുമനുയോജ്യമായ സീസൺ. വേനൽക്കാലമായാൽ കുന്നുകളിലെ ഉറവ വറ്റുന്നതിനാൽ വെള്ളച്ചാട്ടവും മെലിഞ്ഞുണങ്ങും. മഴക്കാലത്തെ കാഴ്ചയെക്കാൾ സുന്ദരമായ ഹരിതീർഥക്കര വേറെയില്ലെന്നുറപ്പിക്കാം. ഇളംമഴ പെയ്തിറങ്ങുന്നുണ്ട്. കുടചൂടി അല്പനേരം തീരത്തിരുന്നു. അരുവി പാലരുവിയായി പാറക്കെട്ടുകളിലൂടെ മുന്നിലേക്ക് തുള്ളിത്തുളുമ്പി പായുകയാണ്. ഗ്രാമപ്രദേശമായതിനാൽ നിശ്ശബ്ദമാണ് അന്തരീക്ഷം.

**മറ്റ് വെള്ളച്ചാട്ടങ്ങളെ അപേക്ഷിച്ച് അപകടസാധ്യത കുറവാണെന്നതാണ് ഹരിതീർത്ഥക്കരയുടെ പ്രധാന ആകർഷണം**

അടുത്ത വരവുവരെ ഓർമിക്കാനുള്ളതെല്ലാം മനസ്സിലാക്കി കൽപ്പടവുകൾ തിരിച്ചുകയറി. പിറകിൽ മാടിവിളിച്ചുകൊണ്ടേയിരിക്കുന്നുണ്ട് ഹരിതീർഥക്കരയുടെ സംഗീതം. ഗ്രാമത്തിന്റെ വിശുദ്ധിയിൽ മയങ്ങുന്ന കൊലുസിട്ട സുന്ദരീ, വീണ്ടും വരാം.



ബർ വരെയുള്ള മാസങ്ങളാണ് സഞ്ചാരികൾക്ക് ഏറ്റവും അനുയോജ്യമായ സീസൺ.

കണ്ണടച്ച് കാനത്തിന്റെ മടിത്തട്ടിൽ ഇരുന്നു. വെള്ളച്ചാട്ടത്തിന്റെയും മുന്നോട്ടുള്ള അരുവിയുടെ കുതിപ്പിന്റെയും ശബ്ദം ഉയർന്നുകേൾക്കാം. മരങ്ങളിലും മണ്ണിലും നീർച്ചാലിലും പെയ്യുന്ന മഴ, പക്ഷികളുടെയും ഒരുപാട് ചെറുജീവികളുടെയും നാദം. അങ്ങനെ ചുറ്റും കേട്ടതെല്ലാം പ്രകൃതിയുടെ താളമായിരുന്നു. കാതുകൊണ്ടല്ല ഹൃദയംകൊണ്ടുതന്നെ തൊട്ടു കാനത്തെ.





സർപ്പക്കളം

# നാഗയക്ഷിമാരുടെ നാട്ടിൽ

**കേരളത്തിലെ അനുഷ്ഠാന കലാരൂപങ്ങളിൽ പ്രധാനപ്പെട്ടതാണ് കളമെഴുത്ത്. ഭദ്രകാളീക്ഷേത്രങ്ങളിലും സർപ്പക്കാവുകളിലും അയ്യപ്പൻകോവിലുകളിലും ആഘോഷപൂർവം കൊണ്ടാടപ്പെടുന്ന കലാരൂപമാണിത്**



**The rites and rituals of the Sarpakkavu (Serpent groves) of Kerala are associated with pristine myths of association between man and the natural world. They also reflect the folk wisdom of generations! They are excellent rain water reservoirs and preservers of bio diversity and a large variety of vegetation**

Text & Photos : **Madhuraj**

മനുഷ്യകുലം ഉണ്ടായനാൾമുതൽ ഇന്നുവരെ സർപ്പങ്ങളുമായുള്ള ബന്ധം സങ്കീർണമാണ്. വിശ്വാസവും ആചാരവുമായി അത് ഇന്നും നമ്മെ പിൻതുടരുന്നു. തൃശ്ശൂർജില്ലയിലെ എരുമപ്പെട്ടി എന്ന ഗ്രാമത്തിൽ അമ്പലപ്പാട്ട് തറവാട്ടിലെ യക്ഷിക്കളം പുള്ളുവക്കുടവും വീണയുമായി നമ്മുടെ മുന്നിൽ ഉണർന്ന് പാടുകയാണ്...

''അഷ്ടനാഗങ്ങൾ അനന്തനും ശംഖനും
ശംഖുപാലൻ പത്മൻ പത്മപാലൻ
ഭൂമി ചുറ്റിക്കിടക്കും വാസുകി
പിന്നെ ഗുളികനും കാർക്കോടകൻ
ഇങ്ങനെ ഉള്ളൊരു നാഗരാജാക്കൻമാർ
അൻപോടെ നേർച്ചയാൽ പന്തൽ പണിതു.
ആദി ആയുള്ളൊരു വിശ്വകർമൻ വന്ന്
ചന്തമായ് പന്തൽ പണി തുടങ്ങി.
കുന്നത്ത് നിൽക്കുന്ന ദൈവപാല വൃക്തി
ചിത്തിരക്കാലുകൾ നാലു തീർത്തു.
ചെത്തിച്ചമച്ച കല്ലുകൾ നാലിലും
ശിൽപ്പമായ് മേലെ വിതാനംചെയ്തു...''

നാഗരാജാക്കൻമാരെയും കന്യകമാരെയും സ്തുതിച്ചുള്ള ഈ പാട്ടുകൾക്ക് സർപ്പോത്സവത്തിൽ 'പന്തൽപ്പൊലി' എന്നാണ് പേര്. രാത്രിയുടെ അതീതയാമങ്ങളിൽ പുള്ളുവക്കുടവും വാക്കും വീണയും തീർക്കുന്ന മാസ്മരലോകത്തിലേക്ക് നാഗങ്ങൾ തുള്ളി വരികയായി... വരഞ്ഞുതീർത്ത കളങ്ങൾ ആടിത്തിമർത്ത് അവ വെറും ഓർമയായ് മാറുമ്പോൾ ഗ്രാമത്തിന്റെ കാത്തിരിപ്പ് ഉത്സാഹപൂർവം അടുത്ത വർഷത്തേക്ക് നീളുന്നു.

കേരളത്തിലെ അനുഷ്ഠാന കലാരൂപങ്ങളിൽ പ്രധാനപ്പെട്ടതാണ് കളമെഴുത്ത്. ഭദ്രകാളീക്ഷേത്രങ്ങളിലും സർപ്പക്കാവുകളിലും അയ്യപ്പൻകോവിലുകളിലും ആഘോഷപൂർവം കൊണ്ടാടപ്പെടുന്ന വൈവിധ്യമാർന്ന കലാരൂപങ്ങൾ (കാളി തീയ്യാട്ട്, അയ്യപ്പൻ തീയാട്ട്, മലയൻകെട്ട്, കെന്ത്രോൻ പാട്ട്, കറുന്തിരിപ്പാട്ട്, ബലിക്കള തെയ്യാട്ട് തുടങ്ങി സമുദായം തിരിച്ചുള്ള കളങ്ങളും പാട്ടുകളും) സാക്ഷാത്കരിക്കുന്നത് ഇവിടെ വരഞ്ഞിടുന്ന ആരാധനാമൂർത്തികളുടെ സന്നിധിയിലാണ്. ഇവയിൽ പ്രധാനപ്പെട്ടതാണ് മധ്യകേരളത്തിലെ സർപ്പക്കളങ്ങൾ. അഷ്ടനാഗക്കളവും നാഗയക്ഷിക്കളവും ആണ് സാധാരണ കണ്ടുവരുന്നത്. അരിപ്പൊടി, മഞ്ഞൾപ്പൊടി തുടങ്ങിയ പ്രകൃതിദത്തമായ വസ്തുക്കളിൽനിന്നുണ്ടാക്കുന്ന പഞ്ചവർണങ്ങളാണ് (വെള്ള, പച്ച, ചുകപ്പ്, മഞ്ഞ, കറുപ്പ്) കളങ്ങളിൽ നിറയുന്നത്. ഇവ പഞ്ചഭൂതങ്ങളെയും പ്രതിനിധാനംചെയ്യുന്നു.






നാഗക്കളത്തിനായി കുട്ടികൾ പൂക്കളിറുക്കുന്നു








ഗണപതിപൂജ കഴിഞ്ഞാണ് കളമെഴുത്തിന്റെ തുടക്കം. ചോക്കുകൊണ്ട് വരഞ്ഞ കളങ്ങളിൽ പതിയെ നിറങ്ങൾ ചേക്കേറുന്നു. പുള്ളുവൻ ശിവശങ്കരന്റെ നേതൃത്വത്തിലുള്ള കലാകാരന്മാരാണ് ഇവിടെ കളമെഴുതി പാടുന്നത്



**ഒരു രാത്രി പുലരുംവരെ നീളുന്ന അനുഷ്ഠാനമാണ് കളമെഴുത്ത്**

തോന്നല്ലൂർ നരസിംഹമൂർത്തി ക്ഷേത്രം








തോന്നല്ലൂർ നരസിംഹമൂർത്തി ക്ഷേത്രത്തിലെ പ്രതിഷ്ഠയിൽ അഭിഷേകം കഴിഞ്ഞ് വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ എഴുന്നള്ളത്തിനായി ഒരുങ്ങിനില്ക്കുന്ന നാഗകന്യകമാർ കാവിലേയ്ക്ക്





ക്ഷേത്രത്തിൽനിന്ന് എഴുന്നള്ളത്ത്
കാവിലെത്തിയാൽ മണിപ്പന്തലിൽ
പാലുംകുടി പൂജ. പിന്നെയാണ് തിരിയുഴിച്ചിൽ.
അഗ്നിദേവനെ സമർപ്പണം ചെയ്തുള്ള
മെയ്യഭ്യാസമാണിത്.
സർപ്പംപാട്ട് തുടങ്ങുമ്പോൾ
രാത്രി അതിന്റെ എത്രയോ വിനാഴികകൾ
പിന്നിട്ടിരിക്കും. ഇനി നേരമില്ല,
കരിനാഗങ്ങൾ തിരതുള്ളി
കളംമായ്ക്കാൻ വരികയായി














തിരി ഉഴിച്ചിൽ



# കടുവക്കളികൾ

**ജുനാബായ് എന്ന പെൺകടുവയും അവളുടെ മക്കളും. കുസൃതിക്കുരുന്നുകളുടെ കളിനേരം കണ്ടാസ്വദിച്ച് തഡോബയിൽ**



**A sequel to an earlier visit to Tadoba National Park in July 2019, this writeup narrates a thrilling account of an encounter with Junabai, the tigress and her frolicsome cubs**

Text & Photos : **Nihad Vajid**

ചില യാത്രകളെ അപൂർവമാക്കുന്നത് ഭാഗ്യത്തിന്റെ സ്പർശമാണ്. അത്തരം യാത്രകൾ മനസ്സിൽ അനശ്വരമായ ഓർമകളാകുന്നു. ഒരു വർഷത്തെ ഇടവേളയ്ക്കുശേഷം തഡോബ നാഷണൽ പാർക്കിലേക്കുള്ള യാത്ര അവിസ്മരണീയമായ അനുഭവമായിത്തീർന്നതും ഭാഗ്യത്തിന്റെ കടാക്ഷം കൊണ്ടായിരുന്നു. കൊറോണ ലോകംമുഴുവൻ പടയോട്ടം തുടങ്ങുന്നതിന് തൊട്ടുമുൻപ്, ഫെബ്രുവരിയിലായിരുന്നു അത്. മഹാരാഷ്ട്രയിലെ ചന്ദ്രപൂരിലുള്ള തഡോബ നാഷണൽ പാർക്കിലെ എന്റെ



ജൂനാബായ് എന്ന് പേരുള്ള കടുവ

അഞ്ചാം ഊഴം. നാല് യാത്രകളിലും അവളെ കണ്ടു, കാടിന്റെ കടുവച്ചന്തം, ജുനാബായ് എന്ന പെൺകടുവ. ജുനാബായ് രണ്ടാംവട്ടവും അമ്മയായിരിക്കുന്നു. നാലു കുരുന്നുകളുടെ അമ്മ.

ജുനാബായ് ആദ്യം അമ്മയായപ്പോഴും അവളുടെയും കുഞ്ഞുങ്ങളുടെയും കളിനിമിഷങ്ങൾ പകർത്താനുള്ള ഭാഗ്യം ലഭിച്ചിരുന്നു. 2019 ജൂലായ് ലക്കം മാതൃഭൂമി യാത്ര മാസികയിൽ 'കടുവകൾ കാടിൻ കൺമണികൾ' എന്ന പേരിൽ ആ യാത്രാനുഭവങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അല്പം നീണ്ട ഇടവേളയ്ക്കുശേഷം ഒരു കാട് സന്ദർശിക്കുക എന്നേ ഉണ്ടായിരുന്നുള്ളൂ തുടക്കത്തിൽ. അത് തഡോബ യാത്രയായി മാറിയത് പിന്നീടാണ്. കബനിയിൽ, തഡോബയിൽ, ബാന്ധവ്ഗഢിൽ, രൺതംഭോറിൽ ഒക്കെ കടുവക്കുട്ടികൾ പിറന്ന കാലമായിരുന്നു അത്. എന്നാൽ തഡോബ ഒരിക്കലും നിരാശപ്പെടുത്തിയിട്ടില്ല എന്നോർത്തപ്പോൾ കാത്തിരിക്കുന്ന കാട് അവിടംതന്നെ എന്നു തീരുമാ



കാടിനുള്ളിലെ ക്ഷേത്രത്തിന് മുന്നിൽ ജുനാബായ്






**ഒരു കടുവക്കുട്ടി മരത്തിനു മുകളിലേക്ക് ചാടിക്കയറുന്നു. നേർത്ത വെളിച്ചമേയുള്ളൂ, അതായിരുന്നു ആദ്യ കാഴ്ച**

നിച്ചു. തഡോബയിലെ മുൻ അനുഭവങ്ങൾ തന്ന ആത്മവിശ്വാസമായിരുന്നു കൈമുതൽ. ജുനാബായിയെ രണ്ടുമൂന്നുവട്ടം കണ്ടിട്ടുണ്ട്. ഈ തവണയും കാണാൻ സാധിച്ചേക്കും എന്നൊരു പ്രതീക്ഷ. മുൻപ് കൊച്ചിയിൽ നിന്ന് നാഗ്പുരിലേക്ക് നേരിട്ട് വിമാനസർവീസ് ഉണ്ടായിരുന്നു. നാലുമണിക്കൂർ നാഗ്പുരിലേക്ക്. അവിടെനിന്ന് ഏതാണ്ട് രണ്ടര മണിക്കൂർ യാത്ര, തഡോബയിലേക്ക്. ഇപ്പോൾ ബെംഗളൂരു, ചെന്നൈ, പുണെ എന്നിവിടങ്ങളിൽനിന്നാണ് നാഗ്പുരിലേക്ക് ഫ്ളൈറ്റ് ഉള്ളത്.

പുലർച്ചെ രണ്ടരയ്ക്കാണ് നാഗ്പുരിൽ വിമാനമിറങ്ങുന്നത്. അവിടെനിന്ന് ആ സമയത്ത് കാട്ടിലൂടെയുള്ള യാത്ര ഏറെ അപകടകരമാണ്. വഴിയിൽ കാട്ടുപൂച്ചയും തേൻ കരടിയുമൊക്കെ സാന്നിധ്യമറിയിച്ചു. രാവിലെ അഞ്ചു മണിക്ക് ഹോട്ടലിലെത്തി. തലേന്ന് ഉച്ചയ്ക്ക് തുടങ്ങിയ യാത്രയാണ്. ക്ഷീണം മാറ്റാൻ നേരമില്ല, കാടെന്ന അനുഭവം കാത്തിരിക്കുന്നു. ചെക്ക് ഇൻ ചെയ്തില്ല, ലഗേജ് ഒതുക്കി മുഖമൊന്നു കഴുകി ക്യാമറയുമെടുത്ത് നേരെ പുറപ്പെട്ടു. സാധാരണമായി കാട്ടിനുള്ളിലേക്ക് ആദ്യം കടക്കുന്ന ജിപ്സിയിൽ ഞാൻ ഇടം പിടിക്കാറുണ്ട്. കാരണം കഴിയുന്നത്ര നേരത്തെ ഉണർന്നെണീറ്റ് ഗേറ്റിനടുത്തെത്തി കാത്തു നിൽക്കും, ആദ്യം കയറാൻ മാത്രം. ഇത്തവണ പക്ഷേ, ആറാമതായേ സ്ഥാനം കിട്ടിയുള്ളൂ. ബഫർസോണായതുകൊണ്ട് മെല്ലെയേ ഓരോ വാഹനങ്ങളായി കടത്തിവിടൂ. ഒടുവിൽ ഊഴമെത്തി. പലയിടത്തും ചുറ്റി ജുനാബായ് ക്ഷേത്രത്തിനടുത്തെത്തി. ജുനാബായിയുടെ

ദ്വന്ദയുദ്ധം







കുഞ്ഞുങ്ങളുടെ സമീപത്തേക്ക് ഓടിയടുക്കുന്ന ജുനാബായ്





സ്വന്തം തട്ടകമാണത്. അതിനോടു ചേർന്ന് ഒരു കുളമുണ്ട്. തൊട്ടപ്പുറത്ത് വനപാലകരുടെ ഒരു ചെക്ക്പോസ്റ്റും. അവർ പറഞ്ഞു, ശബ്ദം ഉണ്ടായിരുന്നു. പക്ഷേ, കണ്ടിട്ടില്ല, ചിലപ്പോൾ രാവിലെ കാണാം.

ഏതാണ്ട് അഞ്ചോ പത്തോ മിനിറ്റുകൾ കഴിഞ്ഞിട്ടേയുണ്ടാകൂ, ഞങ്ങൾ നോക്കുമ്പോൾ ഒരു കടുവക്കുട്ടി മരത്തിനു മുകളിലേക്ക് ചാടിക്കയറുന്നു. നേർത്ത വെളിച്ചമേയുള്ളൂ, അതായിരുന്നു ആദ്യ കാഴ്ച. ഫോട്ടോ എടുക്കാൻ അനുകൂലമല്ലാത്ത അന്തരീക്ഷമായിരുന്നിട്ടും ചിത്രമെടുത്തു. കയറിയ വേഗത്തിൽ അവൻ താഴേക്ക് ചാടിയിറങ്ങി. പിന്നെ പതുങ്ങുന്നു, കളിയെ സൂചിപ്പിക്കുന്ന ഒരു ശബ്ദം പുറപ്പെടുവിക്കുന്നു. അതൊരടയാളമാണ്. അതാ വരുന്നു, രണ്ടാമൻ. പിന്നാലെ അവൾ, അമ്മ... ജുനാബായ്! ആറു മണിയായിട്ടുണ്ടാകും. പുലർവെട്ടം വീണുതുടങ്ങുന്നതേയുള്ളൂ. മൂന്നാമനും പ്രത്യക്ഷപ്പെട്ടു. പിന്നെയുള്ള അരമണിക്കൂറോളം കുസൃതിക്കുട്ടികളുടെ കളിമേളങ്ങളാണ്. തമ്മിൽ കളിച്ചും ചിലപ്പോൾ അമ്മയോടു കുറുമ്പു കാട്ടിയും ഓമനത്തമുള്ള മൂന്നു കുരുന്നുകൾ.

ജുനാബായ് അടുത്തുള്ള കൃത്രിമ കുളത്തിൽനിന്ന് വെള്ളം കുടിച്ചു. പിന്നെ വലത്തേക്ക് തിരിഞ്ഞ് അവരുടേതുമാത്രമായ ഒരു കാട്ടുവഴിയിലേക്ക് നടന്നു. ആ വഴിയിലൂടെയാണ് അവൾ ജുനാബായ് ക്ഷേത്രത്തിലേക്ക് വരുന്നത്. പിന്നാലെ കളി നിർത്തി കുട്ടികൾ അമ്മപോയവഴിയേ നീങ്ങി. കുഞ്ഞിക്കണ്ണുകൾ ചിമ്മി കൗതുകത്തോടെ എന്ന വണ്ണം അവിടമാകെ വീക്ഷിച്ചു. കളി തീർന്നിട്ടില്ല. മൂന്നാളിൽ രണ്ടുപേർ ഒറ്റക്കക്ഷിയാണ്. മറ്റെയാൾ ഒറ്റയ്ക്ക് കളിക്കുന്നു.

കുറച്ചു കഴിഞ്ഞപ്പോൾ അമ്മ വന്നു. ഇനി കളിക്കൂട്ടായി അമ്മയുമുണ്ട്. ഇടയ്ക്ക് ജുനാബായ് വീണ്ടും വഴിതേടി കാഴ്ചയിൽ നിന്ന് മറഞ്ഞു. കുഞ്ഞുങ്ങൾ കുറുമ്പ് തുടർന്നു. പോകെപ്പോകെ തമാശ കാര്യമായി. കളി കൈയാങ്കളിയായി. ഒരാൾ രണ്ടു കാലിൽ നിന്നാഞ്ഞ് രണ്ടാമന്റെ മുഖത്തടിച്ചു. അടിയും തടയുമായി രണ്ടാളുടെ സംഘം മുന്നേറിയപ്പോൾ മൂന്നാമൻ പതിയെ താഴേയ്ക്ക് നീങ്ങി. മറ്റെ സഹോദരങ്ങൾ രണ്ടാളും ഒരുമിച്ച് തോളത്തു കൈയിട്ടെന്ന പോലെ പിന്നാലെ. പിന്നെയും അടി. മുകളിൽ നിന്ന് അമ്മയുടെ ശ്രദ്ധ മക്കളുടെ മേലുണ്ട്. കുസൃതി പരിധി വിട്ടപ്പോൾ ജുനാബായ് മുകളിൽ നിന്നും താഴേക്ക് ചാടി വന്നു. അതിമനോഹരമായിരുന്നു ആ കാഴ്ച. മൂവർ സംഘത്തെ തള്ളിമാറ്റി പ്രശ്നം പരിഹരിച്ച് അമ്മക്കടുവ ഞങ്ങൾക്കരികിലൂടെ റോഡ് മുറിച്ചുകടന്ന് നടന്നു. സഹോദരങ്ങളിൽ രണ്ടാൾ ഒന്നിച്ചും മറ്റെയാൾ പിന്നാലെയുമായി ഞങ്ങളുടെ സമീപത്തുകൂടെ അമ്മപോയവഴിയേ കാട്ടിലേക്ക് നടന്നുമറഞ്ഞു.

കടുവച്ചിത്രങ്ങൾ പലത് പകർത്തിയിട്ടുണ്ടെങ്കിലും ആ കാഴ്ചകൾക്ക് അപൂർവമായ ഒരു ചന്തംതന്നെയായിരുന്നു. ജുനാബായിയുടെ മക്കൾ ഇപ്പോൾ ഏറെ വളർന്നിട്ടുണ്ടാകും. കൊറോണക്കാലത്ത് മനുഷ്യർ കടക്കാത്ത കാടിന്റെ സൗന്ദര്യവും സൗഭാഗ്യങ്ങളും ആസ്വദിച്ച് അവർ വിഹരിക്കുന്നുണ്ടാകും.

**Send your Queries to:** **Mathrubhumi Yathra**, K P Kesava menon Road, Kozhikode-673001 • Phone : 0495-2765381, 2765384, Fax: 0495-2760138 • E-mail : yathrambi@gmail.com • Websites : www.yathramagazine.com • www.mathrubhumi.com/yathra Join us on facebook: www.facebook.com/mathrubhumiyathra

**ഗ്രേറ്റ് റാൻ ഓഫ് കച്ചിനെപ്പറ്റി പറഞ്ഞുതരാമോ? റാൻ ഫെസ്റ്റിവലിൽ പങ്കെടുക്കണമെന്ന് ആഗ്രഹമുണ്ട്.**

*നീൽ ആന്റണി, എറണാകുളം*

ഉപ്പുനിറഞ്ഞ മരുഭൂമിക്ക് സൗന്ദര്യമുണ്ടാകുമോ? ഗുജറാത്തിലെ കച്ച് കണ്ടവർ പറയും ഉപ്പുമരുഭൂമിക്ക് സൗന്ദര്യത്തേക്കാളേറെ സൗന്ദര്യമുണ്ടെന്ന്. മണൽത്തരികളല്ല, ഉപ്പ് പരലുകളാണിവിടെ പരന്നുകിടക്കുന്നത്. ഇന്ത്യയുടെ വെളുത്ത മരുഭൂമി എന്നാണ് കച്ച് അറിയപ്പെടുന്നത്. വിസ്തൃതികൊണ്ട് ഇന്ത്യയിലെ ഏറ്റവും വലിയ ജില്ലയാണ് കച്ച്. വെള്ളത്താൽ ചുറ്റപ്പെട്ട് കിടക്കുന്ന കച്ചിനെ ഗുജറാത്തുമായി ബന്ധിപ്പിക്കുന്നത് സൂരജ്ബാലി പാലമാണ്.

ഇവിടം മുൻപ് സമുദ്രമായിരുന്നുവെന്നും തുടർച്ചയായുണ്ടായ ഭൂകമ്പങ്ങളുടെ ഫലമായി കടൽ പിൻവാങ്ങി ഉപ്പുചതുപ്പുകൾ ആയതാണെന്നുമാണ് റാൻ ഓഫ് കച്ചിന് ശാസ്ത്രം നൽകുന്ന വിശദീകരണം. റാനിന്റെ കിഴക്കേ അറ്റത്താണ് ഹാരപ്പൻ സംസ്കാരത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തിയ ധൊലാവിര സ്ഥിതിചെയ്യുന്നത്.

ധൊലാവിര കൂടാതെ കച്ച് ഡെസേർട്ട് വന്യജീവിസങ്കേതം, കച്ച് മ്യൂസിയം, മാണ്ഡ്വി ബീച്ച്, കച്ച് ബസ്റ്റാർഡ് സാങ്ചറി, തുടങ്ങി ഒട്ടേറെ ഇടങ്ങൾ വിനോദസഞ്ചാരികളെ ഇവിടേക്ക് ആകർഷിക്കുന്നു.



വിശാലമായ ഈ ഉപ്പു-ചതുപ്പുനിലങ്ങളെ രണ്ടായി തിരിക്കാം, ദ ഗ്രേറ്റ് റാൻ ഓഫ് കച്ച്, ലിറ്റിൽ റാൻ ഓഫ് കച്ച്. ഥാർ മരുഭൂമിയുടെ ഭാഗമായ ഈ പ്രദേശം സിനിമാക്കാരുടെയും ഫോട്ടോഗ്രാഫർമാരുടെയും ആകാശനിരീക്ഷകരുടെയും ഇഷ്ടഭൂമികയാണ്. അതിമനോഹരമായ സൂര്യാസ്തമയക്കാഴ്ചകളും ഉപ്പുനിലങ്ങൾ സൃഷ്ടിക്കുന്ന മരീചികപോലുള്ള അനുഭവങ്ങളും റാൻ ഓഫ് കച്ചിൽ സഞ്ചാരികളെ കാത്തിരിക്കുന്നു. മഞ്ഞുകാലത്താണ് കച്ച് സജീവമാകുക. നവംബർ മുതൽ ഫെബ്രുവരി വരെയുള്ള കാലത്താണ് പ്രശസ്തമായ റാൻ ഫെസ്റ്റിവൽ നടക്കുന്നത്. ചില വർഷങ്ങളിൽ ഡിസംബർ മുതലാവും ഫെസ്റ്റിവൽ തുടങ്ങുക. അക്കാലത്ത് മരുഭൂമിയിൽ വർണക്കൂടാരങ്ങളുയരും. ഹോട്ട് എയർ ബലൂണുകൾ ആകാശം കീഴടക്കും.

കലാ-സാംസ്കാരിക പരിപാടികളും സാഹസികവിനോദങ്ങളും അരങ്ങേറും. കച്ചിന്റെ തനത് കരകൗശലവും എംബ്രോയ്ഡറി വർക്കുകളും പ്രശസ്തമാണ്.

ഇന്ത്യയും പാകിസ്താനുമായി അതിർത്തി പങ്കിടുന്ന പ്രദേശമായതുകൊണ്ടുതന്നെ റാൻ മേഖല ബി.എസ്.എഫിന്റെ നിയന്ത്രണത്തിലാണ്. റാനിൽ കടക്കുന്നതിനുമുൻപായി ബി.എസ്.എഫിന്റെ ചെക്പോസ്റ്റിൽനിന്ന് തിരിച്ചറിയൽ കാർഡ് കാണിച്ച് പെർമിറ്റ് വാങ്ങേണ്ടതുണ്ട്.

ചെക്ക്പോയിന്റിനപ്പുറത്തേക്ക് വാഹനങ്ങൾ അനുവദിക്കില്ല. ജനവാസമുള്ള അവസാന ഗ്രാമമായ ദോർഡോയിലെ ചെക്ക്പോസ്റ്റിൽനിന്നാണ് വൈറ്റ് റാനിലേക്കുള്ള പെർമിറ്റ് ലഭിക്കുക.

www.rannpermit.com എന്ന സൈറ്റ് വഴി ഓൺലൈനായി പെർമിറ്റ് എടുക്കാം. www.rannutsav.net.,https://whiterann-resort.com// എന്നീ സൈറ്റുകൾ വഴി റാൻ ഫെസ്റ്റിവൽ സമയത്ത് ഓൺലൈനായി ടെന്റ് ബുക്ക് ചെയ്യാം. (കൂടുതൽ വിവരങ്ങൾക്ക് 2014 ഏപ്രിൽ ലക്കം യാത്ര കാണുക.)

Yathra Travel Info

## Rann of Kutch

The Great Rann of Kutch, is a large area of salt marshland, is located in the District of Kutch, in the western state of India, Gujarat. An overnight stay is highly recommended as the visuals of the Rann of Kutch especially during full moon nights cannot be found in any other part of the world. The area is categorized sensitive due to its proximity to Pakistan and hence is under the Control of the Indian Army.
The Rann Utsav is a vibrant celebration of life and colours of the beautiful and rich culture of Kutch and Gujarat. The festival is celebrated in the midst of the enchanting Rann of Kutch with traditional music, dance and finger licking good Gujarati cuisine.

**Getting There:** **By Air:** The closest airport is the Kandla Airport (100 km). **By Rail:** The closest railway station is the Bhachau Railway Station (80 km). **By Road:** One can rent tourist cabs to reach the Great Rann of Kutch via road from the Airport or the Railway Station. There are regular direct buses plying from Bhuj to Rann of Kutch that one can take.

**Best time to Visit:** October - March.
Timings: 6:00 AM - 8:00 PM, Time Required : 2-3 hrs
Entry Fee : Entry: INR 100 per person, Car: INR 50

**For details:** www.gujarattourism.com



# വസായ് കോട്ടയിൽ ഒരു വൈകുന്നേരം

**കാലം ക്ഷതമേല്പിച്ച മഹാരാഷ്ട്രയിലെ വസായ് കോട്ട. കടലും കോട്ടയും കുപ്പാരി ജനതയുടെ ജീവിതവും കണ്ട് ഒരു നടത്തം**



🔺വസായ് കോട്ടയുടെ പുറമെ നിന്നുള്ള ദൃശ്യം

**The ruins of Vasai Fort in Thane, Maharashtra brings to mind Shelley's lines:**

***"Nothing beside remains. Round the decay Of that colossal wreck boundless and bare The lone and level sands stretch far away"***

Text: **G Jyothilal**
Photos: **V P Praveenkumar**

പൂണെയിൽ കറങ്ങിക്കൊണ്ടിരിക്കുമ്പോഴാണ് മുംബൈയിലേക്കും ഒന്നു പോകാമെന്ന് തോന്നിയത്. അത് ഇതുവരെ പോകാത്തൊരിടത്തേക്ക് ആയിരിക്കണമെന്നും വിചാരിച്ചു. വസായ് കോട്ടയെക്കുറിച്ച് കുറേക്കാലം കൊണ്ട് കേൾക്കുന്നതാണ്. വെയിൽ താണുതുടങ്ങിയ ഒരു നാലുമണിനേരത്താണ് വസായിയിൽ ടാക്സിയിറങ്ങുന്നത്.

മുന്നിൽ മേൽക്കൂരയില്ലാത്ത ഒരു കൂറ്റൻ കരിങ്കൽ നിർമിതി ചരിത്രപ്രതാപത്തിന്റെ ഓർമകൾ അയവിറക്കുംപോലെ നിലകൊള്ളുന്നു. പുതിയ തലമുറ അവിടെ സെൽഫിയെടുത്തും ഫോട്ടോയ്ക്ക് പോസുചെയ്തും ആഘോഷിക്കുന്നു. ആകാശം കാണാവുന്ന കൂറ്റൻ നിർമിതിക്കുള്ളിൽ ഇത്തിരിപ്പോന്ന മനുഷ്യരായി മുകളിലോട്ട് നോക്കിനിൽക്കുമ്പോൾ ചരിത്രം ഒരു മേൽക്കൂരയായി വന്ന് മൂടുന്നുണ്ട്. സത്യത്തിൽ ഈ ചരിത്രസ്മാരകത്തെ കാത്തുസൂക്ഷിക്കേണ്ടതാണ്. ഇതിന്റെ ചരിത്രവും വർത്തമാനവും ഇവിടെ വരുന്നവരെ പരിചയപ്പെടുത്താൻ ഒരു ബോർഡെങ്കിലും വെക്കേണ്ടതാണ്. അതൊന്നും ഇല്ലെന്നതോ പോട്ടെ. പുതിയ കള്ളക്കഥകൾ മെനയുന്ന ഒരു സംഘം ഇതിന്റെ ചരിത്രത്തെ മറ്റൊരു രീതിയിൽ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നതായും അറിഞ്ഞു.

ഈ അദ്ഭുതനിർമിതികൾ



പഴയകോട്ടയിലെ സംഭരണശാലകൾ തകർന്നനിലയിൽ





ക്ക് മുന്നിൽ നിൽക്കുമ്പോൾ ഒരു സാമ്രാജ്യം മനസ്സിൽ തെളിയുന്നുണ്ട്. കടൽത്തീരത്തെ തന്ത്രപ്രധാനമായ സ്ഥലത്ത് സുരക്ഷിതത്വം മുന്നിൽ കണ്ട് പണിത നിർമിതി. അകത്ത് പള്ളിയും പള്ളിക്കൂടവും എന്നു വേണ്ട ഒരു നാടിനു വേണ്ട എല്ലാം ഉണ്ടായിരുന്നെന്ന് ഇതിന്റെ അവശിഷ്ടങ്ങൾ പറയുന്നുണ്ട്. ഒരുപക്ഷേ, ഇന്ന് കാണുന്ന പള്ളികളേക്കാൾ വലിയ പള്ളി. ധാന്യസംഭരണശാലകൾ, വെടിമരുന്ന് സൂക്ഷിപ്പ് കേന്ദ്രങ്ങൾ... അങ്ങനെ പല കെട്ടിടങ്ങളും ചുറ്റുമതിലിലെ നിരീക്ഷണഗോപുരങ്ങളും പീരങ്കിപോയിന്റുമെല്ലാമായി ഒരു സുരക്ഷിതതാവളം.

മഹാരാഷ്ട്രയിലെ താനെ ജില്ലയിലെ താലൂക്ക വസായിയിലാണ് വസായ് കോട്ട സ്ഥിതിചെയ്യുന്നത്. ഗുജറാത്ത് സുൽത്താനായിരുന്ന ബഹദൂർ ഷാ 1532-ൽ സ്ഥാപിച്ച കോട്ട പിന്നീട് പോർച്ചുഗീസുകാരുടെ കൈയിലായി. പ്രധാന നിർമിതികളെല്ലാം ഈ കാലത്താണ് നടന്നത്. 1739-ൽ മറാത്ത രാജാക്കന്മാർ പിടിച്ചെടുത്തു.

സെമിനാരി, കോളേജ്, കുതിരലായങ്ങൾ എന്നിങ്ങനെ ധാരാളം കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ ഇവിടെ കാണാം. കരിങ്കല്ലിൽ പണിത കൂറ്റൻ കെട്ടിടങ്ങളെല്ലാം മേൽക്കൂര നഷ്ടപ്പെട്ട് പ്രാവുകളുടെയും കിളികളുടെയും വാസസ്ഥലമായി ചരിത്രത്തിന്റെ ഓർമകളും പേറി ആകാശം നോക്കിക്കിടക്കുന്നു. പലയിടത്തും മരങ്ങൾ വേരുകളാഴ്ത്തിത്തുടങ്ങിയിരിക്കുന്നു. പഴയകാലത്തെ പനമരങ്ങൾ മറ്റൊരു വാസ്തുശില്പചാരുതപോലെ പരിസരത്തുണ്ട്. കൊത്തളങ്ങളിൽ പഴയ

**കൊത്തളങ്ങളിൽ പഴയ പീരങ്കിവിടവുകൾ. മൂന്നുവശവും കടലിരമ്പം. പ്രകൃതിസൗന്ദര്യവും പൗരാണികതയും ചേർന്ന അന്തരീക്ഷം**









ഭരണകാര്യങ്ങൾക്കുള്ള സമ്മേളനവേദിയോ വിനോദങ്ങൾക്കുള്ള അരങ്ങോ ആയിരുന്നിരിക്കണം ഈ ഹാൾ



അന്ന് സുരക്ഷിതം, ഇന്ന് അരക്ഷിതം

പീരങ്കിവിടവുകൾ. മൂന്നുവശവും കടലിരമ്പം. പ്രകൃതിസൗന്ദര്യവും പൗരാണികതയും ചേർന്ന അന്തരീക്ഷം. നവോത്ഥാനശൈലിയിലുള്ള കലയുടെയും വാസ്തുവിദ്യയുടെയും മുദ്ര പതിഞ്ഞ നിർമിതികൾ.

മൊത്തം ചുറ്റിക്കാണാൻ ഒരു ചെറിയ ട്രെക്കിങ് തന്നെ വേണം. നാലര കിലോമീറ്റർ സഞ്ചരിക്കണം. ഓരോ കെട്ടിടങ്ങളും കണ്ട് ചുറ്റുമതിലിൽ കയറി ദൂരെ കടലിലേക്ക് നോക്കിയിരുന്നു, അന്നത്തെ കടൽമാർഗമുള്ള ചരക്ക് ഗതാഗതവും സഞ്ചാരവുമെല്ലാമായിരിക്കാം ഈ ഇടത്ത് ഇങ്ങനെയൊരു കോട്ട പണിയാൻ അന്നത്തെ രാഷ്ട്രതന്ത്രജ്ഞരെ പ്രേരിപ്പിച്ചതെന്ന് വ്യക്തം.

കോട്ടയ്ക്കുള്ളിലെ വാസസ്ഥലം യൂറോപ്പുകാർക്ക് മാത്രമായിരുന്നു. വടക്കൻ കൊങ്കണിലെ പോർച്ചുഗീസ് പ്രഭുക്കന്മാരുടെ ഇരിപ്പിടമെന്നതിന് പുറമേ വടക്കൻ പ്രവിശ്യയുടെ ആത്മീയ-രാഷ്ട്രീയ-സാമ്പത്തിക-സാമൂഹിക ജീവിതത്തിൽ ആധിപത്യം പുലർത്തിയ ശക്തരായ പുരോഹിതന്മാരുടെ

**കടൽമാർഗമുള്ള ചരക്ക് ഗതാഗതവും സഞ്ചാരവുമെല്ലാമായിരിക്കാം ഈ ഇടത്ത് ഇങ്ങനെയൊരു കോട്ട പണിയാൻ അന്നത്തെ രാഷ്ട്രതന്ത്രജ്ഞരെ പ്രേരിപ്പിച്ചത്**

സാന്നിധ്യവും അക്കാലത്ത് ഇവിടം കേന്ദ്രീകരിച്ച് ഉണ്ടായിരുന്നു. 1780-ൽ കോട്ട ബ്രീട്ടീഷുകാർ പിടിച്ചെടുത്തു. ഇന്ദോറിലെ യശ്വന്ത്രാവോ ഹോൾക്കറുടെ സൈന്യം പിന്തുടർന്നപ്പോൾ 1802 എ.ഡി.യിൽ പേഷ്വ ബാജി റാവു രണ്ടാമൻ അഭയം പ്രാപിച്ചത് വസായ് കോട്ടയിലായിരുന്നു. മറാത്ത കോൺഫെഡറസിയുടെ ആന്തരിക ശത്രുക്കളിൽ നിന്നുള്ള സംരക്ഷണത്തിനായി അദ്ദേഹം ബ്രിട്ടീഷ് സഹായം സ്വീകരിച്ചു. അതനുസരിച്ച് 1802 ഡിസംബർ 31-ന് ബ്രിട്ടീഷു



മത്സ്യബന്ധന തുറമുഖം. കുപ്പാരി വിഭാഗക്കാരുടെ ജീവിതം ഇവിടെയാണ്



പഴയകാല പള്ളിയുടെ ഉൾവശം

കാരുമായി കരാർ ഒപ്പിട്ടു. ഇത് 'ബസ്സെയ്ൻ ഉടമ്പടി' എന്ന പേരിൽ പ്രസിദ്ധമായി.

1818 ആയപ്പോഴേക്കും ബ്രിട്ടീഷുകാരെ നേരിടാൻ ഇന്ത്യയിൽ ശക്തരായ ഒരു ശത്രുവും അവശേഷിച്ചില്ല. അതിനാൽ പ്രതിരോധ ക്രമീകരണം ഇല്ലാതായതിനാൽ വിലയേറിയ കോട്ടകൾ നിലനിർത്തേണ്ടതിന്റെ ആവശ്യകത ഇല്ലാതായി. അപ്പോഴേയ്ക്കും വസായ് കോട്ടയുടെ സ്വാധീനവും കുറഞ്ഞു. കോട്ട കുറച്ച് കത്തോലിക്കർക്കും ബ്രിട്ടീഷ് കുടുംബങ്ങൾക്കും ഭരണകൂടം പാട്ടത്തിന് നൽകി. അവർ കോട്ടയുടെ പരിസരത്ത് ഒരു പഞ്ചസാര ഫാക്ടറി ആരംഭിക്കാൻ ശ്രമിച്ചുവെങ്കിലും വിജയിച്ചില്ല. ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ സംരക്ഷിത സ്മാരകമാണെങ്കിലും ഒരു സംരംക്ഷണവും ഇവിടെയില്ലെന്ന് കോട്ട ചുറ്റിക്കാണുമ്പോൾ ബോധ്യമാവും.

നടന്നുനടന്ന് അവിടെ താമസിക്കുന്ന മത്സ്യത്തൊഴിലാളി കോളനിയിലേക്കിറങ്ങി. ജീവിതം ഇരമ്പുന്ന മറ്റൊരു കടലായിരുന്നു അവിടം. ധാരാവിയുടെ



അൾത്താര



കോട്ടയ്ക്കുള്ളിലെ തകർന്ന കെട്ടിടങ്ങൾ



Yathra Travel Info

# Vasai Fort

Considered to be a heritage site and a notable historical monument, Vasai Fort is an architectural marvel which stands sturdy with intact chapels and fortifications and very little ruins. Boasting of Indo-Portuguese history, the mighty ramparts or the fortifications are overgrown with verdant vegetation and overlook the Vasai Creek and the Bhayandar Creek.

**Getting There- By Air:** Mumbai international airport (55kms) **By Rail:** The nearest railway station is Vasai. **By Road:** If driving from Mumbai, the only option is the Western Express Highway (National Highway 8), which is a much longer route. Buses ply regularly from New Vasai to Old Vasai. Buses from New Vasai directly to the fort are also available. Auto-rickshaws and cabs are available.

**Nearest Places:** Vasai Creek viewpoint (35kms), Suruchi beach (3.5km), Mandapeswar Caves (40kms)

**Contact:** Information and Booking Queries: MTDC Toll Free No: 1800 - 229930 (09:45 AM to 05:30 PM). Tel No : (022) 22845678 -Reservation Center, Mumbai.
Address: Maharashtra Tourism Development Corporation Ltd. (Pune),'I' Block, Central Building, Pune-411 001.✆(020) 2612 6867 / 8169 • For details: www.maharashtratourism.gov.in





തകർന്ന പള്ളിയുടെ ഒരു വശം

**കുപ്പാരി ജനവിഭാഗമാണ് മത്സ്യത്തൊഴിലാളി കോളനിയിലെ താമസക്കാർ. മിക്കവാറും എല്ലാവരും നല്ല സാമ്പത്തിക ശേഷിയുള്ളവരുമാണ്**









കാലം നമിക്കുന്ന കവാടങ്ങൾ, കൊത്തളങ്ങൾ. വസായ് കോട്ടയുടെ തകരാത്ത കവാടങ്ങളും കൊത്തളങ്ങളും

ഒരു കൊച്ചുപതിപ്പ്. കുപ്പാരി ജനവിഭാഗം ആണിവിടെ താമസിക്കുന്നതെന്ന് അവരെ കുറിച്ച് പഠനം നടത്തിയ പൂജ പറഞ്ഞു. മത്സ്യബന്ധനവും വില്പനയും ആണ് അവരുടെ ജീവിതോപാധി. മിക്കവാറും എല്ലാവരും നല്ല സാമ്പത്തികശേഷിയുള്ളവരുമാണ്. ഇടുങ്ങിയ വഴികളിലൂടെ നടന്ന് കടൽത്തീരംവരെ പോയി. അവിടെ ബോട്ടുകൾ നങ്കൂരമിട്ടിരിക്കുന്നു. വലയും കന്നാസുകളും കൊട്ടവട്ടികളുമായി മഹാനഗരത്തിലെ മത്സ്യബന്ധനതീരം. അക്കരെയെന്നോണം കൂറ്റൻ കെട്ടിടങ്ങൾ കാണാം. പണ്ട് ഈ സമുദ്രമാർഗം ധാരാളം കച്ചവടക്കാർ വന്നിരുന്നു. അന്ന് ഇതൊരു വലിയ കച്ചവടകേന്ദ്രം ആയിരുന്നു. ഇത് ഒരു രാജ്യം തന്നെയായിരുന്നു. പിന്നീട് പോർച്ചുഗീസുകാരിൽനിന്നും മറാത്താ രാജാക്കന്മാർ പിടിച്ചെടുത്തതോടെയാണ് കോട്ടയും കോട്ടയ്ക്കുള്ളിലെ രാജ്യവും തകർച്ചയിലേക്ക് നീങ്ങിയത്. പിന്നീട് കാലം കഴിഞ്ഞപ്പോൾ ഇന്ന് കാണുന്ന അവസ്ഥയിലായി.

ചരിത്രസ്മാരകത്തെ അവഗണിക്കുന്നതിന്റെ കാഴ്ചയായി ആലും മരങ്ങളും കെട്ടിടത്തെ വിഴുങ്ങി വളരുന്നു. കോട്ട ഇന്ന് കാമുകീകാമുകൻമാർക്ക് പ്രണയ പശ്ചാത്തലമാണ്. സെൽഫിപ്രിയർക്കും ചലച്ചിത്രകാരന്മാർക്കും നല്ല വിഷ്വൽ ബ്യൂട്ടിയാണ്. കുപ്പാരി ജനതയ്ക്ക് അവരുടെ ജീവിതഭൂമിയാണ്. കിളികൾക്കും ഉരഗങ്ങൾക്കും സൂഷ്മജീവികൾക്കും അവരുടെ ലോകമാണ്. ചരിത്രസ്നേഹികൾക്കാകട്ടെ ഈ കോട്ടയുടെ ഇന്നത്തെ അവസ്ഥ സങ്കടകരമാണ്. ഇത്രയും നല്ല കോട്ട സംരക്ഷിക്കേണ്ടവർ അതിന്റെ ചരിത്രപ്രാധാന്യവും പുരാവസ്തുമൂല്യവും കൂടി തിരിച്ചറിഞ്ഞിരുന്നെങ്കിൽ എന്ന് തോന്നിപ്പോയി. മുംബൈ വിമാനത്താവളത്തിൽനിന്നും 55 കിലോമീറ്ററാണ് ഇവിടേക്ക്. വസായ് റോഡ് റെയിൽവേ സ്റ്റേഷനിൽനിന്ന് 10 കിലോമീറ്റർ സഞ്ചരിച്ചാൽ കോട്ടയിലെത്താം.



# ധാരാവിയിലെ കളിമൺ ജീവിതങ്ങൾ




Shutterstock

**The Potters of Kumbharwada in Dharavi, Mumbai, though living inside a shady slum area, retain their traditional skills and create new designs in ceramics and follow their own age old Gujarati way of life**

Text : **Anuranj Manohar**

മുംബൈ! മഹാനഗരം. ഇരമ്പുന്ന മഹാജനസാഗരം. ആദ്യമായാണ് ഇവിടം സന്ദർശിക്കുന്നതെങ്കിലും മുംബൈയിലെ കാഴ്ചകൾ എത്രയോതവണ സിനിമകളിൽ കണ്ടിരിക്കുന്നു. ഗേറ്റ് വേ ഓഫ് ഇന്ത്യയും സി.എസ്.ടി.യുമെല്ലാം കണ്ടു. പുതുതായി എന്തെങ്കിലും കാട്ടിത്തായോ എന്ന് ഗൂഗിളിനോട് ചോദിച്ചപ്പോൾ മഹാനഗരത്തിൽ ഒളിഞ്ഞുകിടക്കുന്ന ഒരുപാട് ഇടങ്ങൾ കാണിച്ചുതന്നു. അതിനിടയിലാണ് ഫോട്ടോഗ്രാഫർ രാഹുൽ ഒരു ഫോട്ടോസ്റ്റോറി കാണിച്ചത്, കുംഭാർവാഡ. മൺപാത്രങ്ങളുടെ ലോകം. ജീവിതം ഉടഞ്ഞുപോകാതിരിക്കാൻ കളിമൺശില്പങ്ങൾ മെനയുന്ന ദേശം.

ഇനി അവിടേയ്ക്ക്. ഊബറിനായി കാത്തിരുന്നു. മുംബൈയിൽനിന്ന് 75 കിലോമീറ്ററാണ് കാണിക്കുന്നത്. ഫോട്ടോസ്റ്റോറി ഒരിക്കൽകൂടി പരിശോധിച്ചപ്പോൾ ഞെട്ടിപ്പോയി. ലോകമാന്യതിലക് റെയിൽവേ സ്റ്റേഷനിൽ നിന്നും 10 കിലോമീറ്ററിനടുത്ത് മാത്രമേ ദൂരമുള്ളൂ കുംഭാർവാഡയ്ക്ക്. ഇതെന്ത് മറിമായം? അപ്പോഴേക്കും ഊബർ കാർ ഡ്രൈവർ അമീർ ഞങ്ങളെയും കൊണ്ട് കുതിച്ചിരുന്നു. ഡ്രൈവറോട് സ്ഥലം മാറിപ്പോയെന്നും നഗരത്തിലുള്ള കുംഭാർവാഡയിലേക്കാണ് പോകേണ്ടതെന്നും പറഞ്ഞു. ദേഷ്യപ്പെടുമെന്നാണ് കരുതിയത്. പക്ഷേ, അയാളുടെ മുഖത്ത് ചെറിയൊരു ഭയം ഉടലെടുത്തു. ഞങ്ങൾ ഉദ്ദേശിക്കുന്ന കുംഭാർവാഡ സ്ഥിതിചെയ്യുന്നത് ധാരാവിയിലാണ്. അതാണ് ആ ഭയത്തിന്റെ ഉറവിടം. കേട്ടപ്പോൾ തന്നെ തലകറങ്ങുന്നതുപോലെ തോന്നി. അത്രയ്ക്കും വലിയ ബിൽഡ് അപ്പ് അല്ലേ ധാരാവിയെക്കുറിച്ച് പുറത്തുള്ളത്. ഡ്രൈവർ ധാരാവിയുടെ ഒരു കോണിൽ വണ്ടി നിർത്തിത്തന്നു. അവിടെനിന്ന് നടന്നാൽ മതിയെന്നും പറഞ്ഞു. മൊത്തത്തിൽ ഒരു വശപ്പിശക്.

വലിയ ചൂടൊന്നുമില്ല. പക്ഷേ, ശരീരം മുഴുവൻ വിയർത്തൊലിക്കുന്നു. രൂക്ഷമായ നോട്ടങ്ങൾ ഞങ്ങൾക്കുമേൽ പതിച്ചു. 'നീ ധാരാവി ധാരാവി എന്നു കേട്ടിട്ടുണ്ടോ' എന്ന അതിപ്രശസ്തമായ സിനിമാ ഡയലോഗില്ലേ. അതിനുള്ള ഉത്തരത്തിനുമുകളിലാണ് ഞങ്ങൾ വിറയ്ക്കുന്ന കാലുകളോടെ നിൽക്കുന്നത്. ഇതാണ് ധാരാവി. ഇതിനുള്ളിലാണ് കുംഭാർവാഡ സ്ഥിതിചെയ്യുന്നത്. അകത്തേക്ക് കടക്കണോ അതോ തിരിച്ച് പോകണോ എന്നീ സംശയങ്ങൾ ഉള്ളിലിരുന്ന് കൊഞ്ഞനം കുത്തുന്നു. ധാരാവിയിൽ കാലെടുത്തുകുത്തുമ്പോൾ ഉള്ളൊന്നു കിടുങ്ങി. ഇന്ത്യയിൽതന്നെ ഏറ്റവുമധികം കുറ്റവാളികളും പിടിച്ചുപറിക്കാരുമെല്ലാം ജീവിക്കുന്ന ഇടമാണ്. അവിടേക്കാണ് ഒരു കൂസലുമില്ലാതെ കയറിച്ചെല്ലുന്നത്. ഏതെങ്കിലുമൊരാളെ പരിചയപ്പെട്ടേ പറ്റൂ. അല്ലെങ്കിൽ ചിലപ്പോൾ പുറത്തിറങ്ങാൻ പറ്റില്ല.

പറ്റിയ ഒരാളെ തപ്പിനടന്നു. ചിലരെ കണ്ടപ്പോൾ തന്നെ പേടി തോന്നി. ചിലരുടെ കണ്ണുകൾ രാഹുലിന്റെ ക്യാമറയിലേക്കാണ്. അവരെങ്ങാനും ക്യാമറ തട്ടിപ്പറിക്കുമോ എന്നൊരു പേടി മനസ്സിലുടലെടുത്തു. അപ്പോഴാണ് ദൈവദൂതൻ ഒരു കള്ളിനിക്കറും സൂപ്പർമാന്റെ ബനിയനും ധരിച്ച് മുന്നിലെത്തിയത്. പേര് ശിവ. പത്താംക്ലാസിൽ പ



പാത്രനിർമാണത്തിനായി ഉപയോഗിക്കുന്ന കളിമണ്ണ്



കളിമണ്ണിൽ കൃത്രിമനിറം ചേർക്കുന്നു



പണികഴിപ്പിച്ച മൺപാത്രങ്ങൾ ഉണക്കാൻ വെച്ചിരിക്കുന്നു

Yathra Travel Info

# Kumbhar wada

Kumbharwada is one of the first settlements in Dharavi, built by migrants from Gujarat in the second half of the 19th Century. It's home to the pottery industry, one of Dharavi's most famous local crafts. In the small gaps between their houses, artisans throw and fire pots of all shapes and sizes, from small cups for yoghurt to diya candles, larger water pots or ornamental vases. The potters brought their family trade with them, and maintained - like many in Mumbai – strong ties to their ancestral villages. They're in constant communication (physical and online) with their families in the North, collaborating to improve designs, visiting their villages regularly, and significantly, importing their clay from there.

**Getting There- By Air:** Mumbai International Airport (12 km) **By Rail:** The nearest train station is Mahim on the western lines. And you can take a cab or rickshaw from the trains station to Dharavi. **By Road:** There are regular bus services available to dharavi. From there you can hire an auto or taxi

**Sights Around:**Khao Gali • Juhu Beach • Mahim Beach • Mother and Son Statue • Marine Drive • Shivaji Park

**Stay:** There are plenty of stay options available in Dharavi

**Useful Links:**www.maharashtratourism.gov.in

റിക്കുന്ന മിടുക്കൻ. അവനോട് മുറി ഹിന്ദിയിൽ സംസാരിക്കാൻ ശ്രമിച്ചപ്പോൾ ഇങ്ങോട്ടൊരു ചോദ്യം. ''നീങ്ക മലയാളി താനെ? എനക്ക് തമിഴ് തെരിയും. യേനാ ഏൻ അപ്പാവും അമ്മാവും തമിഴ് മക്കൾ.'' തമിഴ് സംസാരിക്കുന്ന മലയാളം കേട്ടാൽ മനസ്സിലാകുന്ന ശിവയെ കണ്ടപ്പോൾ സന്തോഷം അണപൊട്ടിയൊഴുകി. ഇനി ഇവനാണ് ഞങ്ങളുടെ സാരഥി. ഇടത്തേ ചെവിയിൽ കറുത്ത കടുക്കനിട്ട ശിവ ഞങ്ങൾക്കുവേണ്ടി കുംഭാർവാഡ മുഴുവൻ കാണിച്ചുതരാമെന്ന് പറഞ്ഞു. രണ്ടും കൽപ്പിച്ച് കുംഭാർവാഡയുടെ അകത്തേക്ക്.

സ്ലം ഡോഗ് മില്യണയർ എന്ന ചിത്രത്തിൽ കണ്ട അതേ കാഴ്ചകൾ ജീവനോടെ മുന്നിൽ അക്ഷരാർഥത്തിൽ ഞെട്ടിപ്പോയി. അത്രയ്ക്കും ദുരവസ്ഥയിലൂടെയാണ് ഇവർ കടന്നുപോകുന്നത്. ഒരു മുറി മാത്രമുള്ള ചോർന്നൊലിക്കുന്ന കൂര. അവിടെ പത്തും പതിനഞ്ചും ആളുകൾ തിങ്ങി താമസിക്കുന്നു. മുറിയും ഡൈനിങ് ഹാളും അടുക്കളയും സ്വീകരണ മുറിയും ലിവിങ് റൂമുമെല്ലാം ഈ ഒറ്റമുറി തന്നെ. പല വീടുകളിൽനിന്നും ചപ്പാത്തി മൊരിയുന്ന ഗന്ധം പുറത്തേക്ക് വരുന്നു. ഇതാണ് ധാരാവി. 22 ഏക്കറോളം നീണ്ടുകിടക്കുന്ന ചെറിയ കൂരകളുടെ കൂട്ടം. ഈ കാഴ്ച ആരുടെയും കരളലിയിപ്പിക്കും.

ശിവയോട് കുംഭാർവാഡയുടെ ചരിത്രം ചോദിച്ചു. അവന് അവന്റെ കുടുംബത്തിന്റെ കഥ മാത്രമേ അറിയൂ. അച്ഛനും അമ്മയും തമിഴ്നാട്ടിൽനിന്നും നാടുവിട്ട് ഇവിടെ ചേക്കേറിയതാണ്. ഇപ്പോൾ, ചെറുതെങ്കിലും അവരുടെ വീട്ടിനുള്ളിൽ സന്തോഷത്തോടെ ജീവിക്കുന്നു. കുംഭാർവാഡയുടെ കഥയറിയാൻ എൺപത് വയസ്സുള്ള റാണി നാനിയുടെ അടുത്തേക്ക് ശിവ ഞങ്ങളെ കൊണ്ടുപോയി. പേരുപോലെ ഒരു റാണി തന്നെയാണ് മുത്തശ്ശി. മൂക്കുത്തിയും വലിയ കമ്മലും പൊട്ടുമൊക്കെ ചാർത്തി സുന്ദരിയായി ഇരിക്കുന്ന റാണി മുത്തശ്ശി കുംഭാർവാഡയുടെ ചരിത്രത്തിന്റെ ഭാണ്ഡക്കെട്ടഴിച്ചു.

ധാരാവിയിലാദ്യമായി താമസമുറപ്പിച്ച ജനവിഭാഗങ്ങളിലൊന്നാണ് ഈ കുശവന്മാർ, അതായത് കുഭാരന്മാർ. ഗുജറാത്തിൽനിന്ന് കുടിയേറിയവരാണിവർ. 19-ാം നൂറ്റാണ്ടിന്റെ പകുതിയോടെയാണ് കുംഭാർവാഡയുടെ ജനനം. അതിനുശേഷം ധാരാവിയിൽ വിരിഞ്ഞത് കളിമൺശില്പങ്ങളുടെ വശ്യചാരുത. ഇപ്പോഴും ധാരാവിക്ക് കളിമണ്ണിന്റെ മണമുണ്ട്. കളിമണ്ണിൽ ഇവർ കുഴച്ചുണ്ടാക്കുന്നത് വെറും ശില്പങ്ങളല്ല മറിച്ച് സ്വന്തം ജീവിതം തന്നെയാണ്. വിയർപ്പും





കളിമൺപാത്രങ്ങൾക്ക് ബലം വെപ്പിക്കുന്ന ബട്ടി എന്ന ചൂള



മൺചെരാതുകൾ

Photos: **Rahul G R**

കളിമണ്ണും കൂടിക്കലരുമ്പോൾ ലഭിക്കുന്ന ശില്പങ്ങളാണ് ഇവരുടെ വിശപ്പകറ്റുന്നത്.

ചെറിയ ഇടനാഴികളിലൂടെ നടന്നുപോകുമ്പോൾ കാണാം, ഓരോ വീടുകളിലും വിടരുന്ന ശില്പകലയുടെ വർണവിസ്മയങ്ങൾ. മൺചെരാതുകളും പാത്രങ്ങളും കുടങ്ങളും ഭരണികളും വലിയ ജലസംഭരണികളും പൂപ്പാത്രങ്ങളുമെല്ലാം ഒരേ കളിമണ്ണിൽനിന്നും ജനനമെടുക്കുന്നു. എല്ലാവരും വീട്ടിൽനിന്നുതന്നെയാണ് ശില്പങ്ങളും മറ്റും നിർമിക്കുന്നത്. ഇവരെല്ലാവരും തമ്മിൽ കുടുംബബന്ധമുണ്ടെന്നതാണ് അതിശയിപ്പിക്കുന്ന വസ്തുത.

ഇത് നഗരത്തിലെ കടകളിൽ കൊണ്ടുചെന്ന് വിൽക്കും. ദിവസേന പുതിയ ഡിസൈനുകൾ ഇവിടെ ജനനം കൊള്ളുന്നു. അസാധ്യമായ സുഹൃദ്ബന്ധമാണ് ഇവരുടെ കെട്ടുറപ്പ്. ഒരേ തരത്തിലുള്ള ഉത്പന്നങ്ങളാണ് നിർമിക്കുന്നതെങ്കിലും ഇവർക്കിടയിൽ യാതൊരു പ്രശ്നങ്ങളുമില്ല. ദിവസേന 300 രൂപമാത്രമാണ് പല കുടുംബങ്ങൾക്കും ലഭിക്കുന്നത്. അതുകൊണ്ട് ഇവരുടെ കൂട്ടത്തിലെ ഇളമുറക്കാർ ഈ മേഖലയിലേക്ക് കടക്കുന്നില്ല. അവർ നഗരത്തിൽ മറ്റ് ജോലികൾ ചെയ്താണ് ജീവിക്കുന്നത്.

കഥകൾ കേൾക്കുന്നതിനിടെ ശ്മശാനസമാനമായ ഒരു കാഴ്ച കണ്ടു. ഒരാളെ ദഹിപ്പിക്കുകയാണെന്നാണ് ആദ്യം കരുതിയത്. എന്നാൽ കളിമണ്ണിൽ തയ്യാറാക്കിയ ദീപങ്ങളും മറ്റും തീയ്ക്ക് മുകളിൽവെച്ച് ബലം വെപ്പിക്കുകയാണ്. ബട്ടി എന്നാണ് ഈ ചിതയുടെ പേര്. ആശ്ചര്യത്തോടെ ആ കാഴ്ച നോക്കിനിന്നു. അതിനിടയിൽ പലരും ഞങ്ങളെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. രാഹുലിന്റെ ക്യാമറക്കണ്ണുകൾ മിഴിതുറന്നുകൊണ്ടേയിരുന്നു. ചെരാതുകളും മറ്റും നിർമിക്കാനുള്ള കളിമണ്ണ് ഗുജറാത്തിൽനിന്ന് ഇറക്കുമതി ചെയ്യുന്നതാണ്. മുംബൈയിലുള്ള കളിമണ്ണിന് ഉറപ്പുപോര എന്നാണ് ഇവരുടെ പക്ഷം. ഇങ്ങനെ ലഭിക്കുന്ന കളിമണ്ണ് ഓരോരുത്തരും ആവശ്യത്തിനനുസരിച്ച് വീതിക്കുന്നു. പിന്നീട് ഇഷ്ടാനുസരണം പല രൂപങ്ങളിലുമുള്ള പാത്രങ്ങളാക്കുന്നു. ഇവയെ ബട്ടിയിൽവെച്ച് ചൂടാക്കി ശക്തമാക്കുന്നു. പിന്നീട് പെയിന്റ് ചെയ്ത് വിൽക്കുന്നു.

രസകരമായ കാഴ്ചകൾ കണ്ട് ചുറ്റിനടക്കുന്നതിനിടെ ചിലർ ഞങ്ങളെ ആശ്ചര്യത്തോടെയാണ് നോക്കിയത്. കാരണം സഞ്ചാരികൾ അധികമായി എത്താത്ത ഇടമാണിത്. ഇവിടെ ക്യാമറയും തൂക്കി നടക്കുമ്പോഴുള്ള കൗതുകം. ചിലർ നല്ല ഭംഗിയായി ഫോട്ടോയ്ക്ക് പോസ് ചെയ്തുതന്നു. ചിലർ ചീത്ത പറഞ്ഞ് ഓടിച്ചു. കുംഭാർവാഡയിൽ താമസിക്കുന്ന ഭൂരിഭാഗം പേരും ഗുജറാത്തികളാണെങ്കിലും ശിവയെപ്പോലുള്ള മറ്റു ചിലരും ഇവിടെയുണ്ട്. ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ മൺചെരാതുകൾ നിർമിക്കുന്ന ഇടങ്ങളിലൊന്നാണ് കുംഭാർവാഡ. അത് കാണേണ്ട കാഴ്ച തന്നെയാണ്. കളിമണ്ണിൽനിന്നും ചെരാതിലേക്കുള്ള ദൂരം വളരെ ചെറുതാണ്. പക്ഷേ, അതിനായി എടുക്കുന്ന കലാവിരുത് നമ്മെ അദ്ഭുതപ്പെടുത്തും.

അകത്തേക്ക് കയറുന്തോറും കുംഭാർവാഡ വിസ്മയിപ്പിക്കുകയാണ്. ട്രെയിൻ ബോഗികൾ പോലെ വീടുകൾ നിരനിരയായി കണ്ണെത്താദൂരത്തോളം നീണ്ടുകിടക്കുന്നു. ഇവിടെ താമസിക്കുന്ന എല്ലാവരുടെയും ജോലി കളിമൺപാത്ര നിർമാണം തന്നെ. മുകളിൽനിന്ന് ചിലർ നോക്കിപ്പേടിപ്പിക്കുന്നു. ചെറിയൊരു ഭയം ഉടലെടുത്തെങ്കിലും ശിവ ഞങ്ങളെ ആശ്വസിപ്പിച്ചു. ഉച്ചയോടുകൂടി ഒരുവിധം കാഴ്ചകളെല്ലാം കണ്ടു. ശിവയ്ക്കൊപ്പം കുംഭാർവാഡയുടെ ഹൃദയഭാഗത്തുനിന്നൊരു ഫോട്ടോ എടുക്കാനും മറന്നില്ല. ധാരാവി ഉള്ളിൽ ഇതുപോലൊരു കലാഗ്രാമത്തെ പേറുന്നുണ്ടെന്ന് പറഞ്ഞാൽ ആരും വിശ്വസിക്കില്ല. ഇവിടെ കാലെടുത്തുകുത്തുന്നതിന് തൊട്ടുമുൻപ് വരെ ഞങ്ങളും അത് വിശ്വസിച്ചിരുന്നില്ല.  ധാരാവിയിൽ കുറ്റകൃത്യങ്ങൾ മാത്രമല്ല ദൈവികമായ പല കലകളും ഉറങ്ങുകിടക്കുന്നുണ്ട്. കുംഭാർവാഡ അതിലൊന്നുമാത്രം.

നിങ്ങളുടെ യാത്രാനുഭവങ്ങൾ എഴുതുക

**Mathrubhumi Yathra**, K P Kesava Menon Road, Kozhikode-673001.
Phone : 0495-2765381, 2765384, Fax: 0495-2760138
E-mail : yathrambi@gmail.com
Websites : www.yathramagazine.com, www.mathrubhumi.com/yathra
Join us on facebook: www.facebook.com/mathrubhumiyathra



**മലമടക്കുകളിലൂടെ ഒരു തീവണ്ടിയാത്ര. മഞ്ഞണിഞ്ഞ ഹിമാചലിന്റെ തലസ്ഥാനനഗരിയിലേയ്ക്ക്... ഷിംലയിലേയ്ക്ക്...**

Text : **Ihjas Abdulla**

# മലമുകളിലെ മഞ്ഞുനഗരം




**The little known forest glade formerly called Shyamala (Goddess Kali) discovered by the Scottish civil servant Charlse Kennedy in 1822 later became the summer capital of the British Raj. Sprawling on a ridge this hill station with its salubrious climate and spectacular scenery has drawn tourists like a magnet**

shutterstock

ഷിംലയിലെ ടോയ് ട്രെയിൻ സർവീസ്

ഡൽഹിയിൽനിന്നുള്ള തീവണ്ടി അതിരാവിലെയാണ് കൽക്ക റെയിൽവേ സ്റ്റേഷനിലെത്തിയത്. ചോരയുറഞ്ഞുപോകുന്ന തണുപ്പിൽ കാലുകൾ പ്ലാറ്റ്ഫോമിൽ ഉറയ്ക്കുന്നില്ല. ജാക്കറ്റ് മതിയാവാതെവന്നപ്പോൾ ബാഗിൽ കരുതിയിരുന്ന പുതപ്പുകൂടിയെടുത്ത് നന്നായി ദേഹത്ത് വരിഞ്ഞുമുറുക്കി.

കാലുകുത്താൻ സ്ഥലമില്ലാത്തവിധം ജനനിബിഡമായിരുന്നു വന്നിറങ്ങിയ ജനറൽ കംപാർട്ട്മെന്റ്. വല്ലാത്ത ദുർഗന്ധവും അറപ്പുളവാക്കുന്ന അന്തരീക്ഷവും. ഒട്ടുമിക്ക യാത്രക്കാരും കിട്ടിയ സ്ഥലത്ത് ഒതുങ്ങിക്കൂടി നല്ല ഉറക്കംപിടിച്ചു. ബർത്തിലും വഴിയിലും ടോയ്ലെറ്റിന്റെ സൈഡിലും ലക്കുകെട്ട യാത്രക്കാർ തൂങ്ങിമറിഞ്ഞു. ഒരാൾ യൂറോപ്യൻ ടോയ്ലെറ്റ് അടച്ചുവെച്ച് അതിന്മേലിരുന്നും ഉറക്കംതുടങ്ങി. അഡ്വഞ്ചർ ജേണിയാവട്ടെ എന്നുപറഞ്ഞാണ് ജനറൽ ബോഗി തിരഞ്ഞെടുത്തത്. നല്ല സാഹസികത! ആകെ ക്ഷീണിച്ചു. ഒന്ന് ഫ്രെഷാവണം.

റെയിൽവേ സ്റ്റേഷനിൽ ചുറ്റും കണ്ണോടിക്കുമ്പോൾ ടാപ്പുകളൊന്നും കാണുന്നില്ല. അവസാനം 'പീനേകാ പാനി'യിൽ ചെന്ന് ഞങ്ങൾ ഫ്രെഷായി. ഒരു പോലീസുകാരൻ ദേഷ്യപ്പെട്ട് എന്തൊക്കെയോ പിറുപിറുത്തു. നിർത്തിയിട്ട തീവണ്ടിയിൽ ആളില്ലാത്ത ലഗേജുകൾ തപ്പുകയായിരുന്നു അയാൾ. പിന്നാലെ ചെല്ലാൻ പറഞ്ഞു. ഒറ്റയൊന്നുമാത്രമേ കിട്ടിയുള്ളൂവെന്ന് തോന്നുന്നു. ആ ലഗേജ് എടുക്കാൻ ഞങ്ങളിലൊരാളോടാവശ്യപ്പെട്ടു. ആദ്യം മടിച്ചുനിന്നു, പിന്നെ എടുത്തു. അയാൾ



△ ഷിംല പട്ടണത്തിലേക്കുള്ള പ്രധാനപാത

രാജാവാണെന്ന മട്ടിൽ വടിയും വീശി മുന്നിലും നടന്നു. ജയ്പുർ റെയിൽവേ സ്റ്റേഷനിൽ വെച്ച് ഫോട്ടോയെടുത്തതിന് എന്നെയും മൂന്നു കൂട്ടുകാരെയും പോലീസ് പിടിച്ച് സ്റ്റേഷനിലേക്ക് കൊണ്ടുപോയിരുന്നു. അവർക്കാണെങ്കിൽ ഒരക്ഷരം ഇംഗ്ലീഷറിയില്ല. പുൽവാമയിൽ എന്താ സംഭവിച്ചതെന്നറിയില്ലേ, നമ്മുടെ രാജ്യത്തിന്റെ സ്ഥിതി മനസ്സിലാക്കണം എന്നൊക്കെ ഹിന്ദിയിൽ പറയുന്നുണ്ടായിരുന്നു. ഇംഗ്ലീഷറിയുന്ന സി.ഐ. വന്നിട്ടാണ് പിന്നെ രക്ഷപ്പെട്ടത്. പ്രശ്നക്കാരല്ലെന്ന് ബോധ്യപ്പെട്ട സി.ഐ. ഷേക് ഹാൻഡ് തന്ന് പറഞ്ഞുവിട്ടു. പിടിച്ചുകൊണ്ടുപോയ കോൺസ്റ്റബിൾ ഇളിഭ്യനായി നോക്കിനിന്നു.

മിക്ക ഉത്തരേന്ത്യൻ സ്റ്റേഷനുകളിലും ഉള്ളതുപോലെ കൽക്കയിലും പുറത്തുകടക്കാൻ ടിക്കറ്റ് കാണിക്കണം. സെക്കൻഡ് ക്ലാസ് യാത്രക്കാർക്കുള്ള വെയിറ്റിങ് റൂമിലേക്കാണ് ആ പോലീസുകാരൻ ഞങ്ങളെ കൊണ്ടുപോയത്. എല്ലാ സൗകര്യങ്ങളുമുണ്ട്. കൽക്ക റെയിൽവേയുടെ ഒരറ്റമാണ്. ഇവിടന്നങ്ങോട്ട് ടോയ് ട്രെയിനിൽ വേണം ഷിംലയിലെത്താൻ. ചെങ്കുത്തായ മലനിരകളാണ് ഇനിയങ്ങോട്ട്.

മലകളുടെ രാജ്ഞി എന്നാണ് ഷിംല അറിയപ്പെടുന്നത്. ടോയ് ട്രെയിനാകുമ്പോൾ ചെറുതായി കുന്ന് കയറും. പേരുപോലെ പാർക്കുകളിലൊക്കെ കാണുന്ന തീവണ്ടി. എന്നാൽ അതിനെക്കാൾ വലുപ്പം കൂടുതൽ. ജനറൽ കംപാർട്ട്മെന്റ് ഒരെണ്ണമേയുള്ളൂ. അതാണെങ്കിൽ മുഴുവൻ യാത്രക്കാരെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. മറ്റുള്ള ബോഗികളിലൊക്കെ വിദേശികൾ ഞെളിഞ്ഞിരുന്നു. എട്ടരമണിക്കാണ് അടുത്ത തീവണ്ടി. അതുവരെ കാത്തിരിക്കണം. തീവണ്ടി വളരെ നേരത്തേ വന്നു. ലഗേജുകളൊക്കെ സെറ്റ്ചെയ്ത് സീറ്റും ഉറപ്പിച്ച് പുറത്തിറങ്ങി. നേരം വെളുക്കുംതോറും തണുപ്പിന്റെ അളവ് കുറഞ്ഞുവന്നു. ടോയ് ട്രെയിനിന്റെ പശ്ചാത്തലത്തിൽ ഒന്നുരണ്ട് പടംപിടിച്ച് നടക്കാനിറങ്ങി.

ബ്രിട്ടീഷ് ഭരണകാലത്ത് ഭരണാധികാരികളുടെ വേനൽക്കാല തലസ്ഥാനമായി പ്രഖ്യാപിച്ചിരുന്ന സ്ഥലമാണ്. അതിനുമാത്രം ഭംഗിയും തണുപ്പുമൊക്കെയുള്ള സ്ഥലമായിരി

**ഒരുകിലോമീറ്ററിലേറെ നീളമുള്ള ബാരൺ ടണലാണ് ഏറ്റവും വലിയ തുരങ്കം. സ്റ്റേഷന്റെ പേരും ബാരൺ എന്നുതന്നെ. ആ ടണൽ നിർമിച്ചത് കേണൽ എസ്. ബാരണാണത്രെ!**

ക്കും ഷിംല. മനസ്സിൽ പലതും കണ്ടു. 90 കിലോമീറ്ററാണ് ദൂരം. അഞ്ചുമണിക്കൂർ നീണ്ടു നിൽക്കുന്ന യാത്ര. ആകെ 25 രൂപയേ ട്രെയിൻചാർജുള്ളൂ. അതായത്, ഒരുരൂപയ്ക്ക് മൂന്നു നാല് കിലോമീറ്റർ നയനമനോഹരമായ കാഴ്ചകളുമാസ്വദിച്ച് ഇരിക്കാം. യുനെസ്കോയുടെ പൈതൃകപ്പട്ടികയിൽ ഇടംപിടിച്ച പാതയാണ്. അതേ സ്ഥലത്തേക്ക് അഞ്ഞൂറുരൂപ കൊടുത്തും പോവാം. അതിൽ സായിപ്പന്മാരാണ്. പൂർവികർ പണികഴിപ്പിച്ച തീവണ്ടിയിൽ വലിയ വിലകൊടുത്ത് യാത്രചെയ്യുന്നു. നമ്മളോ ചെറിയ തുകയ്ക്ക് അതേ യാത്ര ആസ്വദിക്കുന്നു.

വർഷങ്ങളുടെ അധ്വാനത്തിനൊടുവിൽ 1913-ലാണ് ബ്രിട്ടീഷുകാർ ഈ പാത തുറക്കുന്നത്. ഒരു തീവണ്ടിക്ക് ആറോ ഏഴോ ബോഗികൾ കാണും. ആദ്യം എൻജിൻ. പിന്നെ, തീവണ്ടിക്കാവശ്യമായ വാട്ടർ ടാങ്കുകളുള്ള ഓപ്പൺ കംപാർട്ട്മെന്റ്. പിന്നെയാണ് യാത്രക്കാർക്കുള്ളവ. 40 സീറ്റുകളും രണ്ട് ടോയ്‌ലെറ്റുമടങ്ങുന്നതാണ് ഓരോന്നും. ജനറൽ കംപാർട്ട്മെന്റാണെങ്കിലും നിന്ന് യാത്രചെയ്യുന്നവരൊന്നുമില്ല. അധികവും പ്രദേശവാസികൾതന്നെ. പിന്നെ കുറച്ച് സഞ്ചാരികളും. അതിലുമുണ്ടായിരുന്നു മലയാളികൾ.

കൃത്യസമയത്ത് യാത്ര തുടങ്ങി. ചില്ലുജാലകത്തിന്റെ അരികുപറ്റി ഇരിപ്പുറപ്പിച്ചു. ആദ്യമൊക്കെ ഷൊർണൂർ-നിലമ്പൂർ പാതയിലേക്ക് കടന്ന അനുഭവമായിരുന്നു. ജാക്കറ്റ് യൂണിഫോമണിഞ്ഞ് സ്കൂളിലേക്ക് പോകുന്ന കുട്ടികൾ. മഞ്ഞമുളംകാട്ടിലൂടെ തുള്ളിച്ചാടിനടക്കുന്ന പന്നിക്കുഞ്ഞുങ്ങൾ. ഒട്ടിനിൽക്കുന്ന ഇഷ്ടികവീടുകൾ. അതിലേക്ക് തലയിട്ടുനോക്കുന്ന പശുക്കൾ. തീവണ്ടി മെല്ലെ കുന്നുകയറാൻ തുടങ്ങി. ജനാധിവാസകേന്ദ്രങ്ങളിലൂടെത്തന്നെയാണ് തീവണ്ടി കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. അണിനിരത്തി നട്ടുവളർത്തിയ പൈൻമരങ്ങളും തട്ടുകളായി തിരിച്ചുള്ള കൃഷിയും പർവതനിരകൾക്ക് അലങ്കാരമേകി. ഇടയ്ക്കിടെ സിഖ് ക്ഷേത്രങ്ങളും മറ്റ് ആരാധനാലയങ്ങളും കൺമുന്നിലൂടെ കടന്നുപോയി. പർവതങ്ങളുടെ ഉച്ചിയിലേക്ക് കുത്തനെ വലിച്ചുകെട്ടിയ കറന്റുകമ്പികൾ. ആളനക്കമില്ലാത്ത കൊച്ചു റെയിൽവേ സ്റ്റേഷനുകൾ. ചിലയിടത്ത് എതിർവശത്തുനിന്ന് വരുന്ന തീവണ്ടികൾക്ക് പോകാൻവേണ്ടി പിടിച്ചിടും.

തണുപ്പായതിനാൽ ചില്ലുജനലുകൾ അടഞ്ഞുതന്നെകിടന്നു. ഇടയ്ക്കിടെ ടണലുകൾക്കുള്ളിലേക്ക് കടക്കും. ചെറുതും വലുതുമായ നൂറിലേറെ ടണലുകൾ. അതിനകത്തേക്ക് കടക്കുമ്പോൾ ഇരുട്ടും തീവണ്ടിയുടെ അരണ്ട വെളിച്ചവും വിദ്യാർഥികളുടെ ആർപ്പുവിളികളും ചേർന്നൊരനുഭവം. കൊങ്കണിലൂടെ കടന്നുപോയവരാണെങ്കിൽ തീർച്ചയായും ആനന്ദിക്കും. മനംമടുപ്പിക്കുന്ന മുരൾച്ചകളും കാതടപ്പിക്കുന്ന ശബ്ദകോലാഹലങ്ങളും ശ്വാസതടസ്സവും കാതുകളിലേക്കിടിച്ചുകയറുന്ന വായുസമ്മർദവുമെല്ലാം ചേർന്ന് ഒരൊന്നാന്തരം ദുരന്താനുഭവമാണ് ചൂടുകാലത്തെങ്കിലും കൊങ്കൺ. നൂറിലേറെ തുരങ്കങ്ങളും അതിന്റെ എത്രയോ ഇരട്ടി പാലങ്ങളും ചേർന്നതാണ് ഷിംലയിലേക്കുള്ള ഈ പാത. ഒരുനൂറ്റാണ്ട് പിറകിൽനിന്ന് ചിന്തിക്കുമ്പോൾ ഇതെല്ലാം മനുഷ്യസിദ്ധിയുടെയും പ്രതിഭയുടെയും വലിയ അദ്ഭുതങ്ങളായി അനുഭവപ്പെടും.

ഒരുകിലോമീറ്ററിലേറെ നീളമുള്ള ബാരൺ ടണലാണ് ഏറ്റവും വലിയ തുരങ്കം. അതു കടക്കാൻ മൂന്നുമിനിറ്റിലേറെ സമയം വേണ്ടിവന്നു. സ്റ്റേഷന്റെ പേരും ബാരൺ എന്നുതന്നെ. അതിന്റെ പിന്നിൽ രസകരമായ കഥയുണ്ട്. ആ ടണൽ നിർമിച്ചത് കേണൽ എസ്. ബാരണാണത്രെ! അയാൾ രണ്ടുഭാഗത്തുനിന്നും തുരന്നു. പക്ഷേ, രണ്ടും രണ്ടുവഴിക്ക് പോയി. പൊതുമുതൽ പാഴാക്കിയെന്നും പറഞ്ഞ് ഗവൺമെന്റ് അയാൾക്ക് പ്രതീകാത്മകമായി ഒരുരൂപ പിഴ ചുമത്തി. അപമാനഭാരത്താൽ ആ ടണലിനകത്തുവെച്ചുതന്നെ അയാൾ ആത്മഹത്യചെയ്തു. പിന്നെ മറ്റൊരു എൻജിനീയറാണത്രെ അത് പണികഴിപ്പിച്ചത്. പാലങ്ങൾ അതിമനോഹരം.

നേരേയുള്ളതും വളഞ്ഞതുമായി ആയിരത്തിനടുത്തുവരും അവ. വളഞ്ഞ പാലങ്ങളേ തീവണ്ടിക്കകത്തിരുന്ന് കാണാനാവൂ. കമാനരൂപത്തിലുള്ള ബീമുകളാണ് പാലത്തിനുതാഴെ. പാലത്തിന്റെ ഉയരമനുസരിച്ച് താഴ്ഭാഗത്തെ തട്ടുകളുടെ എണ്ണവും കൂടും. തീവണ്ടി മുകൾഭാഗത്തേക്ക് പോകുംതോറും മഞ്ഞലയിൽ മൂടിനിൽക്കുന്ന പർവതക്കാഴ്ച. ദൂരെ, മറുതാഴ്വരയിൽ മഞ്ഞിൽ കെട്ടിത്തൂക്കിയ കളിവീടുകൾപോലെ, കൂർത്ത അഗ്രമുള്ള ഹിമാചൽ കെട്ടിടങ്ങൾ. ഭക്ഷണവില്പനക്കാർ അപൂർവമായേ തീവണ്ടിക്കകത്ത് കയറൂ. അതും കടലയോ ചോളമോ ഒക്കെ വിൽക്കാൻവേണ്ടി.

ഷിംല മഞ്ഞിൽ പുതഞ്ഞു നിൽക്കുന്നു. സ്റ്റേഷനുപുറത്ത് ടാക്സിക്കാർ യാത്രക്കാരെ കാത്തിരിപ്പുണ്ട്. ഏജന്റുകൾ വട്ടമിട്ട് വിലപേശുന്നു. ഉത്തരേന്ത്യയിലെതുപോലെ ആളെണ്ണമാണ് വിലപറയുക. ഞങ്ങൾ ഊബർ വിളിച്ചു. അതാകുമ്പോൾ ഒരു യാത്രയ്ക്ക് എന്ന തോതിലാണ് ചാർജ്. ഉയർന്ന ചാർജിനെ പഴിക്കാനാവില്ല. മുഴുവൻ കുന്നുകളും താഴ്വരകളും. സമതലപ്രദേശം കാണാനേ കിട്ടില്ല. നടപ്പാതകൾപോലും കൃത്രിമമായി നിർമിച്ചത്. അധികം ശബ്ദമലിനീകരണമോ വായുമലിനീകരണമോ ഇല്ലാത്ത നഗരമാണ് ഷിംല. ഹിമാചലിന്റെ തലസ്ഥാനം.

തണുപ്പുകാലങ്ങളിൽ മൈനസിൽവരെ നിൽക്കുന്ന ഷിംല 20 ഡിഗ്രിവരെ പരമാവധി ചൂടണിയും. തെരുവിലുടനീളം വൈൻഷോപ്പുകൾ കാണാം. സൗത്ത് ഇന്ത്യൻ ഫുഡെന്ന പേരിൽ വിവിധതരം പാൽപ്പേടകൾ നിരത്തിവെച്ചിട്ടുണ്ട്. ഏത് തിരഞ്ഞെടുത്താലും ഉടൻ ചൂടാക്കിത്തരും. വസ്ത്രാലയങ്ങൾ നിരവധിയുണ്ട്. റൂമിലെത്തി എല്ലാം സെറ്റ്ചെയ്ത് പുറത്തിറങ്ങി. റോഡ്സൈഡിൽ പഴക്കച്ചവടക്കാരുണ്ട്. ഇപ്പോൾ പറിച്ചുകൊണ്ടുവന്നത് എന്നുപറഞ്ഞാണ് ഓറഞ്ച് വിൽക്കുന്നത്. നല്ല മധുരം. ഒരാൾ ബർഗർപോലെ എന്തോ വിൽക്കുന്നു. നല്ല തിരക്കുണ്ട്. സലാമി ബർഗറാണത്രേ. ഒരെണ്ണം പാകംചെയ്തെടുക്കാൻതന്നെ നല്ല അധ്വാനമുണ്ട്. ഇരുപതുരൂപയേ വിലയുള്ളൂ. ആദ്യം നല്ല രുചി. പകുതിയെത്തിക്കഴിഞ്ഞപ്പോൾ, കടുകെണ്ണയുടെ മനംമടുപ്പിക്കുന്ന ഗന്ധം മൂക്കിലേക്കിടിച്ചുകയറി.

വൈകുന്നേരം ലോവർ ബസാർ കാണാനിറങ്ങി. നല്ല വൃത്തി. ജനങ്ങളുടെ മനസ്സിനു മാത്രമല്ല, സർക്കാർനിയമങ്ങൾക്കും അതിൽ വലിയപങ്കുണ്ടെന്ന് ചുമർപരസ്യങ്ങൾ പറയുന്നു. തുപ്പിയാലും വേസ്റ്റിട്ടാലും പിഴ.



Mathrubhumi Yathra The Complete Travel Magazine
യാത്ര
Mathrubhumi Yathra Classifieds
Pin Your Travel Ads Here...
TRAVEL DEALS



മഞ്ഞുപുക മുറുകിവന്നു. ആലിപ്പഴവർഷം. എല്ലാവരും വഴിയരികിലേക്ക് കയറിനിന്നപ്പോൾ ഞങ്ങൾ ആലിപ്പഴം കൊള്ളാൻ റോഡിലേക്കിറങ്ങിനിന്നു. ആരൊക്കെയോ തുറിച്ചുനോക്കുന്നുണ്ടായിരുന്നു.  മഴ മുറുകുന്നതിനനുസരിച്ച് തണുപ്പ് ഏറിവന്നു. അസഹ്യം. അന്നത്തെ പ്ലാനെല്ലാം പാളി. ഹോട്ടൽമുറിയിൽ അടച്ചിരുന്ന് ചൂടുകാഞ്ഞു. നല്ല കട്ടിയുള്ള പുതപ്പിനകത്തിരുന്നിട്ടും ശീതം അസ്ഥിയിലേക്ക് ചൂഴ്ന്നുകയറുന്നു.

അതിരാവിലെ വെറുതേ മാർക്കറ്റിലേക്കിറങ്ങി. ആളുകൾ തീകായാൻ ചിലയിടത്തൊക്കെ പൈസ കൊടുക്കണം. ചുവന്നുതുടുത്ത കാരറ്റും  മിന്റും മുള്ളങ്കിയും മറ്റും നിറഞ്ഞ പച്ചക്കറിമാർക്കറ്റ്. വർണശബളിമയിൽ മുങ്ങിയ ഫ്രൂട്ട്സ് മാർക്കറ്റ്. എല്ലാത്തിനും കടും നിറം.

പൗരാണിക അടയാളങ്ങൾ പേറുന്ന ഈ നഗരത്തിലാരും പുകവലിക്കുന്നത് കണ്ടില്ല. കടകളിലും അത് കാണാനില്ല. ശ്രദ്ധിച്ചുതുടങ്ങിയപ്പോൾ ഒരു സ്റ്റേഷനറിക്കടയിൽ കണ്ടു. ആരോ പുകചോദിച്ച് വന്നപ്പോൾ കടക്കാരൻ കൊടുത്തു. അടുത്തതായി അയാൾ തീ ചോദിച്ചപ്പോൾ അയാൾ ദേഷ്യപ്പെട്ട് ഒരു ചുമർപരസ്യത്തിലേക്ക് കൈ ചൂണ്ടി. ഷിംല ഒരു പുകവലിരഹിത നഗരമാണെന്ന് വെണ്ടയ്ക്കാവലുപ്പത്തിൽ കുറിച്ചുവെച്ചിരിക്കുന്നു. വലിച്ചാൽ ഫൈനുമുണ്ട്. കുഫ്രിയിലേക്ക് പോകാനുള്ളതിനാൽ രണ്ട് ആലുപൊറോട്ടയും കഴിച്ച് വേഗം മടങ്ങി.

ഷിംലയിൽനിന്ന് കുഫ്രിയിലേക്ക് കുറച്ച് ദൂരമുണ്ട്. ഒരാൾക്ക് നൂറുരൂപ എന്നതോതിൽ ടാക്സി വിളിച്ചു. മഞ്ഞുകട്ടകൾക്കു മുകളിലൂടെ കുതിരകളും നായകളും നടക്കുന്നുണ്ട്. റോഡിലേക്ക് ഇടിഞ്ഞുവീണ മഞ്ഞുകട്ടകളെ അരികിലേക്ക് നീക്കി ഗതാഗതം സുഗമമാക്കിയിട്ടുണ്ട്. സഞ്ചാരികൾ വഴിയരികിൽ വാഹനങ്ങൾ നിർത്തി മഞ്ഞുകഷണങ്ങൾ എറിഞ്ഞും പിടിച്ചും ആസ്വദിച്ചു. അത് കണ്ടുനിൽക്കാൻമാത്രം ക്ഷമയില്ലാത്തതിനാൽ ഞങ്ങളും മഞ്ഞുകൂനകളിൽ കയറി. കൊടുംതണുപ്പിൽ കൂടുതൽനേരം നിൽക്കാൻകഴിയില്ല എന്ന തിരിച്ചറിവുണ്ടായിട്ടും മറ്റെല്ലാ ദൃശ്യങ്ങളെയും മറന്ന്, ഷിംലയിൽ സന്ദർശിക്കാൻ ബാക്കിയുള്ള സ്ഥലങ്ങളെക്കുറിച്ച് ചിന്തിക്കുക കൂടി ചെയ്യാതെ അതിരില്ലാതെ ആസ്വദിച്ചു. തിരിച്ചുപോരുമ്പോൾ ഒരുകാരണവുമില്ലാതെ ഒരുപിടി മഞ്ഞുകൂനയെടുത്ത് പോക്കറ്റിൽ നിറച്ചു, കൊച്ചുകുട്ടിയെപ്പോലെ. മനോഹരമായ പ്രകൃതി ആരിലും പോയ്മറഞ്ഞ കുട്ടിത്തം തിരികെയെത്തിക്കുമല്ലോ...

*www. yathramagazine. com*

Yathra Travel Info

# Shimla

Shimla, the state capital of Himachal Pradesh is one of the most popular hill stations of India. Shimla still retains its old-world charm with beautiful colonial architecture, pedestrian-friendly Mall Road and the ridge lined up with multiple shops, cafes and restaurants. The Kalka-Shimla railway line with 102 tunnels constructed between 1898 to 1903 has been recognised by UNESCO as a World Heritage mountain railway site.

**Getting There- By Air:** Daily flights are available from Delhi to Shimla Airport at Jubbarhatti (23kms). **By Rail:** The Kalka-Shimla rail line with 102 tunnels offers breathtaking views of the terrain. Regular trains ply between Delhi and Kalka.

**By Road:** Ordinary and luxury coaches regularly ply between Delhi, Chandigarh and Shimla. Shimla has good connectivity with Kullu-Manali, Dharmasala and other towns of the state.

**Things to do:** The ridge, The mall road, Viceregal Lodge, Annadale, Jakhoo temple, Chadwick falls, Kali Bari temple

**Nearest Places:** Craignano Nature Park- Mashora • Himalayan Nature Park- Kufri • Fun World- Kufri • Shali Tibba • Naldehra • Hatu Peak • Hatkoti temple • Bhimkali temple at Sarahan.

**Accommodation:** Blossom resort unit of Shakthi Associate Bandrol ✆ 177-2633070, Mob: 9816041000. YWCA, The Mall, ✆ 2803081

**For details:** www.himachaltourism.gov.in

**Contact:** Tourism & Civil Aviation Department, Block No.28, SDA Complex, Kasumpyi, Shimla-171009 ✆ 0177-2625924, 2625511, 2625864. Email: tourism.hp.@nic.in

▼ ഷിംല, ഒരാകാശക്കാഴ്ച



യാത്രയിലെ മറക്കാനാവാത്ത അനുഭവങ്ങൾ, വ്യക്തികൾ... കാലമെത്ര കഴിഞ്ഞാലും വീണ്ടും കടന്നുവരുന്ന അത്തരം ഓർമകളിലൂടെ ഇതൾ വിരിയുന്ന ചില സത്യങ്ങൾ

# ഈഫൽ ടവറും പാലക്കാട്ടെ കരടിയും

**ഒരു സംഘം യാത്രികരിൽ ഒരാൾ മാത്രം മനസ്സുമാറ്റിയാൽ എന്തു സംഭവിക്കും?**



വര: ഉള്ള്യേരിക്കാരൻ

ലോകത്തെവിടെയായാലും ഒട്ടുമിക്ക കാര്യങ്ങളിലും സമാനഹൃദയർ ഒത്തുചേരുമ്പോഴാണ് വലിയ വിജയവും സന്തോഷവുമൊക്കെയുണ്ടാവുന്നത്. യാത്രകളുടെ കാര്യത്തിലും ഇത് സത്യമാണ്. ബിസിനസ് ആവശ്യത്തിനായി വിദേശത്ത് പോയിവന്ന ഒരു സുഹൃത്ത് പറഞ്ഞ കാര്യം ഓർമയുണ്ട്. 'പാരീസിലെത്തിയപ്പോൾ കൂടെയുള്ളവരെല്ലാം ഈഫൽ ടവർ കാണാനായി പാഞ്ഞു. മൊബൈൽ ടവർ പോലെയുള്ള അതിൽ എന്താണ് കാണാനുള്ളതെന്ന് എനിക്ക് മനസ്സിലായില്ല. ഞാൻ സുഖമായി മൂന്നുമണിക്കൂർ ഹോട്ടൽമുറിയിൽ കിടന്നുറങ്ങി'. ഇങ്ങനെ വ്യത്യസ്ത ചിന്തകളുള്ളവർ ഒരു സംഘമായി യാത്രചെയ്യുമ്പോൾ ചിലപ്പോഴെങ്കിലും സന്തോഷത്തിന്റെ അതിർത്തികളെക്കുറിച്ച് നമ്മൾ ആലോചിച്ചേക്കാം.

യാത്രചെയ്യാൻ മുന്നോട്ട് നടക്കുമ്പോൾ ഭയം പിന്നിലേക്ക് വലിക്കുന്ന സന്ദർഭങ്ങളും ഉണ്ടാവാം. നെല്ലിയാംപതിയിലെ കാട്ടുയാത്രയിൽ സംഭവിച്ചത് അതാണ്. ഫോർ വീൽ ഡ്രൈവുള്ള ജീപ്പിലായിരുന്നു യാത്ര. പകൽപോലും കരടികൾ വന്നുപോകുന്ന ഒരിടം. അധികം തിങ്ങിവളരാത്ത കാടാണ്. ജീപ്പിൽനിന്നിറങ്ങി കുറച്ചുദൂരം നടന്നു. കൂടെയുണ്ടായിരുന്ന പരിചയസമ്പന്നനായ വഴികാട്ടി വഴിയരികിൽ ചതഞ്ഞ പന്തുപോലെ ഒരു സാധനം കാട്ടിത്തന്നു. എന്തൊക്കെയോ തീറ്റസാധനങ്ങൾ ചവച്ചുതുപ്പിയതുപോലെ ഒരുണ്ട. അതിൽനിന്ന് തുപ്പലുപോലെ എന്തോ ഒന്ന് ഇറ്റുവീഴുന്നുണ്ട്.

കരടി ചവച്ചുതുപ്പിയതാണ്. തൊട്ടടുത്തുതന്നെ കരടിയുണ്ട്. വളരെ ഒച്ച താഴ്ത്തിയാണ് വഴികാട്ടി ഇക്കാര്യം പറഞ്ഞത്.

വലിയ ധൈര്യശാലികളായി കൂടെ വന്നിരുന്ന മൂന്ന് സ്ത്രീകളിലൊരാൾ നിലവിളിക്കാൻ തുടങ്ങി. സത്യത്തിൽ നിലവിളി എന്ന വാക്ക് ഇവിടെ ചേരില്ല. ഒച്ച ഒട്ടും പുറത്തുകേൾക്കാതെയായിരുന്നു ആ കരച്ചിൽ. കൈയെത്തും ദൂരത്തെവിടെയോ ഉണ്ടായിരുന്ന കരടിയെ കാണാൻ ശ്രമിക്കാതെ ഞങ്ങൾ മടങ്ങി.

സുരക്ഷിതരായി താമസസ്ഥലത്ത് എത്തിയപ്പോഴും അവർ കരഞ്ഞു. എന്റെ പേടികാരണം തിരിച്ചുപോരേണ്ടിവന്നല്ലോ എന്ന സങ്കടം പറഞ്ഞായിരുന്നു ആ കരച്ചിൽ. ആ മടങ്ങിവരവിനെക്കുറിച്ച് പറഞ്ഞ് ആരും അവരെ കുറ്റപ്പെടുത്തിയില്ല. ചൂട് കട്ടൻ കാപ്പിയും കൈയിൽ പിടിച്ചുകൊണ്ട് ഞങ്ങളുടെ വഴികാട്ടി അപ്പോൾ മറ്റൊരു കാര്യം പറഞ്ഞു. ഒരിക്കൽ കരടി ഒരാളെ ആക്രമിച്ച കഥ. മുഖത്തിന്റെ വലതുഭാഗം മാന്തിപ്പൊളിച്ചുകളഞ്ഞ കഥ. ഭാഗ്യത്തിന് അയാളുടെ കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടില്ല എന്നും പറഞ്ഞു. അപ്പോൾ ഞങ്ങളുടെ എല്ലാവരുടെയും മുഖത്ത് ഭയവും മുൻപേ കരഞ്ഞുകൊണ്ടിരുന്ന ആളിന്റെ മുഖത്ത് ഒരു ചിരിയും വിടർന്നു. അതാണ് യാത്ര. അത് നമ്മെ അനുഭവങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നത് വിചിത്രമായ വഴികളിലൂടെയായിരിക്കും.

# ചരിത്രം പറയുന്ന ഡിണ്ടിഗൽ കോട്ട

**ഡിണ്ടിഗൽ പട്ടണത്തിന്റെ ഒത്തനടുവിലുള്ള കൂറ്റൻപാറയുടെ മുകളിൽ 17-ാം നൂറ്റാണ്ടിലാണ് ഒരു കോട്ട നിർമിക്കപ്പെട്ടത്**





The hill fort in Dindigul has witnessed the rise and fall of many dynasties. This rarely visited fort, now under the control of the Archeological Survey of India, offers visitors glimpses of the architectural and sculptural achievements of many generations



കോട്ടയ്ക്കുള്ളിൽ



Text & Photos :
**Dr Jithesh Krishnan R**

ഏതൊരു സഞ്ചാരിയേയും ആകർഷിക്കുന്ന ചരിത്രമുഹൂർത്തങ്ങളുടെ ഓർമകൾ നമുക്കുമുൻപിൽ തുറന്നിടുന്ന മനോഹരമായ കോട്ടയാണ് ഡിണ്ടിഗൽ പാറക്കോട്ട അഥവാ മലക്കോട്ട. 'തിണ്ട്' (പരന്ന ഭൂപ്രദേശം) 'കല്ല്' എന്നീ രണ്ട് പദങ്ങൾ ചേർന്ന് രൂപപ്പെട്ടതാണ് 'തിണ്ടുക്കൽ' എന്ന പദം; തമിഴ്നാട്ടിലെ തന്ത്രപ്രധാന പട്ടണത്തിന് പേരായി. ദിന്ദീചരം എന്നും തിണ്ടുക്കൽ അറിയപ്പെട്ടിരുന്നു എന്ന് ചില ചരിത്രകാരന്മാർ പറയുന്നു. ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി അധികാരം കൈയേറിയ നാളുകളിൽ പല സ്ഥലനാമങ്ങളും ആംഗലേയ ശൈലിയിലേക്ക് മാറ്റപ്പെട്ടു. അങ്ങനെ തിണ്ടുക്കൽ ഡിണ്ടിഗൽ ആയി.

ഈ പട്ടണത്തിന്റെ മധ്യഭാഗത്തായി 900 അടി ഉയരമുള്ള പാറ സ്ഥിതിചെയ്യുന്നു. ഈ പാറയിൽ 17-ാം നൂറ്റാണ്ടിൽ നിർമിക്കപ്പെട്ട കോട്ടയും പുരാതന ക്ഷേത്രവുമുണ്ട്. സഞ്ചാരികളുടെ ശ്രദ്ധ അധികം പിടിച്ചു

Yathra Travel Info

# Dindigul

Dindigul is a historical city and administrative centre for Dindigul District, Tamil Nadu. The city is located between the Palani Hills and the Sirumalai Hills and is a bed of fertile land apt for agriculture. The Dindigul Fort is the main attraction here among many other historical monuments. Today, it is an industrial town and a tourism hub. The most famous historical landmark of Dindigul is the Rock Fort which is located atop a hill.

**Getting There- By Air:** The closest airport is Madurai airport (84 km). Madurai airport is connected to Chennai airport. **By Rail:** Dindigul railway station is connected to Chennai, Coimbatore and Madurai etc. **By Road:** Dindigul lies by two main National Highways namely NH7 and NH 209. Regular bus services are available from Dindigul to all important towns in Tamil Nadu.

**The best time to visit :** July to March

**Nearby Places:** The Anjaneyar Temple, Anapatti (41kms). Director of Tourism & Managing Director, TTDC, Tourism Complex, No.2,Wallajah Road, Chennai-600002 • E-Mail : support@ttdconline.com ✆ 044-25333444, 25333333, 25333850-54

പറ്റിയിട്ടില്ലാത്ത ഈ പാറയുടെ ഏറ്റവും മുകളിലെത്താൻ കല്ലിൽകൊത്തിയ 1000-ത്തോളം ചവിട്ടുപടികളുണ്ട്. ഡിണ്ടിഗൽ പട്ടണത്തിന്റെ മനോഹരമായ ആകാശദൃശ്യം, നൽകുന്ന ഈ പാറക്കോട്ടയുടെ അറിയപ്പെടുന്ന ചരിത്രം AD ഒന്നാം നൂറ്റാണ്ടിൽ തുടങ്ങുന്നു. 1605- ൽ മധുര രാജാവായിരുന്ന മുത്തുകൃഷ്ണപ്പ നായക്കിനാൽ ഈ കോട്ട നിർമിക്കപ്പെട്ടു.

## ഒരു മധുരചരിതം

ദക്ഷിണേന്ത്യയിലെ വളരെ പ്രശസ്തവും ബൃഹത്തായതുമായ രാജ്യമായിരുന്നു മധുരൈ. നിരവധി സാമ്രാജ്യങ്ങൾ ഭരണം കൈയാളിയ സുന്ദരമായ ഈ രാജ്യത്തിന്റെ തലസ്ഥാനം മധുരനഗരമായിരുന്നു. ഒന്നാം നൂറ്റാണ്ടിൽ ചോളരാജാക്കൻമാരാണ് മധുര ഭരിച്ചിരുന്നത്. വളരെക്കാലം തുടർന്ന ഈ ഭരണം ആറാംനൂറ്റാണ്ടോടുകൂടി പല്ലവൻമാർ പിടിച്ചടക്കുകയും ഒമ്പതാം നൂറ്റാണ്ടിൽ ചോളന്മാർ മധുര തിരിച്ചുപിടിക്കുന്നതുവരെ അത് തുടരുകയും ചെയ്തു. 13-ാം നൂറ്റാണ്ടിൽ പാണ്ഡ്യ രാജവംശം മധുരയുടെ അധികാരം പിടിച്ചടക്കി. 14-ാം നൂറ്റാണ്ടിൽ മുഗൾഭരണം തെക്കേ ഇന്ത്യയിൽ ശക്തി പ്രാപിക്കുകയും, ഡൽഹി സുൽത്താനേറ്റ് മധുരയിൽ അധികാരം പിടിച്ചെടുക്കുകയും അഹ്‌സൽ ഖാന്റെ നേതൃത്വത്തിൽ മധുര സുൽത്താനേറ്റ് സ്ഥാപിക്കുകയും ചെയ്തു. 1335 മുതൽ 1378 വരെ, നീണ്ട, ഒരു സുൽത്താൻ ഭരണം മധുരയിൽ തുടർന്നു.

**1784-ൽ ടിപ്പു ഡിണ്ടിഗലിന്റെ സുൽത്താനായി. ഇംഗ്ലീഷ് പട്ടാളത്തെ പ്രതിരോധിക്കാൻ ടിപ്പു ഈ കോട്ടയെ വിദഗ്ധമായി ഉപയോഗിച്ചു**

1559- ൽ മൈസൂർ രാജാവ് വൊഡയാർ, മധുര യുദ്ധത്തിലൂടെ പിടിച്ചെടുക്കുകയും, ഹംപി ആസ്ഥാനമാക്കി മധുര രാജ്യത്തെ വിജയനഗര സാമ്രാജ്യത്തിൽ ലയിപ്പിക്കുകയും ചെയ്തു. അക്കാലത്ത് മധുരയിലെ 'നായക' വിഭാഗത്തിലുള്ള ആളുകളെ പടയാളികളും ഭരണാധികാരികളും മറ്റുമായി നിയോഗിച്ചിരുന്നു. വിവിധ നായകൻമാർ പിന്നീട് മധുരയുടെ ഭരണാധികാരികളായി വന്നു. 1602- ൽ മുത്തു കൃഷ്ണപ്പ നായകർ ഭരണം ഏറ്റെടുത്തുകഴിഞ്ഞ് മധുര വളരെയധികം അഭിവൃദ്ധി പ്രാപിച്ചു. അദ്ദേഹമാണ് ഡിണ്ടിഗൽ മലക്കോട്ട നിർമിച്ചത്. പ്രധാനമായും വടക്കുനിന്നുള്ള അതിനിവേശം തടയുകയായിരുന്നു ഉദ്ദേശ്യം. 1646 വരെ ഈ ഭരണം തുടർന്നു.

ഇടക്കാലത്ത് കരം നൽകുന്നതിൽ മധുരനിവാസികൾ വിമുഖത കാണിച്ചു. കൃഷ്ണ ദേവരാജ വൊഡയാർ രണ്ടാമൻ കരം പിരിക്കുന്നതിനായി പലരേയും ചുമതലപ്പെടുത്തിയെങ്കിലും പരാജയപ്പെട്ടു. അവസാനം 1742-ൽ വീര ദളവയായിരുന്ന ഹൈദരാലിയെ ഈ കൃത്യനിർവഹണത്തിനായി നിയോഗിച്ചു. പിന്നീട് രാജാധികാരം ഉപയോഗിച്ച് ഹൈദരാലി മധുരയുടെ ഭരണാധികാരിയായി. ഹൈദരാലിയുടെ മരണത്തോടെ 1788- ൽ, ടിപ്പു ഡിണ്ടിഗലിന്റെ സുൽത്താനായി. ടിപ്പുവിന്റെ ഭരണകാലത്ത് ധാരാളം മാറ്റങ്ങൾ കോട്ടയ്ക്ക് വരുത്തുകയും, ക്ഷേത്രത്തിലെ വിഗ്രഹങ്ങൾ എടുത്തുമാറ്റുകയും ചെയ്തു. ഇംഗ്ലീഷ് പട്ടാളത്തെ പ്രതിരോധിക്കാനായി ടിപ്പു ഈ കോട്ടയെ വിദഗ്ധമായി ഉപയോഗിച്ചു. 1790- ൽ ജയിംസ് സ്റ്റുവർട്ട് എന്ന ബ്രിട്ടീഷ് ആർമി ഓഫീസർ ഡിണ്ടിഗൽ ടിപ്പുവിൽ നിന്ന് പിടിച്ചെടുക്കുകയും 1792-ൽ അവരുടെതായി പ്രഖ്യാപിക്കുകയും ചെയ്തു. ഇത്തരം നിരവധി അക്രമണ, പ്രത്യാക്രമണങ്ങൾക്ക് വിധേയമായി ഇന്ന് ഗാംഭീര്യത്തോടെ ഈ കോട്ട നിലകൊള്ളുന്നു.







കോട്ടയ്ക്കകത്തെ കൊത്തുപണികൾ





കോട്ടയുടെ ഭാഗമായി പണികഴിപ്പിച്ച ജലസംഭരണി

## അഭിരാമി അമ്മൻ കോവിലും കോട്ടമാഹാത്മ്യവും

ശില്പചാതുര്യം നിറഞ്ഞ മനോഹരമായ ദേവീക്ഷേത്രമാണ് പാറയുടെ മകുടത്തിലായുള്ളത്. കിഴക്കോട്ട് ദർശനമായി നിർമിച്ചിരിക്കുന്ന ക്ഷേത്രം അഭിരാമി അമ്മനുവേണ്ടി സമർപ്പിച്ചിരുന്നു. ഇതിന്റെ നിർമിതിക്കായി കാനറ ഗ്രാനൈറ്റ് ശിലകൾ ഉപയോഗിച്ചിരിക്കുന്നതായി കാണാം. മുൻപ് അതൊരു ശിവക്ഷേത്രമായിരുന്നു എന്ന് കരുതപ്പെടുന്നവരുമുണ്ട്. മധുരൈ തമ്പുരനാർക്ക് (പത്മഗിരീശ്വര) മൈസൂർ രാജാവ് സമർപ്പിച്ചതായി കരുതപ്പെടുന്ന കൽത്തൂണുകളും ശിവലിംഗ രൂപങ്ങളും വ്യാളീ മുഖങ്ങളും ഇതിനൊരു തെളിവായി കരുതപ്പെടുന്നു. ശ്രീകോവിലിന് ചുറ്റുമായി ജലാശയ രൂപത്തിലുള്ള താഴ്ന്ന കുഴികൾ കാണാം. അതിന് ചുറ്റിലുമായി കൽമണ്ഡപങ്ങൾ നിർമിച്ചിരിക്കുന്നു. എല്ലാ പൗർണമിദിനത്തിലും ചന്ദ്രദർശനത്തിനായി സജ്ജീകരിച്ചിരുന്ന ഗാലറിയും ഈ കൽമണ്ഡപത്തിൽ ദൃശ്യമാണ്.

ക്ഷേത്രത്തിൽനിന്ന് താഴേക്കുനോക്കുമ്പോൾ തട്ടുകളിലായി രൂപപ്പെടുത്തിയിരിക്കുന്ന ജലസംഭരണികൾ ദൃശ്യമാവും. പാറയിൽ ലഭിക്കുന്ന ഓരോ തുള്ളി ജലവും പാഴാക്കാതെ ചാലുകളുണ്ടാക്കി ജല സംഭരണികളിൽ നിറച്ചിരുന്നു. ഈ ജലം കോട്ടയുടെയും ക്ഷേത്രത്തിന്റെയും ആവശ്യങ്ങൾക്ക് ധാരാളമായിരുന്നു. കോട്ടയുടെ മൂന്ന് വശങ്ങളിലും വെടിയുണ്ടകൾ നിറച്ച പീരങ്കികൾ സ്ഥാപിച്ചിട്ടുണ്ട്. കോട്ടയുടെ ചുറ്റളവ് 2.75 കിലോമീറ്ററാണ്. വെടിയുണ്ടകളെ പ്രതിരോധിക്കത്തക്കവിധത്തിൽ നിർമിച്ച ഇരട്ട ഭിത്തികളാണ് കോട്ടയ്ക്കുള്ളത്. ധാരാളം രഹസ്യ അറകളുള്ള കോട്ടയിൽ മൊത്തം 48 മുറികളാണുള്ളത്. ആയുധപ്പുര, വിശാലമായ പാചകപ്പുര, അടിയന്തര മീറ്റിങ്ങുകൾക്കുള്ള കോൺഫറൻസ് ഹാൾ, കുതിരാലയങ്ങൾ മുതലായവ കോട്ടയിലുണ്ട്. നിർണായക ഘട്ടങ്ങളിൽ ഭടൻമാർക്ക് രക്ഷപ്പെടാനായി നിർമിച്ച കട്ടികുറഞ്ഞ രഹസ്യഭിത്തികളും കോട്ടയുടെ സവിശേഷതയാണ്. ജനലുകളില്ലാത്ത മുറികൾക്ക് വായുസഞ്ചാരത്തിനായി മേൽക്കൂരയിൽ പ്രത്യേകം സുഷിര വെന്റിലേഷനുകൾ നിർമിച്ചിരുന്നു. മഴവെള്ളം എളുപ്പത്തിൽ ഒലിച്ചു പോകത്തക്കവിധം ചെരിഞ്ഞ മേൽക്കൂരകളാണ് കോട്ടമുറികൾക്കുള്ളത്.

ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലുള്ള ഇവിടേക്ക് 25 രൂപയാണ് പ്രവേശന ഫീസ്. വളരെ മഹത്തായ ചരിത്രവും കൽനിർമികളുടെ നവ്യമായ കാഴ്ചകളും താഴെ പച്ചവിരിച്ച തമിഴക താഴ്വരയുടെ മനോഹാരിതയുമാണ് ഇവിടം നമുക്ക് സമ്മാനിക്കുന്നത്.




# മാരിവിൽ മയിലഴക്

മാരിവില്ലഴകോലും ആൺമയിലുകൾ;
അവരുടെ കാമിനിമാർ,
കാട്ടുപച്ചയിൽ തെളിയുന്ന മയൂരദർശനം...



**Azeez Mahe**




**The peacock, with its dazzling iridescent plumage and ecstatic courtship dance has stirred Indian imagination from time immemorial. Peacock feathers adorn the crest of Lord Krishna. Peacock is the vehicle of Karthikeya, the god of war. Classical literature is full of stories and poems about this magnificent avian. The loveliness of our National Bird in all its regal splendour is captured by veteran photographer Azeez Mahe in unforgettable pictures**

പ്രപഞ്ചസ്രഷ്ടാവ് മഴവില്ലഴക് ചാലിച്ചെഴുതിയ മയിലുകളെ കാണുമ്പോൾ, ക്ഷണികവേഗത്തിൽ മാഞ്ഞുപോകുന്ന മാരിവിൽച്ചന്തം മൂർത്തരൂപത്തിൽ പുനഃസൃഷ്ടിച്ച് വിശ്വൈകശില്പി കൃതാർഥനായതാണോ എന്ന് തോന്നാം.

ഒരു വനചാരിയുടെ ഭ്രമകല്പനയായി തോന്നാവുന്ന ഈ വാക്കുകൾ കാട്ടുപച്ചയിൽ വിരിയുന്ന മയൂരനൃത്തത്തിന് ഒരിക്കലെങ്കിലും സാക്ഷ്യപ്പെടാൻ ഭാഗ്യമുണ്ടായാൽ യാഥാർഥ്യമാണെന്നു ബോധ്യപ്പെടും.

അകലാകാശങ്ങളിൽ മഴമേഘങ്ങൾ തെളിയുമ്പോൾ ആണുടലിന്റെ ആകാരപ്പൊലിമയും പ്രൗഢിയും അനാവരണംചെയ്യുന്ന നൃത്തം ആരംഭിക്കുകയായി. ആദ്യം ഉയർന്നുകേൾക്കുക തന്റെ പ്രജനനസന്നദ്ധത ഇണയെവിളിച്ചറിയിക്കുന്ന ഉച്ചത്തിലുള്ള ശബ്ദങ്ങളാണ് (Mating call). അതുകേൾക്കെ അടുത്തെത്തുന്ന പെൺമയിലിണയ്ക്കുമുമ്പാകെ മയൂരനൃത്തം ഇതൾവിരിയുന്നു. ആൺമയിലിന്റെ വാലിനോടു ചേർന്നുവളരുന്ന ദീർഘമായ പീലികൾ നിരന്തരം ചലിപ്പിച്ച്, ചെറുതായൊന്ന് വട്ടംകറങ്ങിയശേഷം പീലികൾ പതുക്കെ വിടർത്തുന്നു. പിന്നീട് പീലികൾ നിരന്തരം വിറപ്പിച്ചും ചലിപ്പിച്ചും ചെറുനൃത്തച്ചുവടുകളായി നിമിഷങ്ങൾക്കുള്ളിൽ വർണപ്പൊലിമയാകെ അനാവരണംചെയ്തുകൊണ്ടുള്ള, മോഹിപ്പിക്കുന്ന മയൂരനൃത്തം. മുന്നോട്ടും പിന്നോട്ടും താളത്തിൽ ചലിച്ചും ഒറ്റക്കാലിൽ നിശ്ചലമായും തന്റെ പീലിയഴകും പീലിക്കണ്ണുകളുടെ ക്രമീകരണവും ലോഹച്ഛവിയാർന്ന നീലയും പച്ചയും മേളിച്ച വർണക്കാഴ്ചയും ഇണയെ ബോധ്യപ്പെടുത്തുംവിധം വട്ടംകറങ്ങിയും ദീർഘമായ കഴുത്ത് തുടരെ ചലിപ്പിച്ചും സ്വയം സംതൃപ്തനായശേഷം, മെല്ലെ താളക്രമത്തിൽ പീലിയൊതുക്കി ശരീരമാകെ കുടഞ്ഞ് സ്വസ്ഥനാകുന്നു.

പറമ്പിക്കുളത്തും നെല്ലിയാമ്പതിയിലും വാൽപ്പാറയിലും മുത്തങ്ങയിലും മുതുമലയിലും നാഗർഹോളയിലും ബന്ദിപ്പൂരും മസിനഗുഡിയിലുമെല്ലാം വഴിയോരക്കാഴ്ചകളിൽ ഒപ്പം കൂടുന്ന ചങ്ങാതിക്കൂട്ടങ്ങളാണ് മയിലുകൾ. മനുഷ്യരോട് പെട്ടെന്ന് ചങ്ങാത്തംകൂടുന്നവർ. നന്നേ പ്രഭാതത്തിലും സായാഹ്നങ്ങളിലും ചിക്കിച്ചികഞ്ഞും കൊത്തിപ്പെറുക്കിയും പുൽപ്പരപ്പിൽനിന്നും അടിക്കാടുകൾക്കിടയിൽനിന്നും ഇടയ്ക്കിടെ തലനീട്ടിയും വനചാരികളെ ശ്രദ്ധിച്ചും നീങ്ങുന്ന മയൂരദർശനംതന്നെ ആഹ്ലാദകരമാണ്. ഇടയ്ക്ക് ചാഞ്ഞ മരക്കൊമ്പുകളിലോ കാടിടങ്ങളിലെ പഴയ നിർമിതികളുടെ അവശിഷ്ടങ്ങളിലോ പറന്നിരുന്ന് നീണ്ട കഴുത്തുനീട്ടി പലഭാഗത്തേക്കും ചാഞ്ഞും ചരിഞ്ഞും നോട്ടമിട്ടും വാലും ചിറകും ഒതുക്കിയും വിടർത്തിയും ഇടയ്ക്ക് തൂവൽചികഞ്ഞും വിശ്രമിക്കുന്നതും കാണാം. വെയിൽ കനക്കുന്നതോടെ കാടിടങ്ങളുടെ തുറസ്സുവിട്ട് ഇവ ഉൾക്കാടിന്റെ തണലിലേക്ക് ചേക്കേറുന്നു. മിശ്രഭോജികളായ ഇവർ ഇലകളും പൂവുകളും വിത്തുകളും പാറ്റകളും ഉഭയജീവികളും ഉരഗങ്ങളുമുൾപ്പെടെ തിരിച്ചുകടിക്കാത്ത എന്തിനെയും






ഭക്ഷണമാക്കുന്നവരാണ്.

പെണ്ണിനെയപേക്ഷിച്ച് ചാരുതയേറിയവരാണ് ആൺമയിലുകൾ. അതിന് പ്രധാനകാരണം അവയുടെ പീലിയഴകുതന്നെ. നീലയും പച്ചയും ചാരനിറവും കലർന്ന പെൺമയിലുകൾക്ക് ആണിനെപ്പോലെ ശിരസ്സിൽ പീലിത്തൊങ്ങലുണ്ടെങ്കിലും പീലികളുടെ അഭാവം അവരുടെ ചന്തത്തെ ബാധിക്കുന്നു. ആണിന്റെ പീലിയഴക് അവരുടെ അതിജീവനസമർഥതയുമായി ചേർന്നുനിൽക്കുന്നതാണ്. പഴയകാല കണ്ടെത്തൽ പ്രകാരം ഇണയെ ആകർഷിക്കാനുള്ള ആണനുഗ്രഹമാണ് വർണപ്പീലികൾ. എന്നാൽ പുതിയ ഹാൻഡിക്യാപ് തിയറി പ്രകാരം അതിജീവനത്തിനായി ആൺമയിലുകളെയും അതോടൊപ്പം സ്വന്തം വംശത്തെയും പ്രാപ്തമാക്കുന്ന അംഗലാവണ്യമാണ് മയിൽപ്പീലികൾ. ഇടതൂർന്ന് ഭാരമേറിയ പീലികൾ ചുമന്ന് അതിജീവനപ്രാപ്തി നേടാൻ തികഞ്ഞ ശാരീരികക്ഷമതയുള്ള ആണിനേ സാധ്യമാവൂ. അങ്ങനെ ശാരീരികക്ഷമതയുള്ള ആണൊത്തുള്ള



ഇണയെ കാത്ത്

ചിറകടിച്ചുയർന്ന്



പ്രജനനപ്രക്രിയയിലേ പെൺമയിലുകൾ താത്പര്യം കാണിക്കുക പതിവുള്ളൂ. ആൺമയിൽ നൃത്തമാടുമ്പോൾ പീലികളുടെ വിന്യാസവും ആലേഖനം ചെയ്യപ്പെട്ട പീലിക്കണ്ണുകളുടെ ക്രമീകരണവും ഭംഗിയുംവരെ ശ്രദ്ധിച്ചാണ് പെൺമയിലുകൾ ഇണയെ തിരഞ്ഞെടുക്കുന്നത്! ഇത്തരത്തിലുള്ള തിരഞ്ഞെടുപ്പ് കൂടുതൽ ആരോഗ്യവും അംഗലാവണ്യവും തികഞ്ഞ പുതിയ തലമുറയുടെ പിറവിക്ക് കാരണമാവുന്നു.

പലപ്പോഴും ഉയർന്ന വൃക്ഷശാഖകളിലുംമറ്റും ചിറകൊതുക്കി വിശ്രമിക്കുന്ന ഇക്കൂട്ടർ മറ്റുപല പക്ഷികളെയുംപോലെ വൃക്ഷശാഖകളിൽ കൂടുവെക്കുന്നതിനുപകരം മണ്ണിൽ മുട്ടകൾ നിക്ഷേപിച്ച് അടയിരുന്ന് വിരിയിക്കുന്നവരാണ്. കുഞ്ഞുങ്ങൾ പൊതുവെ ചാരനിറത്തിന്റെ ആധിക്യമുള്ള മഞ്ഞയും നീലയും കലർന്ന തൂവലുകളോടുകൂടിയവയാണ്. വളർച്ചമുറ്റുംവരെ അമ്മയുടെ ചിറകിനടിയിൽ ക്കഴിയുന്ന മക്കളെ ശത്രുക്കളിൽനിന്നു സംരക്ഷിക്കാനായി ചിറകുവിരിക്കുന്നതും ശക്തമായ ചുണ്ടുകളും കൂർത്ത നഖങ്ങളോടുകൂടിയ പാദങ്ങളുമുപയോഗിച്ച് ശത്രുവിനെ നേരിടുന്നതും കണ്ടിട്ടുണ്ട്. കിന്നരിപ്പരുന്തും ചുട്ടിപ്പരുന്തുമുൾപ്പെടുന്ന ഇരപിടിയന്മാരാണ് പൊതുവെ കുഞ്ഞുങ്ങളെ വേട്ടയാടാനെത്തുക.

**ആൺമയിലുകളുടെ പീലികളുടെ വിന്യാസവും ഭംഗിയും ശ്രദ്ധിച്ചാണ് പെൺമയിലുകൾ ഇണകളെ തിരഞ്ഞെടുക്കുന്നത്**

മുത്തങ്ങയിലെയും മുതുമലയിലെയും ബന്ദിപ്പൂരിലെയുമെല്ലാം കാടകങ്ങളിൽ മയിലമ്മയും മക്കളും ചെറുപ്രാണികളെ തിരഞ്ഞ് കൊത്തിപ്പെറുക്കിനീങ്ങുന്ന



ത് പതിവുകാഴ്ചയാണ്.

മഴക്കാടുകളിലോ നിത്യഹരിതവനങ്ങളിലോ അധികം കാണപ്പെടാത്ത മയിലുകൾ വരണ്ട കാലാവസ്ഥ ഇഷ്ടപ്പെടുന്നവരാണ്. ഇന്നു പൊതുവെ കാടുകളിൽ നിന്ന് പച്ചപ്പൊഴിഞ്ഞുപോകുന്ന കാലാവസ്ഥയിൽ മിക്കവാറും എല്ലാ ഇന്ത്യൻ വനമേഖലകളിലും മയിലുകളെ കാണാം.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിലും ദക്ഷിണേഷ്യൻ രാജ്യങ്ങളിലും ആഫ്രിക്കയിലെ കോംഗോതീരങ്ങളിലുമാണ് മയിലുകളുടെ സാന്നിധ്യം രേഖപ്പെടുത്തിയിട്ടുള്ളത്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ മയിലുകളുടെ തൂവലുകളിലും പീലികളിലുമെല്ലാം നീലവർണത്തിന്റെ ആധിക്യവും ദക്ഷിണേഷ്യൻ വംശജരിൽ പച്ചനിറത്തിന്റെ ആധിക്യവുമാണ് കാണുക.

ഇണകളെ ആകർഷിക്കാനോ സ്വന്തമാക്കാനോ വേണ്ടിയുള്ള മയിൽപ്പോരുകൾ അപൂർവമെങ്കിലും പോരാട്ടവീര്യം ശക്തമാണ്. മധ്യപ്രദേശിലെ പെഞ്ച് വനഭൂമിയിലൂടെയുള്ള യാത്രയിൽ ആൺമയിലുകൾ തമ്മിലുള്ള പോരാട്ടം കണ്ടിട്ടുണ്ട്. കൊക്കുകളും കാലുകളുമുപയോഗിച്ച്, വായുവിൽ പറന്നുയർന്നുള്ള കൊത്തിക്കീറലുകൾ ഒരാൾ തോറ്റുപിന്മാറുംവരെ തുടർന്നു. പൊതുവെ ഇത്തരം പോരുകൾ, പോരാളികളിലൊരാൾ മരിച്ചുവീഴുംവരെയോ പിൻവാങ്ങുംവരെയോ തുടരും. ഇതിനെല്ലാം സാക്ഷിയായ പിടതനിക്കുവേണ്ടിയുള്ള ആൺപോര് നിസ്സംഗയായി നോക്കിനിൽക്കുന്നുമുണ്ടാവും. ചിലപ്പോഴെല്ലാം പെൺകൂട്ടങ്ങൾ തമ്മിൽ, ആണിനെ നേടിയെടുക്കാനുള്ള പോരുണ്ടാവാറുണ്ടെങ്കിലും അത്തരം പോരുകൾ ആൺപോരുകളുടെ തീക്ഷ്ണതയോളം വളരാറില്ല.

പറവഗണത്തിൽപ്പെട്ട മയിലുകൾ ദീർഘദൂരം പറക്കാൻ കഴിവുള്ളവരോ തത്പരരോ



VIEW POINT

Tips

## മയിലുകളെ ചിത്രപ്പെടുത്തുമ്പോൾ

1. ക്യാമറ അപ്പർച്ചർ/ഷട്ടർ പ്രിയോറിറ്റിയിൽ കണ്ടിന്യൂവസ് എ.എഫ്., ഹൈസ്പീഡ് മോഡിൽ ക്രമീകരിക്കുന്നത് ഉത്തമം.
2. മയൂരനൃത്തം പകർത്തുമ്പോൾ പശ്ചാത്തലഭംഗികൂടി ഉൾച്ചേർക്കാൻ 100 mm, 300 mm ലെൻസുകൾ അഭികാമ്യം.
3. മയൂരനൃത്തം പകർത്തുമ്പോൾ മയിലിന്റെ ഭംഗിയും പീലിക്കണ്ണുകളും വ്യക്തമായി തെളിയാൻ ഡെപ്ത് ഓഫ് ഫീൽഡ് ക്രമീകരണമാവാം. അപ്പർച്ചർ 5.6–8എൽ ക്രമീകരിക്കുന്നത് നന്നാവും.
4. വെളിച്ചത്തിന്റെ കൃത്യമായ ലഭ്യത അളക്കാനും ചിത്രവ്യക്തതയ്ക്കും സിംഗിൾ പോയിന്റ് ഫോക്കസ് മോഡും സ്പോട്ട് മീറ്ററിങ്ങും സ്വീകരിക്കാം.
5. മഴക്കാലത്ത് വനനിബിഡതയിൽ ചേക്കേറുന്ന മയിലുകളുടെ ചിത്രങ്ങൾ പകർത്തേണ്ടിവരുന്ന ഘട്ടങ്ങളിൽ ഷട്ടർ സ്പീഡ് പരീക്ഷണങ്ങൾ പെയിന്റിങ്ങിന് തുല്യമായ ചിത്രങ്ങൾ സമ്മാനിക്കും.
6. പറക്കുന്ന മുഹൂർത്തങ്ങൾ ക്യാമറ ഫോക്കസ് ട്രാക്കിങ് മോഡിൽ ക്രമീകരിച്ച് തുടർച്ചയായ ഹൈസ്പീഡ് മോഡിൽ പകർത്താം.
7. പക്ഷിയുടെ കണ്ണിലെ ക്യാച്ച് ലൈറ്റ് ഒപ്പിയെടുക്കുംവിധം കണ്ണിലേക്ക് ഫോക്കസ് ചെയ്ത് ചിത്രങ്ങൾ പകർത്താം.

---

**Camera Specification:** Canon IDX, Canon 7D 150-600 mm Sports. Mark II, Lense 100-400L USM || Canon Sigma




കുഞ്ഞുങ്ങളുമൊത്ത് അമ്മ മയിൽ



ആയി കണ്ടിട്ടില്ല. ഒരു വനവൃക്ഷത്തിൽനിന്നു തൊട്ടടുത്ത വൃക്ഷത്തിലേക്കോ വനപാതകൾക്ക് കുറുകെയോ പറക്കുന്ന കാഴ്ചകൾതന്നെ കൗതുകകരമാണ്. ചിലപ്പോൾ ഇവർ ലംബതലത്തിൽ ഉയർന്നുപറക്കുന്നതായും കാണാം. പീലികളുടെ വിന്യാസഭംഗിയും ജ്യാമിതീയക്രമവും വർണമേളനവുമെല്ലാം വായിച്ചെടുക്കാവുന്ന അപൂർവസുന്ദരമുഹൂർത്തങ്ങളാവും അവ. രംഗനതിട്ടു പക്ഷിസങ്കേതത്തിൽ കാവേരിയുടെ കൈവഴികളിലൊന്നായ വലിയ നദിക്കു കുറുകെ പറന്ന് മറുതീരമണയുന്ന മയിൽക്കാഴ്ചയാണ് പറക്കുംമയിലായി ത്രസിപ്പിച്ചത്.

വിത്തുവിതരണത്തിൽ പ്രധാന പങ്കുവഹിക്കുന്ന ഇവർ, ഇരപിടിയന്മാരിറങ്ങുമ്പോൾ സഹജീവികൾക്ക് അലാം കോളിലൂടെ മുന്നറിയിപ്പുനൽകുന്നതിലും മിടുക്കരാണ്. പ്രജനനകാലമാവുമ്പോഴുള്ള ഇവരുടെ കരച്ചിൽ പലപ്പോഴും വനചാരികൾ അലാംകോളായി തെറ്റിദ്ധരിക്കാറുമുണ്ട്.

ഇവ്വിധം വനപ്രകൃതിയുടെ ലാവണ്യമായ മയിലുകൾ ഭാരതീയരുടെ സാംസ്കാരികജീവിതവുമായി ഇഴചേർന്നുനിൽക്കുന്ന, നമ്മുടെ ദേശീയപക്ഷിയാണ്.

**ഇണയ്ക്കായുള്ള ആൺമയിലുകളുടെ പോരുകൾ, ഒരാൾ മരിച്ചുവീഴുംവരെയോ പിൻവാങ്ങുംവരെയോ തുടരും. പിട തനിക്കുവേണ്ടിയുള്ള ആൺപോര് നിസ്സംഗയായി നോക്കി നിൽക്കുന്നുമുണ്ടാവും**

നമ്മുടെ പുരാണങ്ങളിലും പഴങ്കഥകളിലും കാവ്യങ്ങളിലുമെല്ലാം മയിൽസാന്നിധ്യം പ്രബലമാണ്. സുബ്രഹ്മണ്യന്റെ വാഹനമായും കൃഷ്ണന്റെ ചുരുൾമുടിച്ചാർത്തിലെ പീലിയഴകായും മയൂരനൃത്തമായും മയൂരസിംഹാസനമായും മയൂരസന്ദേശമായും മയൂരാസനമായും മയിലാട്ടമായും പഞ്ചനക്ഷത്രത്തിളക്കമുള്ള വ്യാപാരമുദ്രകളായും ഡിസൈൻ -പരസ്യ രംഗത്തെ ഇതിവൃത്തമായുമെല്ലാം ഓർമകളിലും വർത്തമാനങ്ങളിലുമെല്ലാം നിത്യസാന്നിധ്യമായി നിറഞ്ഞുനിൽക്കുന്ന മയിലുകളോട് പഴയകാല മയിലെണ്ണവിൽപ്പനക്കാരന്റെ സ്നേഹരാഹിത്യത്തോടെയാണ് നമ്മുടെ സമീപനം പലപ്പോഴും!



Madanan

# ചരിത്രസ്മൃതിയുടെ മിനാരങ്ങൾ



**1921-ലെ ഖിലാഫത്ത് സമരവുമായി ഇഴചേർന്ന് കിടക്കുന്നതാണ് തിരൂരങ്ങാടി വലിയ ജുമാ അത്ത് പള്ളിയുടെ ചരിത്രം**

ചരിത്രം ഒരു മഹാപ്രവാഹമാണ്. കടലുണ്ടിപ്പുഴയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന ആരാധനാലയത്തിനടുത്തെത്തുമ്പോൾ കാണുന്ന മനോഹരമായ മിനാരങ്ങൾ ആ പ്രവാഹത്തിന്റെ ഭാഗംതന്നെയാണ്- തിരൂരങ്ങാടി വലിയ ജുമാഅത്ത് പള്ളി. മലപ്പുറം ജില്ലയിലെ പ്രധാന ആരാധനാലയങ്ങളിൽ ഒന്നാണിത്. 2011-ൽ പുതുക്കിപ്പണിയും മുൻപ് മരവും ഓടും കൊണ്ട് പണിത കെട്ടിടമായിരുന്നു ഇവിടെയുണ്ടായിരുന്നത്. മാതൃഭൂമി മലപ്പുറം എഡിഷനുവേണ്ടി 2000-ൽ ജില്ലയിലെ പ്രധാനപ്പെട്ട സ്ഥലങ്ങൾ സ്കെച്ച് ചെയ്തപ്പോൾ തിരൂരങ്ങാടി പള്ളിയും വരച്ചിരുന്നു. ദേശീയപാതയിൽ കക്കാടിനടുത്തുള്ള ചെമ്മാട് നിന്ന് ഒരു കിലോമീറ്റർ ദൂരമേയുള്ളൂ ഇവിടേക്ക്.

1921-ലെ ഖിലാഫത്ത് സമരവുമായി ഇഴ ചേർന്നുനിൽക്കുന്നു പള്ളിയുടെ ചരിത്രം. സമരത്തിന്റെ പ്രമുഖ നേതാക്കളിലൊരാളായിരുന്ന ആലി മുസല്യാരുടെ പ്രവർത്തനകേന്ദ്രമായിരുന്നു വലിയ ജുമാഅത്ത് പള്ളി.

ലോക സഞ്ചാരിയായിരുന്ന ഇബ്നുബത്തൂത്ത തന്റെ ദക്ഷിണേന്ത്യൻ യാത്രാവിവരണത്തിൽ തിരൂരങ്ങാടിയിലെ പള്ളിയിലെത്തിയത് വർണിക്കുന്നുണ്ട്. മമ്പുറം സയ്യിദ് അലവി തങ്ങൾ (മമ്പുറം തങ്ങൾ) അന്ത്യവിശ്രമംകൊള്ളുന്ന മമ്പുറം മഖാമും ഇതിനടുത്താണ്. ദക്ഷിണേന്ത്യയിലെ പ്രമുഖ തീർഥാടനകേന്ദ്രങ്ങളിലൊന്നാണ് മമ്പുറം മഖാം.



K R Vinayan





# നേതാജിയുടെ മുറി

കൊൽക്കത്തയിലെ ഭൊവാനിപുരിലെ ലാലാ ലജ്പത് റായ് തെരുവിലാണ് നേതാജിയുടെ പ്രസിദ്ധമായ പാരമ്പര്യഗൃഹം. ഇപ്പോഴത് പൊതുജനങ്ങൾക്ക് സന്ദർശിക്കാനുള്ള മ്യൂസിയമാക്കി രൂപാന്തരപ്പെടുത്തി.

ഒരുതവണ അവിടെയെത്തിയപ്പോൾ പ്രവേശനസമയം കഴിഞ്ഞിരുന്നു. നഗരത്തിലെ തെരുവുകളുടെയും ആൾക്കൂട്ടങ്ങളുടെയും ചിത്രങ്ങളെടുത്ത് വഴിതെറ്റി ഞാൻ എത്തിച്ചേർന്നത് നാഷണൽ ലൈബ്രറിയുടെ മുന്നിലായിരുന്നു. ലൈബ്രറിയുടെ സാരഥി പ്രശസ്തനായ മലയാളി കൊച്ചുകോശിയാണ്. ഞാൻ കൊച്ചുകോശി സാറിന്റെ മുറിയിൽ കയറിച്ചെന്നു. നേതാജിയുടെ ഭവനം സന്ദർശിക്കാൻ പോയതിനെപ്പറ്റിയും സമയം കഴിഞ്ഞതിനാൽ തിരികെ പോരേണ്ടിവന്നതിനെപ്പറ്റിയും പറഞ്ഞു. പിറ്റേന്നുകാലത്ത് പതിനൊന്നുമണിക്ക് വന്നാൽ സാറും എന്റെകൂടെ വരാമെന്ന് സമ്മതിച്ചു. ഞങ്ങളൊരുമിച്ച് പിറ്റേന്ന് ഉച്ചയ്ക്കുമുമ്പുതന്നെ നേതാജിയുടെ ഭവനമ്യൂസിയത്തിലെത്തി. സാറ് മൊബൈൽ ഫോണും ക്യാമറയും സെക്യൂരിറ്റിയുടെ അലമാരയിൽ വെക്കാനായി ആജ്ഞ തന്നു. ഫോണും ക്യാമറാബാഗും അവിടെ ഏൽപ്പിച്ചുവെങ്കിലും, ക്യാമറ ജീൻസിനുള്ളിലെ കള്ള അറയിൽ ഒളിപ്പിച്ചുവെച്ചു. കോവണി കയറി, നേതാജി ഭാരതത്തിൽ നിന്ന് ആരോരുമറിയാതെ ഒളിച്ചു കടന്നതിന്റെ തലേന്നുരാത്രിവരെ ഉപയോഗിച്ചിരുന്ന കിടപ്പുമുറിയിലെത്തി. ഞങ്ങൾ രണ്ടുപേരും ചില്ലുജാലകത്തിലൂടെ അതിനുള്ളിലേക്ക് നോക്കിക്കൊണ്ടുനിൽക്കുമ്പോഴാണ്, കോശിസാറിനെത്തിരക്കി ഒരാൾ കോവണികയറി വന്നത്. സാറ് എന്നെ അവിടെ നിർത്തി അദ്ദേഹത്തോടൊപ്പം താഴേക്കിറങ്ങിപ്പോയി.

ഈ അപൂർവനിമിഷം ഞാൻ പാഴാക്കിയില്ല. ക്യാമറ പുറത്തെടുക്കുകയും വേഗത്തിൽ കുറേ ചിത്രങ്ങൾ ക്ലിക്ക് ചെയ്തെടുക്കുകയും ചെയ്തു. ഷൂട്ട് തീർത്ത് ക്യാമറ ഭദ്രമായിത്തന്നെ പഴയ സ്ഥാനത്തുവെച്ച് ഞാനും കോവണിയിറങ്ങി താഴെയെത്തി. കോശി സാർ അപ്പോഴും ഓഫീസുമുറിയിലിരുന്ന് ഏതോ വിശിഷ്ടസന്ദർശകയോട് സംസാരിച്ചുനിൽക്കുകയായിരുന്നു.

പുറത്തിറങ്ങിയതിനുശേഷം ഞങ്ങൾ ഒരു ഹോട്ടലിലിരുന്ന് കാപ്പികുടിക്കുന്നതിന്നിടയിൽ അബദ്ധവശാൽ അകത്ത് ചിത്രങ്ങളെടുത്ത വിവരം കോശി സാറിനോട് പറഞ്ഞുപോയി. കാപ്പിക്കോപ്പ മാറ്റിവെച്ച് അദ്ദേഹം എന്നെ ശകാരിച്ചു. ഒരുടമ്പടിക്കും തയ്യാറല്ല, ചിത്രങ്ങൾ ഉടനെ ഡിലീറ്റ് ചെയ്യണമെന്നും ആവശ്യപ്പെട്ടു. ഞാൻ അന്നത് പൂർണമായും ഡിലീറ്റ് ചെയ്യാത്തതുകൊണ്ട്, എന്റെ പ്രിയപ്പെട്ട കോശി സാറിന് സമർപ്പണത്തോടെ, വർഷങ്ങൾ കഴിഞ്ഞ് ഇപ്പോൾ ഇവിടെ ഉപയോഗിക്കുന്നു.



Printed and Published by P.V. Chandran for The Mathrubhumi Printing & Publishing Company Limited, Kozhikode. Printed and Published from The Mathrubhumi M.M. Press, Cherooty Road, Kozhikode - 673 001. Executive Editor-Periodicals & Digital: O.R. Ramachandran (Responsible for selection of contents under PRB Act).

# മലയാളത്തിലെ No.1
# ഫിലിം – ഫാഷൻ – ലൈഫ് സ്റ്റൈൽ മാഗസിൻ




**Mathrubhumi Star&Style**
Film, Fashion & Life Style Magazine

മാതൃഭൂമി സ്റ്റാർ & സ്റ്റൈൽ ഓൺലൈനിൽ സബ്സ്ക്രൈബ് ചെയ്യുന്നതിനായി www.mathrubhumi.com/subscription സന്ദർശിക്കുക. അല്ലെങ്കിൽ QR കോഡ് സ്കാൻ ചെയ്യുക.

സ്കാൻ ചെയ്യൂ വരിക്കാരാകൂ

## ഞാൻ മാതൃഭൂമി സ്റ്റാർ & സ്റ്റൈലിന്റെ തപാൽ വരിക്കാരനാകാൻ ആഗ്രഹിക്കുന്നു

ഏതെങ്കിലും ഒരു പ്ലാൻ തിരഞ്ഞെടുത്ത് ☑ ടിക്ക് ചെയ്യുക.

| കാലാവധി | ലക്കങ്ങളുടെ എണ്ണം | യഥാർത്ഥ വില | നിങ്ങൾ അടക്കേണ്ട തുക | ലാഭം |
|---|---|---|---|---|
| ☐ 1 വർഷം (രജിസ്റ്റേർഡ് പോസ്റ്റിൽ ലഭിക്കുന്നതിനായി) | 12 | ₹600 | ₹535* | ₹65 |
| ☐ 1 വർഷം (ഓർഡിനറി പോസ്റ്റിൽ ലഭിക്കുന്നതിനായി) | 12 | ₹600 | ₹480* | ₹120 |
| ☐ 6 മാസം (ഓർഡിനറി പോസ്റ്റിൽ ലഭിക്കുന്നതിനായി) | 6 | ₹300 | ₹300* | - |

*പോസ്റ്റൽ ചാർജ് ഉൾപ്പെടെ

പേര്: ശ്രീ./ശ്രീമതി ..........

ജനന തീയതി: .......... ഇപ്പോഴത്തെ സബ്സ്ക്രിപ്ഷൻ നമ്പർ (നിലവിലുള്ള വരിക്കാർ മാത്രം പൂരിപ്പിക്കുക): ..........

വിലാസം: ..........

..........

പോസ്റ്റ് ഓഫീസ്: .......... സ്ഥലം/ജില്ല: ..........

സംസ്ഥാനം: .......... പിൻകോഡ്*: ☐☐☐☐☐☐ ഫോൺ*: ..........

ഇ–മെയിൽ: ☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐☐

*ഫോൺ നമ്പർ, പിൻകോഡ് എന്നിവ നിർബന്ധം

**You can make payment through any one of the following modes**

A. Cheque**/DD No.: .......... Dated: ..........for ₹..........

Bank Name: ..........

**Cheque/DD shall be drawn in favour of 'The Mathrubhumi Printing and Publishing Company Ltd', payable at Calicut.

B. NEFT/Online Payments: All Payments through NEFT/Online to be made in favour of 'The Mathrubhumi Printing and Publishing Company Ltd'.

Account No: 57024066086 | IFSC Code: SBIN0070188 | Amount: Rs. ..........UTR Number: .......... (essential)

C. Money Order Number and Date: ..........

മണി ഓർഡർ മാതൃഭൂമിയുടെ പേരിൽ സ്വീകരിക്കുന്നതാണ്.

മാതൃഭൂമി സ്റ്റാർ & സ്റ്റൈലിന്റെ സബ്സ്ക്രിപ്ഷൻ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനായി മുകളിൽ നൽകിയിട്ടുള്ള ഇ–മെയിൽ ഐ.ഡി./ഫോൺ നമ്പറിലേക്ക് ബന്ധപ്പെടുന്നതിന് എനിക്ക് സമ്മതമാണ്. ഇ–മെയിൽ ഐ.ഡി./ഫോൺ നമ്പർ എന്നിവയിൽ എന്തെങ്കിലും മാറ്റമുണ്ടാവുകയാണെങ്കിൽ അറിയിക്കുന്നതായിരിക്കും. ☐ Yes ☐ No

---

ഓഫറുകൾ ഇന്ത്യയിൽ മാത്രമായിരിക്കും, ഓഫർ പരിമിതകാലത്തേക്ക് മാത്രം, **നിബന്ധനകൾക്ക് വിധേയം, ക്യാഷ് ആയി അയക്കരുത്, നോൺ MICR/നോൺ CTS ചെക്കുകൾ സ്വീകരിക്കില്ല,** കോപ്പികൾ ഓർഡിനറി പോസ്റ്റ് ആയിട്ടായിരിക്കും അയക്കുക, സമ്മാനങ്ങൾ തപാൽ കോപ്പികളോടൊപ്പം അയക്കുന്നതല്ല. നിബന്ധനകളെ കുറിച്ച് കൂടുതലറിയുവാൻ **www.mathrubhumi.com/subscription** എന്ന വെബ്സൈറ്റ് സന്ദർശിക്കുക, സബ്സ്ക്രിപ്ഷൻ സംബന്ധിച്ച എല്ലാ വിവരങ്ങൾക്കുമായി **subscription@mpp.co.in** ലേക്ക് ഇ–മെയിൽ ചെയ്യുക, അല്ലെങ്കിൽ **0495 2362598/2362650** എന്ന നമ്പറിലേക്ക് വിളിക്കുക. ഞായറാഴ്ചയും പൊതു അവധിയും ഒഴികെ, തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ രാവിലെ **10** മണി മുതൽ വൈകുന്നേരം **5** മണി വരെ വിളിക്കാം.

---

അയക്കേണ്ട വിലാസം: The Assistant General Manager- Circulation, Mathrubhumi, K P Kesavamenon Road, Kozhikode - 673001

RNI No: KERMAL/2008/27569
Licenced to post without prepayment

Registered No. KL/CT/209/2018-20
KL/PMG/NR/WPP/73/KKD/2018-2020

**Mathrubhumi Yathra**
01/08/ 2020 Price ₹ 60




പൊതുജന താൽപര്യാർത്ഥം :

**കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി**

ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം 695033

Tel :0471- 2331345, 2331645 Fax : 0471- 2364424, Toll free - 1079
Website : www.sdma.kerala.gov.in, Email : keralasdma@gmail.com